കേരള സാഹിത്യ അക്കാദമി പ്രസിദ്ധീകരണം

# സാഹിത്യ ചക്രവാളം

ഏപ്രിൽ 2010
വില 5 രൂപ

## കൊൽക്കത്തയിൽ സാംസ്കാരികോത്സവം



## നവീകരിച്ച ഓഡിറ്റോറിയം തുറന്നു







**പി. വത്സല**
സാഹിത്യ അക്കാദമി പ്രസിഡന്റ്

**പ്രഭാവർമ്മ**
വൈസ് പ്രസിഡന്റ്

# സാഹിത്യചക്രവാളം

സാഹിത്യ
വാർത്താമാസിക

ഏപ്രിൽ 2010
പുസ്തകം 35 ലക്കം 7

വില: 5.00
വാർഷിക വരിസംഖ്യ 50 രൂപ


## ഉള്ളടക്കം


കൊൽക്കത്ത-കേരള സാംസ്കാരികോത്സവം 4

നവീകരിച്ച അക്കാദമി ഓഡിറ്റോറിയം തുറന്നു 7

മാധ്യമചരിത്രം - കെ.ഇ.എൻ. 8

കഥാജാലകത്തിലെ ജീവിതകാഴ്ചകൾ
പ്രമോദ് വെള്ളച്ചാൽ 9

അനുഭവവും ആവിഷ്കാരവും
ജയശീലൻ പി.ആർ. 12

വിവാദങ്ങൾക്കും സംവാദങ്ങൾക്കും
ഇടയിൽ ഒരുമാസം - സുരജ ഇ.എം. 15

സഞ്ജയന്റെ കവിതകൾ
എൻ.എം. നൂലേലി 21



പത്രാധിപസമിതി

**പി. വത്സല**
പ്രസിഡണ്ട്

**പുരുഷൻ കടലുണ്ടി**
സെക്രട്ടറി & എഡിറ്റർ

**കെ.ഇ.എൻ. കുഞ്ഞഹമ്മദ്**
എഡിറ്റർ-ഇൻ-ചാർജ്ജ്

അംഗങ്ങൾ
**കെ.പി. രാമനുണ്ണി**
**വിജയലക്ഷ്മി**
**രാവുണ്ണി**
**അശോകൻ ചരുവിൽ**

**വി. എൻ. അശോകൻ**
സബ് എഡിറ്റർ

**വിനയ്ലാൽ, ക്രിയ തൃശൂർ**
കവർ ഡിസൈൻ

**എം.വി. ജോസ്**
ഓഫീസ് അസിസ്റ്റൻസ്


# മലയാളകൃതികൾ ബംഗാളിയിലേയ്ക്ക്

മലയാളികളുടെ വായനശീലത്തെ പ്രോജ്ജ്വലിപ്പിക്കുന്നതിൽ നിരവധി ബംഗാളികൃതികൾ സ്വാധീനിച്ചിട്ടുണ്ട്. അമ്പതുകളിലും അറുപതുകളിലും എഴുപതുകളിലും ഇറങ്ങിയ കൃതികൾ മലയാളി വായനലോകത്തെ ഇളക്കി മറിച്ചിട്ടുമുണ്ട്. ലോകത്തിന് ബംഗാൾ നൽകിയ നന്മകളുടെ അമൂല്യമായ അക്ഷരങ്ങളുടെ ശില്പി രവീന്ദ്രനാഥ ടാഗോർ മലയാളിയുടെ സ്വന്തം ടാഗോറായതും വായനയിലൂടെയാണ്. ഒട്ടേറെ സാമ്യതകൾ ബംഗാളികളും മലയാളികളും തമ്മിലുണ്ട്. ബംഗാളിലെ പല എഴുത്തുകാരും മലയാളികളുടെ എഴുത്തുകാർ കൂടിയാണ്. ഒട്ടേറെ നോവലുകളും കഥകളും കവിതകളും മലയാളത്തിലേയ്ക്ക് വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും മലയാളത്തിൽനിന്ന് ബംഗാളിയിലേയ്ക്ക് വിവർത്തനം ചെയ്യപ്പെട്ട കൃതികൾ വളരെ കുറവാണ്. സത്യജിത് റേയുടെ സിനിമകളുടെ തിരക്കഥകൾക്കാധാരമായ നോവലുകളെല്ലാം മലയാളത്തിൽ പ്രചാരത്തിലുണ്ട്. കേരള സാഹിത്യ അക്കാദമി വിഭൂതി ഭൂഷൺ ബന്ദോപാദ്ധ്യായയുടെ *അപരാജിതൻ* തുടങ്ങിയ കൃതികളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ബംഗാളിന്റെ പശ്ചാത്തലവും ബംഗാളികളുടെ ജീവിതവും ബംഗാളിന്റെ മഹനീയമായ മാനവികതയും ത്രസിക്കുന്ന കൃതികളെഴുതിയ സി.വി.ശ്രീരാമനെ ഈ സന്ദർഭത്തിൽ ഓർത്തുപോകുന്നു. മദർ തെരേസയുടെ ജീവിതത്തെക്കുറിച്ചെഴുതിയ സി.വി. ശ്രീരാമന്റെ പുസ്തകം ശ്രദ്ധേയമാണ്.

ഈ പശ്ചാത്തലത്തിലാണ് കേരള സർക്കാരിന്റെയും പശ്ചിമബംഗാൾ സർക്കാരിന്റെയും സഹകരണത്തോടെ കൊൽക്കത്ത-കേരള ഫെസ്റ്റ് 2010 ഏപ്രിൽ 10 മുതൽ 14 വരെ കൊൽക്കത്തയിൽ നടന്നത്. ഇതിന്റെ ഉദ്ഘാടനം കേരള വിദ്യാഭ്യാസ-സാംസ്കാരികവകുപ്പ് മന്ത്രി എം.എ.ബേബി നിർവ്വഹിച്ചു. അക്കാദമി പ്രസിഡണ്ട് പി.വത്സലയുമൊന്നിച്ച് ബംഗ്ലാ സാഹിത്യ അക്കാദമി സെക്രട്ടറി നന്ദ്കുമാർ ചതോപാദ്ധ്യായയും പ്രസിഡണ്ട് നിരേന്ദ്രനാഥ് ചക്രവർത്തിയുമായി ചർച്ച നടത്തുകയും വിവർത്തനസെമിനാറിൽ ഗൗരവമായി ഈ പ്രശ്നം ചർച്ചചെയ്യുകയും മലയാളത്തിലുള്ള കൃതികൾ ബംഗാളിയിലേയ്ക്ക് വിവർത്തനം ചെയ്യാമെന്ന ധാരണയിൽ എത്തിച്ചേരുകയും ചെയ്തു. ഭാഷകൾ തമ്മിലുള്ള പരസ്പരവിനിമയത്തിന്റെ അവസരം സന്തോഷപ്രദമാണെന്നും ഭാരവാഹികൾ അഭിപ്രായപ്പെട്ടു. വിവർത്തനക്കളരികൾ സംഘടിപ്പിച്ച് ഇത് പ്രയോഗത്തിൽ കൊണ്ടുവരണം. നൂറു കഥകളും നൂറ് കവിതകളും ഇരുപത്തഞ്ച് ലഘുനാടകങ്ങളും ആദ്യഘട്ടത്തിൽ മലയാളത്തിൽനിന്ന് ബംഗാളിയിലേയ്ക്ക് വിവർത്തനം ചെയ്യാനും ഇതിനായി ബംഗാളി-മലയാളി വിവർത്തന വിദഗ്ദ്ധരുടെ ഒരു ശില്പശാല സംഘടിപ്പിക്കാനും ധാരണയിലെത്തി.

കേരള നിയമവകുപ്പ് മന്ത്രി എം.വിജയകുമാർ അദ്ധ്യക്ഷതവഹിച്ച സമാപനസമ്മേളനം ബംഗാൾ മുഖ്യമന്ത്രി ബുദ്ധദേവ് ഭട്ടാചാര്യ ഉദ്ഘാടനം ചെയ്തു. മുഖ്യമന്ത്രിയോട് വിവർത്തന ശില്പശാലയെക്കുറിച്ചുള്ള അക്കാദമിയുടെ ആഗ്രഹം അറിയിച്ചപ്പോൾ വളരെ സന്തോഷപൂർവ്വം ബംഗാൾ സർക്കാരിന്റെ പരിപൂർണ്ണ സഹായം അദ്ദേഹം വാഗ്ദാനം ചെയ്തു. സംസ്കാരത്തിന്റെ ഈറ്റില്ലമെന്നറിയപ്പെടുന്ന ബംഗാളിൽനിന്ന് ബംഗ്ലാ-കേരളോത്സവം കഴിഞ്ഞ് തിരിച്ചുപോരുമ്പോൾ വിജ്ഞാന-കലാ-സാഹിത്യ-രാഷ്ട്രീയമണ്ഡലങ്ങളിൽ ജ്വലിച്ചുനിന്ന സാർവ്വഭൗമന്മാരുടെ നാടിനെക്കുറിച്ച് കൂടുതൽ അഭിമാനം തോന്നി.

**പുരുഷൻ കടലുണ്ടി**
സെക്രട്ടറി & എഡിറ്റർ

# കൊൽക്കത്ത-കേരള സാംസ്കാരികോത്സവം



കൊൽക്കത്തയിൽ നടന്ന സാംസ്കാരികോത്സവത്തിൽ കേരള സാംസ്കാരികവകുപ്പുമന്ത്രി എം.എ. ബേബി കേന്ദ്രസാഹിത്യഅക്കാദമി പ്രസിഡണ്ട് സുനിൽ ഗംഗോപാധ്യായയ്ക്ക് ഉപഹാരം സമർപ്പിക്കുന്നു. കേരള സാഹിത്യഅക്കാദമി പ്രസിഡണ്ട് പി.വത്സല, രാവുണ്ണി, പുരുഷൻ കടലുണ്ടി തുടങ്ങിയവരേയും കാണാം.

കേരള – ബംഗാൾ സാംസ്കാരികവകുപ്പുകളും ബംഗാളിലെ വിവിധ മലയാളി സംഘടനകളും സംയുക്തമായി കൊൽക്കത്തയിൽ സംഘടിപ്പിച്ച സാംസ്കാരികോത്സവം ശ്രദ്ധേയമായി.

മന്ത്രി എം.എ. ബേബി കലോത്സവം ഉദ്ഘാടനം ചെയ്തു. കേന്ദ്രസാഹിത്യ അക്കാദമി പ്രസിഡണ്ട് സുനിൽ ഗംഗോപാധ്യായ മുഖ്യാതിഥിയായി. കേരളസാഹിത്യഅക്കാദമി പ്രസിഡണ്ട് പി.വത്സല, ആർകൈവ്സ് ഡയറക്ടർ രജികുമാർ, സാഹിത്യഅക്കാദമി സെക്രട്ടറി പുരുഷൻ കടലുണ്ടി, ചലച്ചിത്ര അക്കാദമി സെക്രട്ടറി കെ.എസ്. ശ്രീകുമാർ, ലളിതകലാഅക്കാദമി സെക്രട്ടറി സത്യപാൽ, ബുക്ക്മാർക്ക് സെക്രട്ടറി എ. ഗോകുലേന്ദ്രൻ, സംഗീതനാടകഅക്കാദമി സെക്രട്ടറി രാവുണ്ണി, ചലച്ചിത്ര നടൻ മധുപാൽ എന്നിവർ സംസാരിച്ചു. കെ. എസ്. രാജേന്ദ്രകുമാർ അദ്ധ്യക്ഷനായി. എൻ. ഗോപി സ്വാഗതവും എ.എസ്. കിഷോർകുമാർ നന്ദിയും പറഞ്ഞു.

കേരളത്തിന്റെയും ബംഗാളിന്റെയും സാംസ്കാരിക രാഷ്ട്രീയ ചരിത്രത്തിന് ഏറെ സമാനതകളുണ്ടെന്ന് കേരള സാംസ്കാരികോത്സവത്തിന്റെ സമാപന സമ്മേളനം രബീന്ദ്രസദനിൽ ഉദ്ഘാടനം ചെയ്ത് മുഖ്യമന്ത്രി ബുദ്ധദേവ് ഭട്ടാചാര്യ പറഞ്ഞു. ഇരു സർക്കാരുകളുടെയും നേതൃത്വത്തിൽ ഇത്തരത്തിൽ ഒരു സാംസ്കാരികോത്സവം സംഘടിപ്പിക്കുന്നത് ആദ്യമായാണ്. സാംസ്കാരികോത്സവത്തിന്റെ സമാപനസമ്മേളനം ഉദ്ഘാടനം ചെയ്യുന്നതിൽ തനിക്ക് അതിയായ സന്തോഷവും അഭിമാനവുമുണ്ട്. നവോത്ഥാന നായകരുടെ സംഭാവനകൾക്കൊപ്പം ആധുനിക കേരളത്തെയും ബംഗാളിനെയും സൃഷ്ടിച്ചെടുക്കുന്നതിൽ രാഷ്ട്രീയ രംഗത്തെന്ന പോലെ സാഹിത്യ സാംസ്കാരിക രംഗത്തും ശ്രദ്ധേയമായ പങ്കുവഹിച്ച മഹത്വ്യക്തിത്വമാണ് ഇ.എം.എസ്. എന്നും ബംഗാളിസാഹിത്യത്തിലെ അതിപ്രധാനമായ ഒരു കാലഘട്ടത്തെ പ്രതിനിധാനം ചെയ്ത ടാഗോർ ബംഗാളി സാഹിത്യത്തിന് വിശ്വമാനങ്ങൾ നേടിക്കൊടുത്തുവെന്നും മുഖ്യമന്ത്രി തുടർന്ന് പറഞ്ഞു.

കേരളനിയമകാര്യ-സ്പോർട്സ് വകുപ്പ് മന്ത്രി എം.വിജയകുമാർ അദ്ധ്യക്ഷതവഹിച്ചു. പ്രശസ്ത മലയാള ചലച്ചിത്രകാരൻ ശ്രീനിവാസൻ മുഖ്യാതിഥിയായി പങ്കെടുത്തു. പശ്ചിമബംഗാൾ സാംസ്കാരികവകുപ്പ് ഡയറക്ടർ അനുപ് മട്ടിലാൽ, പുരുഷൻ കടലുണ്ടി,

## രണ്ട് സംസ്കാരങ്ങളുടെ കൂടിച്ചേരൽ

### മന്ത്രി എം.എ. ബേബി

കേരള സാംസ്കാരികോത്സവം രണ്ട് സംസ്കാരങ്ങളുടെ കൂടിച്ചേരലാണെന്ന് മന്ത്രി എം.എ. ബേബി പറഞ്ഞു. പുതിയ അർത്ഥതലങ്ങൾ കണ്ടെത്താൻ രണ്ട് സംസ്ഥാനങ്ങളുടെ പ്രതിനിധികളുടെ സംവാദവും സംഗമവും പുതിയ തലമുറയ്ക്ക് പ്രചോദനമാകുമെന്ന് ആശിക്കുന്നു. കേരളത്തിലെ മിക്ക കലാരൂപങ്ങളും തനിമ നഷ്ടപ്പെടാതെ ഇവിടെ പ്രദർശിപ്പിച്ചു. കേരള സാംസ്കാരികോത്സവം പോലെയുള്ള സംരംഭങ്ങൾ തുടർന്നും നടത്തുന്നതാണെന്ന് എം.എ. ബേബി പറഞ്ഞു.

## വംഗനാട് വ്യക്തിത്വ രൂപീകരണത്തിൽസ്വാധീനിച്ചു

### മന്ത്രി എം. വിജയകുമാർ

കലയും സംസ്കാരവും ഏതാണ്ട് സമാനതകളുള്ള രണ്ട് സംസ്ഥാനങ്ങളുടെ കൂടിച്ചേരലാണിതെന്ന് സാംസ്കാരികോത്സവത്തിന്റെ സമാപനസമ്മേളനത്തിൽ അദ്ധ്യക്ഷതവഹിച്ച മന്ത്രി എം. വിജയകുമാർ പറഞ്ഞു. കായികരംഗത്തും വംഗനാട് ഒരിക്കലും പുറകിലായിരുന്നില്ല. വിദ്യാർത്ഥിപ്രസ്ഥാനത്തിലും യുവജനപ്രസ്ഥാനത്തിലും വംഗനാടിന്റെ അതിപ്രശസ്തരായ നേതാക്കളുടെ കൂടെ പ്രവർത്തിക്കാൻ കഴിഞ്ഞത് വ്യക്തിത്വരൂപീകരണത്തിൽ തന്നെ സ്വാധീനിച്ചുവെന്ന് വിജയകുമാർ പറഞ്ഞു.

## ബംഗാളിസാഹിത്യ വിവർത്തനം മലയാളത്തിന് പ്രചോദനം

### പി. വത്സല

വംഗനാടിന്റെ ജീവിതസൗന്ദര്യം വായിച്ചറിഞ്ഞവരാണ് മലയാളികളെന്ന് അഭിമാനപൂർവ്വം സ്മരിക്കുന്നതായി പി. വത്സല പറഞ്ഞു. ബംഗാളി സാഹിത്യത്തിന് മലയാളത്തിലുണ്ടായ വിവർത്തനം ഇരുഭാഷകളുടെയും കൊടുക്കൽ വാങ്ങലുകൾവഴി ഭാഷയ്ക്കും സാഹിത്യത്തിനും മഹത്തായ സംഭാവനകൾ നല്കി എന്ന് പി. വത്സല പറഞ്ഞു.



കേരള സ്പോർട്സ് വകുപ്പുമന്ത്രി എം.വിജയകുമാർ ബംഗാൾ മുഖ്യമന്ത്രി ബുദ്ധദേവ് ഭട്ടാചാര്യയ്ക്ക് ഉപഹാരം സമർപ്പിക്കുന്നു. പുരുഷൻ കടലുണ്ടി സമീപം.

### കേരള സാഹിത്യഅക്കാദമി ഭരണസമിതി പുനഃസംഘടിപ്പിച്ചു

# പി. വത്സല പ്രസിഡണ്ട്, പ്രഭാവർമ്മ വൈസ്പ്രസിഡണ്ട്

## പുരുഷൻ കടലുണ്ടി സെക്രട്ടറിയായി തുടരും

കേരള സാഹിത്യ അക്കാദമിയുടെ പ്രസിഡണ്ടായി പി. വത്സലയെയും വൈസ് പ്രസിഡണ്ടായി പ്രഭാവർമ്മയെയും നിയമിച്ചുകൊണ്ട് സർക്കാർ ഉത്തരവായി. പുരുഷൻകടലുണ്ടി സെക്രട്ടറിയായി തുടരും. തൃശൂർ ജില്ലാ കളക്ടറാണ് ട്രഷറർ. സാഹിത്യ അക്കാദമിയിലെ പുനഃസംഘടിപ്പിക്കപ്പെട്ട ഭരണസമിതി അംഗങ്ങൾ ഇവരാണ്: വൈശാഖൻ, കെ.ഇ.എൻ. കുഞ്ഞഹമ്മദ്, അശോകൻ ചരുവിൽ, പി.കെ. ഗോപി, പ്രൊഫ. അമൃതകുമാരി, കെ.ആർ. മല്ലിക, വി.വി. രുഗ്മിണി, ഡോ. ശാരദക്കുട്ടി, മിനി സുകുമാരൻ, പ്രൊഫ. കടത്തനാട്ട് നാരായണൻ, നാരായൻ, ടി.എൻ. പ്രകാശ്, സുഭാഷ് ചന്ദ്രൻ, കെ.പി. രാമനുണ്ണി, സാംസ്കാരിക വകുപ്പ് സെക്രട്ടറി ഡോ. വി. വേണു, കേരള സംഗീത നാടക അക്കാദമി, ലളിതകല അക്കാദമി, നാടൻകല അക്കാദമി, കേരള കലാമണ്ഡലം കല്പിത സർവ്വകലാശാല, ചലച്ചിത്ര അക്കാദമി, വൈലോപ്പിള്ളി സംസ്കൃതി ഭവൻ എന്നിവയുടെ പ്രതിനിധികളും കേരള സാഹിത്യ അക്കാദമിയുടെ ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ 10(8) പ്രകാരം തിരഞ്ഞെടുക്കുന്ന 10 പേരും കൗൺസിലിൽ അംഗങ്ങളാകും.





## പി. വത്സല

ജനനം: 1938 ഏപ്രിൽ 4 കോഴിക്കോട്. വിദ്യാഭ്യാസം: ബി.എ., ബി.എഡ്. കോഴിക്കോട് ഗവ: ട്രെയിനിങ് സ്ക്കൂളിൽ പ്രധാനാധ്യാപികയായിരുന്നു.

കേരളസാഹിത്യ അക്കാദമി ജനറൽ കൗൺസിൽ അംഗവും നിർവ്വാഹകസമിതി അംഗവുമായിരുന്നിട്ടുണ്ട്. സാഹിത്യപ്രവർത്തക സഹകരണസംഘം ഡയറക്ടർ ബോർഡ് അംഗമാണ്.

'നിഴലുറങ്ങുന്നവഴികൾ'ക്ക് കേരളസാഹിത്യ അക്കാദമി അവാർഡ്, 'നെല്ല്' എന്ന കൃതിക്ക് കുങ്കുമം അവാർഡ് എന്നിവ വത്സലക്ക് ലഭിച്ച ബഹുമതികളിൽ ചിലതാണ്.

ആഗ്നേയം, ഗൗതമൻ, പാളയം, ചാവേർ, ആരും മരിക്കുന്നില്ല, അരക്കില്ലം, തകർച്ച, കൂമൻകൊല്ലി, നമ്പരുകൾ, വിലാപം, നിഴലുറങ്ങുന്നവഴികൾ, നെല്ല്, തിരക്കിലല്പം സ്ഥലം, പഴയ പുതിയ നഗരം, ആനവേട്ടക്കാരൻ, അനുപമയുടെ കാവൽക്കാരൻ, ഉണിക്കോരൻ ചതോപാധ്യായ, ഉച്ചയുടെ നിഴൽ, കറുത്ത മഴ പെയ്യുന്ന താഴ്‌വര തുടങ്ങിയവയാണ് പ്രധാന കൃതികൾ

## പ്രഭാവർമ്മ

1959-ൽ ജനിച്ചു. കവി, മാധ്യമപ്രവർത്തകൻ. വിദ്യാഭ്യാസം: എം.എ.,എൽ.എൽ.ബി.

കേരള സാഹിത്യ അക്കാദമി അവാർഡ്, മഹാകവി പി. പുരസ്കാരം, ചങ്ങമ്പുഴ അവാർഡ്, വെണ്ണിക്കുളം അവാർഡ്, വൈലോപ്പിള്ളി അവാർഡ്, വെൺമണി അവാർഡ് തുടങ്ങിയവ ലഭിച്ചു. മികച്ച ജനറൽ റിപ്പോർട്ടിങ്ങിനുള്ള സ്റ്റേറ്റ് ഗവൺമെന്റ് അവാർഡ്, മികച്ച ഇംഗ്ലീഷ് ഫീച്ചറിനുള്ള മാധവൻകുട്ടി അവാർഡ്, മികച്ച പൊളിറ്റിക്കൽ റിപ്പോർട്ടിനുള്ള കെ.സി. സെബാസ്റ്റ്യൻ അവാർഡ് എന്നിവയും ലഭിച്ചിട്ടുണ്ട്.

കോമൺവെൽത്ത് സമ്മേളനം, ചേരിചേരാ ഉച്ചകോടി എന്നിവയടക്കം നിരവധി അന്താരാഷ്ട്ര സമ്മേളനങ്ങൾ റിപ്പോർട്ടു ചെയ്തിട്ടുണ്ട്.

ദേശാഭിമാനിയുടെ ഡൽഹി ബ്യൂറോചീഫ്, കേരള മുഖ്യമന്ത്രിയുടെ പ്രസ്സ് സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചു. ഇപ്പോൾ കൈരളി ടി വിയിൽ ഡയറക്ടർ (ന്യൂസ് ആന്റ് കറന്റ് അഫയേഴ്സ്).

സൗപർണ്ണിക, അർക്കപൂർണ്ണിമ, ചന്ദനനാഴി, ആർദ്രം, കാലപ്രയാഗ (കവിതാസമാഹാരങ്ങൾ) പാരായണത്തിന്റെ രീതിഭേദങ്ങൾ, എന്തുകൊണ്ട് ഫാഷിസം? (പ്രബന്ധസമാഹാരങ്ങൾ) തുടങ്ങിയവയാണ് പ്രധാന കൃതികൾ.

രജികുമാർ എന്നിവർ സംസാരിച്ചു. സംഘാടകസമിതി കൺവീനർ എൻ. ഗോപി സ്വാഗതവും പുരാരേഖ വകുപ്പ് അസി.ഡയറക്ടർ എ.എസ്.കിഷോർകുമാർ നന്ദിയും പറഞ്ഞു.

സാംസ്കാരികസമ്മേളനം സാഹിത്യ അക്കാദമി പ്രസിഡണ്ട് പി.വത്സല ഉദ്ഘാടനം ചെയ്തു. ബംഗാൾസാഹിത്യ അക്കാദമി പ്രസിഡണ്ട് നീരേന്ദ്രനാഥ് ചക്രവർത്തി അദ്ധ്യക്ഷത വഹിച്ചു. ഭാഷാസെമിനാറിൽ അശോകൻ ചരുവിൽ അദ്ധ്യക്ഷതവഹിച്ചു. അമിതാഭ ചൗധരി , സുബോധ് സർക്കാർ, കെ.ഇ.എൻ., ഡോ.വള്ളിക്കാവ് മോഹൻദാസ്, ഡോ.കെ.കെ.കൊച്ചുകോശി എന്നിവർ പ്രബന്ധം അവതരിപ്പിച്ചു.

കേരളത്തിലെ വിവിധ സാംസ്കാരിക സ്ഥാപനങ്ങളെ പ്രതിനിധീകരിച്ച് വി.കെ.ജോസഫ്, അശോകൻ ചരുവിൽ , രാവുണ്ണി, ചലച്ചിത്രതാരം മധുപാൽ, എ. ഗോകുലേന്ദ്രൻ, പി.കെ.ഭരതൻ, ഡോ. കെ.എസ്.ശ്രീകുമാർ, വി.എൻ.കൃഷ്ണൻകുട്ടി, കെ.എൻ.ഉണ്ണികൃഷ്ണൻ എന്നിവർ പങ്കെടുത്തു. തെയ്യം, നാടൻപാട്ടുകൾ, നാടകാവതരണം, ചലച്ചിത്രപ്രദർശനം എന്നിവ സാംസ്കാരികോത്സവത്തിന്റെ ഭാഗമായി സംഘടിപ്പിച്ചു. ■

# വത്സലയും പ്രഭാവർമ്മയും ചുമതലയേറ്റു




സാഹിത്യഅക്കാദമിയുടെ പ്രസിഡണ്ടായി ചുമതലയേറ്റ പി. വത്സലയെ മന്ത്രി കെ.പി. രാജേന്ദ്രൻ പൊന്നാട അണിയിക്കുന്നു. സെക്രട്ടറി പുരുഷൻ കടലുണ്ടി, ഡോ. സുകുമാർ അഴീക്കോട്, മന്ത്രി എം.എ. ബേബി തുടങ്ങിയവരേയും കാണാം.

സാഹിത്യ അക്കാദമി പ്രസിഡന്റായി പി. വത്സലയും വൈസ് പ്രസിഡണ്ടായി പ്രഭാവർമ്മയും ചുമതലയേറ്റു.


ഏപ്രിൽ 3ന് രാവിലെ 10.10നാണ് ഡോ. സുകുമാർ അഴീക്കോട്, സാംസ്കാരിക വകുപ്പുമന്ത്രി എം.എ. ബേബി, റവന്യൂ വകുപ്പുമന്ത്രി കെ.പി. രാജേന്ദ്രൻ, സെക്രട്ടറി പുരുഷൻ കടലുണ്ടി, വൈസ് പ്രസിഡന്റ് പ്രഭാവർമ എന്നിവരുടെ സാന്നിധ്യത്തിൽ പി. വത്സല ചുമതലയേറ്റത്. അക്കാദമിയിൽ ആദ്യമായാണ് ഒരു വനിത പ്രസിഡന്റായി ചുമതലയേൽക്കുന്നതെന്ന് മന്ത്രി എം.എ. ബേബി പറഞ്ഞു. ഒരു സാഹിത്യകാരി ആദ്യമായി ചുമതലയേൽക്കുന്ന ചടങ്ങിൽ സാംസ്കാരിക വകുപ്പുമന്ത്രി പങ്കെടുക്കുന്നതും ആദ്യമാണെന്നും മന്ത്രി പറഞ്ഞു.

വടക്കുനിന്ന് പി. വത്സലയും തെക്കുനിന്ന് മുകേഷും രണ്ട് അക്കാദമികളുടെ തലപ്പത്ത് വന്നത് സാംസ്കാരിക തലസ്ഥാനനഗരിക്ക് അലങ്കാരമാണെന്ന് മന്ത്രി കെ.പി. രാജേന്ദ്രൻ പറഞ്ഞു. അക്കാദമി പ്രസിഡന്റിനെ മന്ത്രി പൊന്നാടയണിയിച്ചു.

# പുനഃസംഘടിപ്പിച്ച സാംസ്കാരികസ്ഥാപനങ്ങളിലെ സാരഥികൾ



മുകേഷ്



രാവുണ്ണി

സംസ്ഥാനത്തെ സാംസ്കാരിക സ്ഥാപനങ്ങളുടെ ഭരണസമതി പുനഃസംഘടിപ്പിച്ചുകൊണ്ട് സർക്കാർ ഉത്തരവായി.

നടൻ മുകേഷാണ് സംഗീത നാടക അക്കാദമിയുടെ പുതിയ ചെയർമാൻ. ചിത്രകാരൻ സി.എൻ. കരുണാകരൻ കേരള ലളിതകല അക്കാദമിയുടെ ചെയർമാനായി തുടരും. സംഗീത നാടക അക്കാദമിയിൽ കെ.എം. രാഘവൻ നമ്പ്യാർ വൈസ് ചെയർമാനും കവി രാവുണ്ണി സെക്രട്ടറിയുമാണ്. സാവിത്രി രാജീവൻ (വൈസ് ചെയർപേഴ്സൺ), ടി.എൻ. സത്യപാൽ (സെക്രട്ടറി) എന്നിവരാണ് ലളിതകല അക്കാദമിയുടെ മറ്റു ഭാരവാഹികൾ.

സംഗീതനാടക അക്കാദമി: ഡോ. കെ. ഓമനക്കുട്ടി, പ്രൊഫ. വി. അലിയാർ കുഞ്ഞ്, ഒ.കെ. കുറ്റിക്കോൽ, പ്രൊഫ, ജോർജ് എസ്. പോൾ, ഫ്രാൻസിസ് ടി. മാവേലിക്കര, വി. ഹർഷകുമാർ, ഡോ. ആർ.ബി. രാജലക്ഷ്മി, എൻ.പി. ലാലൻ, പ്രൊഫ. ടി. എ. ഉഷാകുമാരി, മുഖത്തല ശിവജി, എൻ.ആർ. ഗ്രാമപ്രകാശ്, ഡോ. കുമാരകൈമൾ, ബിയാട്രിസ് അലക്സിസ്, ശ്രീജ ആറങ്ങോട്ടുകര, സാംസ്കാരിക വകുപ്പ് സെക്രട്ടറി, ധനകാര്യ വകുപ്പ് അണ്ടർ സെക്രട്ടറി നാഗപ്പൻനായർ, കേരളസാഹിത്യ അക്കാദമി, കേരള ലളിതകല അക്കാദമി, ഫോക്‌ലോർ അക്കാദമി, കേരള കലാമണ്ഡലം പ്രതിനിധികൾ എന്നിവരും കേരള സംഗീത നാടക അക്കാദമിയുടെ ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ 10(9) പ്രകാരം തിരഞ്ഞെടുക്കുന്ന ഏഴ്പേരും അംഗങ്ങളാകും.

കേരള ലളിതകല അക്കാദമി: പൊന്ന്യം ചന്ദ്രൻ, എൻ. ബാലമുരളികൃഷ്ണൻ, കാരയ്ക്കാമണ്ഡപം വിജയകുമാർ, ഡോ. സി.എസ്. ജയറാം, രമേശൻ, എം.ആർ, ജോളി, എം. സുധൻ, സാംസ്കാരിക വകുപ്പ് സെക്രട്ടറി, കേരള സാഹിത്യ അക്കാദമി, കേരള സംഗീത നാടക അക്കാദമി, കേരള കലാമണ്ഡലം പ്രതിനിധികളും ജനറൽ കൗൺസിൽ അംഗങ്ങൾ തിരഞ്ഞെടുക്കുന്ന/നാമനിർദ്ദേശം ചെയ്യുന്ന അഞ്ചു പേരും അംഗങ്ങളാകും.

# നവീകരിച്ച അക്കാദമിഓഡിറ്റോറിയം തുറന്നു

## സാംസ്കാരികതയ്ക്കും, സംവാദാത്മകതയ്ക്കും അക്കാദമികൾ ഊന്നൽ നൽകണം

## മന്ത്രി എം.എ. ബേബി

വിവാദങ്ങളെ സംവാദങ്ങളാക്കാനുള്ള സാംസ്കാരിക ധാർമ്മികത സാഹിത്യ അക്കാദമിയ്ക്കുണ്ടെന്ന് സാംസ്കാരികവകുപ്പുമന്ത്രി എം.എ. ബേബി പറഞ്ഞു. സാഹിത്യ അക്കാദമിയിൽ നവീകരിച്ച ഓഡിറ്റോറിയത്തിന്റെ ഉദ്ഘാടനം നിർവ്വഹിക്കുകയായിരുന്നു മന്ത്രി.

സാംസ്കാരികതക്കൊപ്പം സംവാദാത്മകതക്കും അക്കാദമികൾ ഊന്നൽ നൽകണം. വ്യക്തികളെയും സ്ഥാപനങ്ങളെയും വിവാദക്കുരുക്കിൽ കുടുക്കാൻ ചിലർ ശ്രമിക്കുന്നതായും മന്ത്രി അഭിപ്രായപ്പെട്ടു. അക്കാദമി മുൻപ്രസിഡണ്ട് എം. മുകുന്ദന്റെ പ്രവർത്തന മികവിനെ മന്ത്രി പ്രശംസിച്ചു. ചുമതലകൾ ആത്മാർത്ഥമായി നിർവഹിച്ചതിൽ സാംസ്കാരിക വകുപ്പിന് അദ്ദേഹത്തോട് നന്ദിയുണ്ട്. സ്വന്തം നാട്ടിൽ മലയാളം പഠിക്കാൻ അവസരം നിഷേധിക്കുന്നതിനെയും ഇതിനെതിരെയുള്ള സമൂഹത്തിന്റെ തണുത്ത പ്രതികരണത്തെയും അശ്ലീലമെന്നു മാത്രമേ വിളിക്കാൻ സാധിക്കൂ. ഭാഷ സംരക്ഷിക്കപ്പെടേണ്ടതാണ്. ആഗസ്റ്റിൽ അഖിലേന്ത്യാടിസ്ഥാനത്തിൽ ഭാഷാസംഗമം നടത്തുമെന്നും മന്ത്രി അറിയിച്ചു.

മന്ത്രി കെ.പി. രാജേന്ദ്രൻ അധ്യക്ഷത വഹിച്ചു. ഡോ. സുകുമാർ അഴീക്കോട് വിശിഷ്ടാതിഥിയായിരുന്നു.

സർഗ്ഗാത്മകതയും ബുദ്ധിയും തമ്മിൽ മുമ്പുണ്ടായിരുന്ന താളം നഷ്ടപ്പെട്ടതായി സുകുമാർ അഴീക്കോട് അഭിപ്രായപ്പെട്ടു. സാഹിത്യം പഠിപ്പിക്കുന്നവരാണ് ഇതിന്റെ കാരണക്കാർ. അക്കാദമി



സാഹിത്യഅക്കാദമിയുടെ നവീകരിച്ച ഓഡിറ്റോറിയം ഉദ്ഘാടനം ചെയ്തുകൊണ്ട് മന്ത്രി എം.എ. ബേബി സംസാരിക്കുന്നു. സെക്രട്ടറി പുരുഷൻ കടലുണ്ടി, മന്ത്രി കെ.പി. രാജേന്ദ്രൻ, ഡോ. സുകുമാർ അഴീക്കോട്, പ്രസിഡണ്ട് പി. വത്സല, പി.ആർ. രാജൻ എം.പി., വൈസ് പ്രസിഡണ്ട് പ്രഭാവർമ്മ, അശോകൻ ചരുവിൽ, കലക്ടർ എ.ടി. ജെയിംസ്, ബേബി ജോൺ, ഡോ. പി.വി. കൃഷ്ണൻനായർ എന്നിവർ വേദിയിൽ

പോലുള്ളവ നഗരങ്ങളിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിച്ചാൽ പോര. ഗ്രാമങ്ങളിലേക്ക് ഇറങ്ങിച്ചെല്ലണം–അഴീക്കോട് പറഞ്ഞു. അക്കാദമി പ്രസിഡന്റ് പി. വത്സല ആമുഖ പ്രഭാഷണം നടത്തി. പി. എസ്. കൃഷ്ണദാസ് (അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ പി.ഡബ്ല്യു.ഡി. ബിൽഡിംഗ് സെക്ഷൻ), ബി ബാലമോഹൻ (ഡോക്യുമെന്റേഷൻ ഓഫീസർ, പുരാവസ്തുവകുപ്പ്), കെ.ജി. രഘുറാം (കോൺട്രാക്ടർ), സുമേഷ് (സൂപ്പർവൈസർ) എന്നിവർക്ക് മന്ത്രി ബേബി ഉപഹാരങ്ങൾ സമ്മാനിച്ചു. പി.ആർ. രാജൻ എം.പി., പ്രഭാവർമ, ഡോ. പി.വി. കൃഷ്ണൻനായർ, കലക്ടർ എ.ടി. ജയിംസ്, സി.പി.എം. ജില്ലാ സെക്രട്ടറി ബേബി ജോൺ തുടങ്ങിയവർ പങ്കെടുത്തു.

പുരുഷൻ കടലുണ്ടി സ്വാഗതവും അശോകൻ ചരുവിൽ നന്ദിയും പറഞ്ഞു.

പുരാവസ്തുവകുപ്പിന്റെ ഫണ്ട് ഉപയോഗിച്ചാണ് അക്കാദമി നവീകരണം പൂർത്തീകരിച്ചത്. ഓഡിറ്റോറിയം, വൈലോപ്പിള്ളി ഹാൾ, അങ്കണം എന്നിവയാണ് പുതുക്കിയത്. ■

# മൂന്നുലക്ഷം രൂപയുടെ പുസ്തകങ്ങൾ സാഹിത്യ അക്കാദമി ലൈബ്രറിയ്ക്ക്



കേരള സാഹിത്യ അക്കാദമിക്ക് സാംസ്കാരിക വകുപ്പ് പ്രത്യേകമായി അനുവദിച്ച മൂന്നുലക്ഷം രൂപയുടെ ഇംഗ്ലീഷ് പുസ്തകങ്ങൾ മന്ത്രി എം.എ. ബേബി സാഹിത്യഅക്കാദമി സെക്രട്ടറി പുരുഷൻ കടലുണ്ടിക്ക് കൈമാറുന്നു. മന്ത്രി കെ.പി. രാജേന്ദ്രൻ, ഡോ. സുകുമാർ അഴീക്കോട്, ബേബി ജോൺ, പ്രസിഡണ്ട് പി. വത്സല, വൈസ് പ്രസിഡണ്ട് പ്രഭാവർമ്മ തുടങ്ങിയവരേയും കാണാം.



## വായനയുടെ വിഭ്രമങ്ങൾ

**കെ.ഇ.എൻ**

# മാധ്യമചരിത്രം

മനുഷ്യന്റെ പരിണാമപ്രക്രിയയിൽ തന്നെയാണ് നാം മാധ്യമങ്ങളുടെ ചരിത്രവും പരിശോധിക്കേണ്ടത്. ഭാഷ രൂപപ്പെടുന്നതിനും അച്ചടി മുതലായ സാങ്കേതികവിദ്യകൾ ആവിർഭവിക്കുന്നതിനും മുമ്പുതന്നെ മാധ്യമങ്ങൾ ഉണ്ടായിരുന്നു. മാധ്യമങ്ങളുടെ അഭാവത്തിൽ മനുഷ്യന്റെ അസ്തിത്വംതന്നെ അസാധ്യമാണ്. ആ അർത്ഥത്തിൽ മാധ്യമങ്ങൾ മനുഷ്യജീവിതത്തിന്റെ ന്യൂക്ലിയസ്സാണ്. മനുഷ്യജീവിതത്തെ തന്നെ സാധ്യമാക്കിയതിൽ മാധ്യമങ്ങൾ നേതൃത്വപരമായ പങ്ക് വഹിച്ചിട്ടുണ്ട്. ആധുനികമായ അർത്ഥത്തിൽ വ്യക്തി രൂപംകൊണ്ട് കഴിഞ്ഞിട്ടില്ലാത്ത പ്രാചീന സമൂഹത്തിൽപോലും ഒരാൾക്കും അവരിൽതന്നെ ഒതുങ്ങിപ്പോകാൻ കഴിയുമായിരുന്നില്ല. സ്വന്തം അകത്ത് അവസാനിക്കാൻ കഴിഞ്ഞിരുന്നെങ്കിൽ മനുഷ്യന്റെ രൂപീകരണം തന്നെ അസാധ്യമാകുമായിരുന്നു. തന്റെ തന്നെ ഉള്ളിൽനിന്ന് പുറത്തുകടക്കാൻ ഒരു മനുഷ്യൻ നടത്തിയ ആദ്യത്തെ പിടച്ചിൽ അതാണ് ആദ്യത്തെ മാധ്യമം. ഒരുപക്ഷേ, അത് ആ അർത്ഥത്തിൽ തിരിച്ചറിയപ്പെടുന്നുണ്ടാവില്ല. അസാധാരണമായ ഒരനുഭവത്തോട് ഒരു പ്രാചീനമനുഷ്യൻ നടത്തിയ ശരീരത്തിന്റെ പ്രതികരണം-ഒരു വലിയ ശബ്ദം, ഒരു തുള്ളിച്ചാട്ടം ഇതെല്ലാം മാധ്യമമാണ്. ഒരു തുള്ളലിൽ പുറത്തേയ്ക്കുള്ളൊരു തെറിക്കലുണ്ട്. പുറത്തേക്കുള്ള ഈ തെറിക്കലിൽ ഒരു സന്ദേശമുണ്ട്. ഇത് ഒരാളുടെ ആത്മസംതൃപ്തിയിലല്ല കൂട്ടായ്മയുടെ സൃഷ്ടിയിലാണ് അവസാനിക്കുന്നത്. അപ്രതീക്ഷിതമായി തന്നെ വിഴുങ്ങാൻ വന്ന ഒരു മൃഗത്തിനു മുന്നിൽപെട്ടുപോകുന്ന മനുഷ്യൻ രക്ഷപ്പെടാൻവേണ്ടി ഉല്പാദിപ്പിക്കുന്ന ചില ശബ്ദങ്ങൾ, നിലവിളി, കൂവിവിളി എന്നിവയെല്ലാം ഒരു തരത്തിൽ മാധ്യമങ്ങളുടെ ഒരു ചുരുക്കെഴുത്താണ്. ആദ്യഘട്ടത്തിൽ തന്റെ ശരീരത്തെ മാധ്യമമാക്കിയ മനുഷ്യൻ രണ്ടാംഘട്ടത്തിൽ താനും പ്രകൃതിയും തമ്മിലുള്ള ബന്ധത്തെയാണ് മാധ്യമമാക്കിയത്. അങ്ങനെയാണ് ഒരു കമ്പ്, ഒരു കല്ല്, കൂട്ടിയിട്ട തീക്കുണ്ഡങ്ങൾ എന്നിവയെല്ലാം മാധ്യമമായത്.



# കഥാജാലകത്തിലെ ജീവിതക്കാഴ്ചകൾ

പ്രമോദ് വെള്ളച്ചാൽ

സത്യസന്ധമായി കഥ ജീവിതമെഴുതുമ്പോൾ മനുഷ്യജീവിതത്തിന്റെ ബഹുസ്വരതയാണ് ആവിഷ്കരിക്കപ്പെടുന്നത്. കാഴ്ചയുടെ മേൽക്കോയ്മകളിൽനിന്നും ജീവിതത്തിന്റെ അടിസ്ഥാനപരതയിലേക്കുള്ള ഒരു സാഹസിക സഞ്ചാരമാണത്. മനുഷ്യപ്പറ്റിന്റെ വികാരങ്ങൾ അനുഭവങ്ങളുടെ നിറക്കൂട്ടുകളിൽ മുക്കി വരക്കുന്ന ചിത്രങ്ങൾ ഓർമ്മപ്പെടുത്തുന്നത്, അതുകൊണ്ട്തന്നെ കാണാതെ പോകുന്ന ജീവിതത്തിന്റെ അവസ്ഥാന്തരങ്ങളാണ്. എഴുത്തുകാരന്റെ പണിപ്പുരക്ക് അതുകൊണ്ട്തന്നെ ഒരു ഓപ്പറേഷൻ തിയേറ്ററിന്റെ സ്വഭാവമുണ്ട്. മയക്കിക്കിടത്തിയ ജീവിതത്തിന്റെ 'ബ്ളോക്കുകൾ' നീക്കാൻ തൂലികകൊണ്ട് നിർവ്വഹിക്കുന്ന 'ബൈപാസ് സർജറികളും' മറ്റും മരണത്തിൽനിന്നും ജീവിതത്തിലേക്കുള്ള വഴിയടയാളങ്ങളായി തീരുന്നു.



ഗൗതമൻ

മലയാള കഥയിലെ അന്വേഷണങ്ങൾ ആ വഴിക്കുതന്നെയാണ് നീങ്ങുന്നതെങ്കിലും, ആവിഷ്ക്കാരത്തിന്റെ തീഷ്ണതകളിൽ ഏറ്റക്കുറച്ചിലുകളുണ്ടാവാം. കഥയിലെ തൊട്ടാൽപൊട്ടിപ്പോകുന്ന ശില്പസൗന്ദര്യത്തേക്കാൾ അതു നിർവ്വഹിക്കുന്ന ജീവിതത്തിന്റെ ഏറ്റക്കുറച്ചിലുകളും ദൈന്യതകളുടെ പരാവർത്തനങ്ങളുമാണ് പ്രധാനമെന്ന് നമ്മളെ ഓർമ്മിപ്പിക്കുന്ന ചില കഥകളാണ് ഇവിടെ പരാമർശ വിധേയമാകുന്നത്.

മാതൃഭൂമി ആഴ്ചപ്പതിപ്പിൽ (2010 മാർച്ച് 14-20) പ്രസിദ്ധീകരിച്ച ബെന്യാമിൻ എഴുതിയ 'ഇ.എം.എസും പെൺകുട്ടിയും' എന്ന കഥ ഘടനാപരമായും ഭാവപരമായും വളരെ വ്യത്യസ്തമായ ഒരനുഭവപരിസരമാണ് മലയാളികൾക്ക് നൽകുന്നത്. ജോസ് എന്ന കഥാപാത്രം അവധിക്ക് വരുന്ന സമയത്ത് പറയുന്ന ഒരുപാട് കഥകളുണ്ട്. അങ്ങിനെയുള്ള ഒരു കഥയുടെ പിന്നാലെയാണ് വളരെ നാടകീയമായി ബന്യാമിൻ വായനക്കാരെ കൊണ്ടുപോകുന്നത്. ജോസ് സ്ഥിരമായി പറയാറുള്ള ഹീത്രു എയർപോർട്ടിലെ കഥയ്ക്കുശേഷം പുതിയൊരു കഥയുടെ ആമുഖമെന്നോണം സുഹൃത്തുക്കളുടെ കൂടെയിരുന്ന് ഗ്ലാസ്സുകൾ നിരത്തി, കോർക്കു തുറന്നു. ഒരു ദിവസം വൈകീട്ട് ഗ്രോസറയിൽ പോയി സാധനങ്ങളും വാങ്ങി, വേഗത്തിൽ കാറോടിച്ച് വരികയായിരുന്നു. മോനെ വീട്ടിലുറക്കി കിടത്തി, സൈഡിലൊരു തലയണയും വെച്ചുകൊടുത്തിട്ടാണ് ജോസ് പോയത്. സിനി ഡ്യൂട്ടി കഴിഞ്ഞ് വീട്ടിലെത്തുന്നതിനു മുമ്പേ അവിടെയെത്തുവാനുള്ള ധൃതിയിലായിരുന്നു അയാൾ. അപ്പോഴാണ് തന്റെ വണ്ടിയെ ആരോ ചെയ്സ് ചെയ്യുന്നതായി ജോസിന് തോന്നിയത്. ആരോ പിന്നാലെവന്ന് നിർത്താൻ ആവശ്യപ്പെടുകയും മറ്റും ചെയ്തെങ്കിലും ജോസ് ഒരുവിധം മറ്റൊരുവഴിയിലൂടെ വീട്ടിലെത്തിപ്പെടുന്നു. നെടുവീർപ്പോടെ ശരീരം രക്ഷിച്ച ആഹ്ലാദത്തിൽ കാറ് പിന്നിലേക്കെടുക്കാൻ തിരിഞ്ഞു നോക്കിയപ്പോഴാണ് സീറ്റിനടിയിൽ പമ്മിക്കൂടിയിരിക്കുന്ന പെൺകുട്ടിയെ കണ്ടത്. പതിനഞ്ചിനുമുകളിൽ പ്രായമില്ലാത്ത ഒരു മംഗോളിയൻ മുഖം. പോലീസിനെ വിളിക്കാൻ തുനിഞ്ഞ ജോസിനെ അവൾ വിലക്കുന്നു. പ്രതിസന്ധിയിലായ അയാളെ അവൾ ഭീഷണിപ്പെടുത്തുകയും ചെയ്തു. സിനി വരുന്നതിനു മുമ്പേ അവളെ പറഞ്ഞയക്കാനുള്ള ശ്രമങ്ങളെല്ലാം പരാജയപ്പെടുന്നു. അന്ന് ആ പെൺകുട്ടി ആ വീട്ടിൽ താമസിച്ചു. പിറ്റേന്ന് സിനി ജോലിക്കുപോയശേഷം എത്രയും വേഗം അവിടുന്ന് പോവാൻ അവളോട് അയാൾ ആവശ്യപ്പട്ടു. പകാവു സയാംഗ് അതായിരുന്നു അവളുടെ പേര്. പിന്നെ അവൾ തിരിച്ചു ചോദിച്ചു. അങ്കിളിന്റെ പേരെന്താണ്? ഒരുനിമിഷം ശങ്കിച്ചു ജോസ് പറഞ്ഞത് ഏലംകുളം മനക്കൽ ശങ്കരൻ നമ്പൂതിരിപ്പാട് എന്നാണ്. അങ്ങിനെ വിളിക്കാൻ പ്രയാസമാണെങ്കിൽ ഇ.എം.എസ്. എന്ന ചെല്ലപ്പേര് വിളിച്ചാൽ മതി എന്നയാൾ പറഞ്ഞു.



ബന്യാമിൻ

തലേദിവസത്തെ സംഭവത്തെക്കുറിച്ച് അവളോട് ചോദിച്ചെങ്കിലും കൃത്യമായ ഉത്തരങ്ങളൊന്നും കിട്ടിയിരുന്നില്ല. "താങ്ക്യു ഇ.എം.എസ്. അങ്കിൾ. നമുക്കിനിയും കാണാം. എന്നെ കെട്ടിപ്പിടിച്ച് ഒരു ഉമ്മതന്നിട്ട് അവൾ ഗേറ്റിലേക്കോടി. ഒരു പയ്യൻ കാറിൽ നിന്നിറങ്ങി അവളെ കെട്ടിപ്പിടിക്കുന്നതും അവൾ സന്തോഷത്തോടെ കാറിൽ കയറി പോവുന്നതും ഞാൻ ജനാലയിലൂടെ കണ്ടു. എന്താണ് സംഭവിച്ചതെന്നോ സംഭവിക്കുന്നതെന്നോ എനിക്കൊരു പിടിയും കിട്ടിയില്ല. തികച്ചും ദുരൂഹമായി ആ സംഭവവും അങ്ങിനെ അവസാനിച്ചു. ചുമ്മാതിരിക്കുമ്പോൾ മനസ്സിൽ പറഞ്ഞു ചിരിക്കാൻ പകാവൂ സയാംഗ് എന്നിങ്ങനെ കുറച്ച് പേരുകൾ കിട്ടിയത് മിച്ചം." ഈയൊരു സംഭവത്തിന്റെ അപ്രതീക്ഷിതമായ തുടർച്ചകളാണ് കഥയുടെ പിന്നീടുള്ള വികാസം. ഓരോ തവണയും ജോസും സുഹൃത്തുക്കളും ഗ്ലാസ്സുകൾ കാലിയാക്കി പിന്നെയും ഒഴിക്കുന്നതിനനുസരിച്ച് കഥയുടെ ഗതിവിഗതികൾ പുതിയ തലങ്ങളിലേക്ക് പോകുന്നു. പകാവു സയാംഗിന്റെ കുടുംബപശ്ചാത്തലവും 'മോംഗുകൾ' എന്ന വംശത്തിന്റെ വേരുകളില്ലാത്ത അസ്തിത്വത്തെ സംബന്ധിച്ചും കഥയിൽ വിശ

കലനം ചെയ്യുന്നുണ്ട്. ചില ചോദ്യോത്തരങ്ങളിലൂടെ 'മോംഗുകളുടെ' ചരിത്രപരവും സാംസ്കാരികവുമായ അവസ്ഥാന്തരങ്ങളെ നരവംശ ശാസ്ത്രത്തിന്റെ ഗവേഷണ കൗതുകങ്ങളോടെ അവതരിപ്പിക്കുന്നുണ്ട്. പകാവു സയാംഗിന്റെ ബന്ധുക്കൾ താനാണ് ആ പെൺകുട്ടിയെ തട്ടിക്കൊണ്ടു വന്നതെന്ന് ആരോപിച്ച് പോലീസിൽ പരാതിപ്പെട്ടപ്പോൾ ജോസിനുണ്ടായിരുന്ന നീരസം കഥയിൽ അലിഞ്ഞില്ലാതാവുന്നു. അവരെക്കുറിച്ചുള്ള കൂടുതൽ അറിവും ബോധ്യങ്ങളും ജോസിനെ അനുകമ്പയുള്ളവനാക്കിമാറ്റുന്നുണ്ട്. യുദ്ധങ്ങളും സംഘർഷങ്ങളും ഉണ്ടാക്കിയ മുറിവുകളിൽ നിശ്ശബ്ദമായിപ്പോയ പകാവു സയാംഗിന്റെ കുടുംബം ജോസിനെ ഒരുപാട് കാര്യങ്ങൾ പഠിപ്പിച്ചു. മോംഗുകളെ ലാവോസിലെ സെറ്റിൽമെന്റുകളിലേക്ക് തിരിച്ചയക്കുന്ന ഒരു പദ്ധതി അമേരിക്ക നടപ്പിലാക്കിയപ്പോൾ അക്കൂട്ടത്തിൽ അവർ ലാവോസിലേക്ക് മടങ്ങിപ്പോയിരിക്കും എന്നാണ് ജോസ് മനസ്സിലാക്കിയത്.

കഥ തീർന്നതറിഞ്ഞ് ആറാം തവണയും ഗ്ലാസ്സുകൾ കാലിയാക്കി സുഹൃത്തുക്കൾ ഓരോരുത്തരായി എഴുന്നേറ്റു. അപ്പോഴാണ് വളരെ അപ്രതീക്ഷിതമായി ജോസ് പറഞ്ഞുനിർത്തിയ കഥയുടെ അവരറിയാത്ത ഒരു ക്ലൈമാക്സ് സിനി പറയുന്നത്. മഞ്ഞുപെയ്യുന്ന ഒരു തണുപ്പുകാലത്ത് നൈറ്റ് ഡ്യൂട്ടിയും കഴിഞ്ഞ് സിനി മടങ്ങിവന്നപ്പോൾ, ആകെ മുഷിഞ്ഞ് ക്ഷീണിച്ച് വികൃതമായ ഒരു രൂപം ഇ.എം.എസ് ഇവിടെ ഉണ്ടോ എന്ന് ചോദിച്ചു. ആ വീടിന്റെ ഹൗസ് ഓണർ ഏലംകുളം ശങ്കരൻ നമ്പൂതിരിപ്പാടിന്റെ കൂടെ അവൾ ആ വീട്ടിൽ താമസിച്ചിരുന്നുപോലും. ആ പെൺകുട്ടിക്ക് വട്ടാണെന്നാണ് സിനി കരുതിയത്. ആർക്കും എന്തുസഹായവും ഏപ്പോഴും ചെയ്തുകൊടുക്കുന്ന ഇ.എം.എസിന്റെ വീടന്വേഷിച്ചാണ് പകാവു സയാംഗ് വീണ്ടുമെത്തിയത്. പക്ഷേ ഇ.എം.എസ്. മരിച്ചുപോയെന്ന് സിനി പറയുന്നു. ഇവിടെ ബന്യാമിന്റെ കഥ പുതിയൊരു രാഷ്ട്രീയമാനം കൈവരിക്കുന്നുണ്ട്. ചരിത്രസ്മൃതികളുടെ രാഷ്ട്രീയ ഊർജ്ജം പ്രസരിക്കുന്ന ഒരു സന്ദർഭമായി കഥ മാറിത്തീരുന്നു. നന്മയുടേയും സുരക്ഷിതത്വത്തിന്റേയും പരോപകാരത്തിന്റേയും മൂർത്തിമദ്ഭാവമായ ഇ.എം.എസിന്റെ വീട് മനുഷ്യജീവിതത്തിന്റെ ഭൂപടങ്ങളിൽ വാനോളം ഉയരുന്നു. അമേരിക്കയിലുള്ള പെൺകൊച്ച് ഒരാവശ്യം വന്നപ്പോ കേരളക്കാരനായ ഇ.എം.എസിനെ തിരക്കിയിരിക്കുന്നു എന്ന് പറഞ്ഞ് സിനി ആർത്തു ചിരിക്കുമ്പോൾ മരവിച്ചുപോയ സുഹൃത്തുക്കൾ സിനിയുടെ കൂടെ ചിരിക്കാൻ ശ്രമിക്കുന്നുണ്ടെങ്കിലും അർത്ഥഗർഭമായ ഒരു മൗനം അവിടെ അവശേഷിക്കുകയും ഇ.എം.എസിന്റെ രാഷ്ട്രീയം അതിന്റെ കൊടി ഉയർത്തുകയും ചെയ്യുന്നു. വളരെ മനോഹരമായി കഥയുടേയും ചരിത്രത്തിന്റേയും രാഷ്ട്രീയത്തിന്റേയും ഊടും പാവും കൊണ്ട് നെയ്ത ശില്പസൗന്ദര്യം ബന്യാമിന്റെ ഇ.എം.എസും പെൺകുട്ടിയും എന്ന കഥക്കുണ്ട്. അഭയങ്ങൾ നഷ്ടപ്പെടുന്ന വൈകൃതങ്ങളുടെ പെരുങ്കാലങ്ങളിൽ ഇ.എം.എസിന്റെ വീട് സുരക്ഷിതത്വത്തിന്റെ വൻകോട്ടയായി മാറുന്നു.


സി. അനൂപ്


ഭാഷാപോഷിണി (മാർച്ച് 2010 ലക്കം 10)യിൽ പ്രസിദ്ധീകരിച്ച എസ്. ജയശ്രീയുടെ 'ശൂന്യം' എന്ന ചെറിയ കഥ ക്രമാത്മകമായ മനുഷ്യജീവിതത്തിന്റെ രൂപാവിഷ്ക്കാരങ്ങൾ കൊണ്ട് വ്യാഖ്യാനത്തിന്റെ മറുകരയിലേക്ക് അനസ്യൂതം നീന്തുകയാണ്. ജയശ്രീയുടെ കഥ ആരംഭിക്കുന്നത് ഇങ്ങനെയാണ്. "ഞാൻ അനക്കമറ്റ് കണ്ണുകളടച്ച് കിടന്നു. അരൂപികളായ അവർ എന്നെ മൂന്നുതവണ വലം വെച്ചു. അവർ എന്റെ വരണ്ടനാവിൽ രണ്ടുതുള്ളി കണ്ണുനീർ ഒഴിച്ചുതന്നു. രക്തംകൊണ്ട് അവർ എന്നെ പൊട്ടുതൊടുവിച്ചു. ദുഃഖം ചാലിച്ച് കണ്ണെഴുതി. ഒടുവിൽ മരണത്തിന്റെ മണമുള്ള ഒരു പുതപ്പുകൊണ്ടെന്നെ മൂടി." കവിതയുടെ ഭാവസ്പർശമാണ് ഇവിടെ ഭാഷക്ക്. അരൂപികൾ മുകളിലേക്ക് എത്തിപ്പെടുന്നു. എവിടേയോ എപ്പോഴോ കാത്തിരുന്ന ഒരു ശബ്ദം... ഒരാൾ പുതപ്പിനടിയിലൂടെ സ്നേഹം പങ്കുവെക്കുന്നു. അയാൾ കണ്ണുകളിൽ ചുംബിച്ച് നമുക്ക്പോകാം എന്ന് പറഞ്ഞപ്പോൾ പിന്നെ അവർ കാണുന്നത് ചുറ്റും നൃത്തം വെക്കുന്ന കറുത്ത നിഴലുകൾ മാത്രമാണ്. നക്ഷത്രങ്ങളും ചന്ദ്രനും ഇല്ലാത്ത ലോകത്തേക്ക് വലിച്ചെറിയപ്പെട്ടപ്പോൾ ശൂന്യതയിൽ ലയിച്ചപോലുള്ള ഒരവസ്ഥയുണ്ടാകുന്നു. പിന്നെ അർദ്ധശരീരയായ അമ്മയുടെ മടിയിൽ.... പിന്നീട് ഒരുപാട് അമ്മമാർ അതുപോലെ.... അവർ തന്ന നീലനിറമുള്ള എന്തോ ഒന്ന് കുടിച്ചപ്പോൾ അവരെ പോലെ തന്നെ ഇമകളനങ്ങാതെ കറുത്ത മെത്തയിൽ കിടന്ന് അതുവരെ കേൾക്കാത്ത എന്തൊക്കെയോ ശബ്ദം കേൾക്കുന്നു. മുന്നിൽ വെളുത്ത വാതിലുകൾ അടഞ്ഞതുപോലെ അവർക്ക് തോന്നി. ഏകാന്തത, പ്രണയം..... മാതൃത്വം... മൃതി തുടങ്ങിയ അവസ്ഥകളിലൂടെ ജീവിതം തെന്നിമാറുമ്പോൾ അർദ്ധബോധത്തിന്റെ അന്തപ്പുരങ്ങളിൽ സ്വപ്നങ്ങൾ തീർക്കുന്ന മുറിവുകളുടെ നിഴൽ നൃത്തങ്ങളായി കാച്ചിക്കുറുക്കിയ കവിതപോലെ ജയശ്രീയുടെ കഥയിൽ ഒരു കവിത തെളിയുന്നു.

സി.എം.സി. എഴുതിയ രാജീവന്റെ അച്ഛൻ (ദേശാഭിമാനി വാരിക ലക്കം 44, മാർച്ച്) ചെറിയൊരു കഥയാണെങ്കിലും മനുഷ്യജീവിതത്തിന്റെ ചില സമകാലിക അനുഭവങ്ങൾ അടയാളപ്പെടുത്തുന്നുണ്ട്. രണ്ടായിരത്തിപത്ത് എന്ന പുതുവർഷത്തിലേക്ക് വെറും ഒരു മണിക്കൂർ മാത്രം ബാക്കിനില്ക്കെ ടെലിവിഷൻ നിറയെ ലോകത്തിന്റെ പലഭാഗങ്ങളിൽ നിന്നുള്ള ആഘോഷതിമർപ്പുകളുടെ ദൃശ്യങ്ങളാണ്. ജപ്പാൻ, ഓസ്ട്രേലിയ, ഇന്ത്യ, ദുബായ്, ഇംഗ്ലണ്ട് തുടങ്ങിയ എല്ലാസ്ഥലത്തും പുതുവർഷപ്പിറവിയും കാത്ത് ജനങ്ങൾ ആഹ്ലാദിച്ചു മദിക്കുകയാണ്. ദൃശ്യങ്ങൾ കണ്ടു മടുത്ത അയാൾ ടെലിവിഷൻ ഓഫാക്കി കിടക്കുവാൻ പോയെങ്കിലും മനസ്സ് വിദൂരമായ ഏതോ പഴയ കാലത്തിന്റെ ഇരുട്ടിലൂടെ തപ്പിത്തടഞ്ഞു.... പിന്നീട് ഫോൺ ബുക്കെടുത്ത് അതിലെ നമ്പറുകളിലൂടെ കണ്ണോടിക്കുന്നു. ബന്ധങ്ങൾ കെടാതെ സൂക്ഷിക്കുന്നവരെ വിളിച്ചു ആശംസ പറയാൻ തീരുമാനിച്ചു. ആദ്യം അമ്മയെ വിളിച്ചപ്പോഴുണ്ടായ പ്രതികരണം "കാട്ടുകോഴിക്കെന്ത് മോനേ, വാവും, സംക്രാന്തിയും" എന്നാണ്. അത്തരം ഫോൺ വിളികളുടെ കൂടെ കൈമാറിയ വിശേഷങ്ങളൊന്നും നല്ല വിശേഷങ്ങളല്ല. മാർക്കറ്റിന്റെ മടുപ്പ്, നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം, രാഷ്ട്രീയ ഗുണ്ടായിസത്തിന്റെ കൈയ്യാങ്കളി തുടങ്ങിയവയാണ്... കൂട്ടത്തിൽ വിവാഹവും, ജനനവും മരണവും രോഗങ്ങളുമെല്ലാം കടന്നെത്തി.

വർഷങ്ങളായി വിളിക്കാതിരുന്ന ഒരു പഴയസഹപാഠിയെ അയാൾ വിളിക്കുന്നു. ഹലോ... സുഭാഷല്ലേ..... രാജീവാ... ഇത് ഞാനാണ് എന്നായിരുന്നു മറുപടി. താൻ രാജീവല്ല, നമ്പർ തെറ്റിയതാണ് എന്ന് തീർത്തുപറഞ്ഞിട്ടും...അയാൾ പറഞ്ഞത്..... രാജീവാ.... ഇത് ഞാനാണ് അച്ഛൻ എന്നാണ്. ഏറെനേരത്തെ മൗനത്തിന് ശേഷം അയാളുടെ തളർന്ന മറുപടി ഇങ്ങനെയായിരുന്നു. "നിങ്ങൾക്ക്.... നിങ്ങൾക്കെന്റെ മകന്റെ ശബ്ദമാണ്... അതേ ശബ്ദം. ക്ഷമിക്കണം.... എന്റെ മകനാണെന്ന് കരുതി ഞാൻ... എന്തൊക്കെയോ....." അതിർത്തികാക്കുന്ന ഭടനായും, പോലീസ് പിടിച്ചുകൊണ്ടു പോയ ഭീകരനായും, ജോലിതേടി നഗരങ്ങൾതോറും അലഞ്ഞു നടക്കുന്ന നിർഭാ

ഗൃവാനായും മണൽക്കാടുകളോടും മഞ്ഞിനോടും മല്ലടിക്കുന്ന പ്രവാസിയായും മദ്യത്തിൽ മുങ്ങിക്കിടന്ന് പുതുവൽസരം ആഘോഷിക്കുന്ന ആൾക്കൂട്ടത്തിൽ ഒരുവനായും രാജീവന്റെ രൂപം ജാഥയായി അയാളുടെ മനസ്സിലൂടെ കടന്നുപോയി.... മകനെ കാത്തിരിക്കുന്ന ഒരച്ഛന്റെ വിഹ്വലഹൃദയം തേടുന്ന വഴികൾ ‘രാജീവിന്റെ അച്ഛൻ’ എന്ന കഥയിലൂടെ സി.എം.സി. ആവിഷ്ക്കരിച്ചിരിക്കുന്നു. അതേസമയം തന്നെ ഏറ്റവും പ്രധാനപ്പെട്ട മറ്റൊരുകാര്യം കഥയിൽ പൊങ്ങിവരുന്നുണ്ട്. പിതൃത്വം മറക്കുന്ന പുതുതലമുറയുടെ ഉത്സവത്തിമർപ്പുകളും നിരാസങ്ങളും ജീവിതത്തിന്റെ സാംസ്കാരിക സംതുലിതാവസ്ഥയെ കീഴ്മേൽ മറിക്കുന്നുണ്ട് എന്നതാണ്.

(മാർച്ച് 22, 2010) മാധ്യമം ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിച്ച ഗൗതമന്റെ ‘കാക്കിയിലെ ചുവുപ്പുരാശി’ ചെറിയൊരു ഇതിവൃത്തമാണ് കൈകാര്യം ചെയ്യുന്നതെങ്കിലും കഥയുടെ കാൻവാസ് സമൂഹത്തിന്റെ പ്രതിഫലനങ്ങൾകൂടി രേഖപ്പെടുത്താനുള്ളതാണെന്ന് ഗൗതമൻ ഓർമ്മിപ്പിക്കുന്നു. പൊതുസ്ഥലത്ത് സിഗരറ്റ് വലിച്ചു എന്ന കുറ്റത്തിന് രാധാകൃഷ്ണൻനായർക്ക് സബ്ബ് ഇൻസ്പെക്ടർ നോട്ടീസ് കൊടുക്കുന്നു. ആലപ്പുഴ കോടതിയിൽ ഹാജരായി മജിസ്ട്രേറ്റിന്റെ മുൻപാകെ കാര്യങ്ങൾ വിശദീകരിച്ച രാധാകൃഷ്ണൻ നായർ നൂറ് രൂപ പിഴയടക്കാൻ തയ്യാറായിരുന്നില്ല. തന്റെ മനസ്സിലെ ന്യായങ്ങൾ നിരത്തിവെച്ചുകൊണ്ട് രാധാകൃഷ്ണൻ നായർ മജിസ്ട്രേറ്റിന്റെ മുന്നിൽ ചില അന്യായങ്ങൾ ബോധിപ്പിക്കുന്നു. ഒടുവിൽ അത്ഭുതമെന്നോണം രാധാകൃഷ്ണൻ നായർ കുറ്റ വിമുക്തനായി വീട്ടിലേക്ക് മടങ്ങുന്നു. അസംബന്ധങ്ങളും സാമൂഹ്യമായ അനാചാരങ്ങളും നിയമപാലനത്തിന്റെ മനുഷ്യപ്പറ്റില്ലായ്മയും നിറഞ്ഞൊഴുകുന്ന തടാകമായി ജീവിതം ചലനമറ്റു കിടക്കുമ്പോൾ വിചാരണ ചെയ്യാതെ കുറ്റമേറ്റെടുത്ത് പിഴയടക്കുന്നതിന്റെ സാംഗത്യം ചോദ്യം ചെയ്യുകയാണ് രാധാകൃഷ്ണൻനായർ. സമൂഹത്തെ സമുദായ പ്രമാണികൾ വീതം വെക്കുന്ന സൂചനകൾ കഥയിലുണ്ട്. നാരായണപ്പണിക്കർ, വകയിൽ വെള്ളാപ്പള്ളി നടേശന്റെ ഏട്ടനായിവരും എന്ന കഥയിലെ നിഗമനം വളരെ പ്രസക്തമായി തോന്നുന്നു. പെറ്റികേസുകളുടെ ക്വാട്ട തികയ്ക്കാൻ പരക്കം പായുന്ന നിയമം സത്യത്തിൽ നിയമലംഘനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതുപോലെയാവുന്നു. പിഴയൊടുക്കാതെ യോദ്ധാവിനെപോലെ പോരാടിയ രാധാകൃഷ്ണൻനായർ ചില ചെറിയ ചെറിയ



കേരളസാഹിത്യഅക്കാദമി പ്രസിദ്ധീകരിച്ച രണ്ടുപുസ്തകങ്ങൾ (തർക്കസംഗ്രഹദീപിക, ഇ. നാരായണന്റെ ഇടയന്റെ നിക്ഷേപം) ഒ.എൻ.വി. കുറുപ്പ്, പ്രൊഫ. എം.ആർ. ചന്ദ്രശേഖരന് നൽകി പ്രകാശിപ്പിക്കുന്നു. പുരുഷൻ കടലുണ്ടി, കെ.ഇ.എൻ. എന്നിവർ സമീപം

പോരാട്ടങ്ങളുടെ ചിഹ്നമായി തീരുന്നുണ്ട് ഗൗതമന്റെ ‘കാക്കിയിലെ ചുവപ്പുരാശി’ എന്ന കഥയിൽ.

മലയാളം വാരിക (26 മാർച്ച് 2010) യിൽ വന്ന സി. അനൂപിന്റെ ‘കടൽച്ചൊരുക്ക്’ എന്ന കഥ ഭൂമിയിലെ മനുഷ്യരുടെ രക്തപങ്കിലമായ അക്രമ പമ്പരയിലേക്കുള്ള വാതിൽ തുറന്നിടുന്നു. ‘ഭൂമിയിൽനിന്നും വിടപറഞ്ഞതിന്റെ ഒൻപതാം വർഷം തികയുന്ന പ്രഭാതത്തിൽ ഫാദർ മൈക്കൽ ആൽബിനോ ഒരു ഞെട്ടലോടെയാണ് പ്രഭാതത്തിലേക്കുണർന്നത്. ഒരിക്കൽകൂടി, ഒരിക്കൽകൂടി മാത്രം ഭൂമിയിലേക്ക് തിരിച്ചുപോകണമെന്ന് ആൽബിനോ ആഗ്രഹിച്ചു”- എന്നു പറഞ്ഞു തുടങ്ങുന്ന കഥയുടെ ആഖ്യാനം റിയലിസ്റ്റിക് ആയ ഒരു ഘടനയിലൂടെയല്ല കടന്നുപോവുന്നതെങ്കിലും ചില നേരുകളുടെ ചിത്രങ്ങൾ വരച്ചിടാൻ ശ്രമിക്കുമ്പോൾ തീർച്ചയായും കഥ മറികടക്കുന്ന പരിമിതികൾ എന്ന നിലയിൽ മരണത്തിന്റെ ലോകത്തുനിന്നും ജീവിതത്തിലേക്ക് തിരിച്ചുവരുന്ന കണ്ണും കാതും അനൂപിന്റെ കഥയിലുണ്ട്. ഫാദർ മൈക്കൽ ആബിനോവും ഫാദർ സെർബി ഫെർണാണ്ടസ്സും സ്വർഗ്ഗത്തിൽനിന്നും ഭൂമിയിലേക്ക് തുറക്കുന്ന ഏകകവാടത്തിലൂടെ സഭാവസ്ത്രങ്ങളണിഞ്ഞ് ഭൂമിയിലെക്കു നോക്കുമ്പോൾ കാണുന്നത് ‘തീപ്പന്തങ്ങളും മാരകായുധങ്ങളുമായി പരസ്പരം കൊന്നും വെന്നും മുന്നേറുന്ന ജനക്കൂട്ടത്തിനെയാണ്. ഭൂമിയിലേക്കിറങ്ങാൻ തുടങ്ങിയ മൈക്കൽ ആൽബിനോവിനോട് സെർബി ഫർണാണ്ടസ് പറയുന്നത്, ‘ഭ്രാന്തിളകിയ ജനക്കൂട്ടത്തെ, അവരുടെ ഭ്രാന്ത് ശമിക്കും വരെ സ്വതന്ത്രരായി വിടുകയാണ് വേണ്ടത്’ എന്നാണ്. ‘ഉൻമാദത്തിന്റെ ഉഷ്ണമാപിനിയിൽ ശമനത്തിന്റെ തണുത്തകാറ്റ് വീശാതെ’ ജനക്കൂട്ടത്തെ ശാന്തരാക്കാൻ കഴിയില്ലെന്ന് അവർമനസ്സിലാക്കുന്നു. മതഭ്രാന്തിന്റെ സീൽക്കാരങ്ങളെ അനൂപ് ഇങ്ങനെ അടയാളപ്പെടുത്തുന്നു, ‘ചന്ദ്രക്കലയും നക്ഷത്രവും പതിച്ച വാളുകൾ, കുരിശിന്റെ അടയാളം കൊത്തിയ കഠാരകൾ എന്നൊക്കെയാണ്. ഒടുവിൽ ഭ്രാന്തിന്റെ ഉൻമാദങ്ങളിൽ മരണത്തിന്റെ കൊയ്ത്ത് നടത്തിയവർക്കിടയിൽ നിന്നും അവർക്ക് പലായനം ചെയ്യേണ്ടിവരുന്നു. ‘കാറ്റിലൂടെ, തിരമാലകളിലൂടെ, കാണാക്കയങ്ങളിലൂടെ ഭൂമിയിലേക്ക് തിരിച്ചു വരാനാഗ്രഹിക്കാത്തവർ യാത്രപോകുന്ന ഇടുക്കുകളിലൂടെ ഫാദർ സെർബിനോ അതിവേഗം നടന്നു. ഭൂമിയുടെ ശബ്ദങ്ങളും ഗന്ധങ്ങളും പിന്തുടർന്നു വന്നെങ്കിലും ഫാദർ മൈക്കൽ ആൽബിനോ തന്നിൽവന്നുചേർന്ന ചിറകുകൾ വീശി ആകാശത്തേക്കുയർന്നു’- എന്നുപറഞ്ഞാണ് കഥ അവസാനിക്കുന്നത്. ഭൂമിയിലെ സ്വർഗ്ഗങ്ങളിൽ മതവർഗീയതയുടെ ആയുധങ്ങൾ പാപത്തിന്റെ രക്തമൊഴുക്കുമ്പോൾ നരകവാതിൽ തുറക്കുന്ന അനുഭവത്തെയാണ് സി. അനൂപിന്റെ ‘കടൽച്ചൊരുക്ക്’ കാണിച്ചുതരുന്നത്.

എഴുത്തുകാരന്റെ വിഹ്വലതകൾ വായനക്കാരൻ ഏറ്റെടുക്കുമ്പോൾ മാത്രമേ സാമൂഹ്യബോധത്തിന്റെ സ്ഥലരാശികളിൽ മാറ്റമുണ്ടാവുകയുള്ളൂ.... അതുകൊണ്ട്തന്നെ അലസമായ വായനകൾക്കപ്പുറത്ത് സംഘർഷഭരിതമായ ഒരു വായന പുതിയ അവബോധങ്ങളെ നിർമ്മിക്കും. പുതിയ അവബോധങ്ങളിൽനിന്നു മാത്രമേ പുതിയ ഉദയവും ഉണ്ടാവുകയുള്ളൂ. ■


**കവനകൗതുകം** ശ്ലോകമാസിക

അഖിലകേരളഅക്ഷരശ്ലോകപരിഷത്തിന്റെ മുഖപത്രം

**വാർഷികവരിസംഖ്യ 50 രൂപ**

*ആവശ്യപ്പെടുക:* **സെക്രട്ടറി, അഖിലകേരളഅക്ഷരശ്ലോകപരിഷത്ത്, റൂം 11, കോർപ്പറേഷൻ സ്റ്റേഡിയം, തൃശൂർ – 20.**








# അനുഭവവും ആവിഷ്കാരവും

## ജയശീലൻ പി.ആർ.

കവിത ഒരേ സമയം വ്യക്തിയിൽനിന്ന് സമൂഹത്തിലേയ്ക്കും സമൂഹത്തിൽനിന്ന് വ്യക്തിയിലേയ്ക്കും നിരന്തരം സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. വ്യക്തിയിലെ സമൂഹത്തെയും സമൂഹത്തിലെ വ്യക്തിയേയും നിരന്തരം ഉണർത്തിക്കൊണ്ടിരിക്കുന്നു. ഇതൊരു പാരസ്പര്യഭാവമാണ്. വ്യക്തിയുടേതെന്ന് പറയുന്ന അനുഭവങ്ങളെല്ലാം സമൂഹത്തിന്റേതുകൂടിയാണ്. നാം പങ്കിടുന്ന പൊതുവായ ആശങ്കകളും പ്രതീക്ഷകളും തന്നെയാണ് നമ്മുടെ സ്വപ്നങ്ങൾക്കു ജന്മം നൽകുന്നത്. കവിത പ്രവർത്തനക്ഷമമാകുന്നത് ബോധാബോധങ്ങളുടെ അതിർവരമ്പുകളിലെവിടെയോ വെച്ചാണ്. ഞാൻ എന്നുള്ള പ്രയോഗം കവിതയിൽ വരുന്നുണ്ടെങ്കിൽ ആ അഹംബോധം പോലും നമുക്കു ചിലതു പറയാനും നമ്മുടെ ലോകം നിർമിക്കാനും ആവശ്യമായ ഒരു പ്രതീതി മാത്രമാണ് കവിത എല്ലായ്പോഴും. ഒരു ഭാഷാനുഭവമെന്ന നിലയിൽ വ്യക്തിയെ കവിഞ്ഞു നിൽക്കുകയും സമൂഹത്തെ പുലർന്ന് നില്ക്കുകയും ചെയ്യുന്നു. അതുകൊണ്ട് ഈ ആധുനികാനന്തര കാലഘട്ടത്തിൽ പോലും കവിതയുടെ സാമൂഹികാർത്ഥം ചോദ്യം ചെയ്യപ്പെടാത്തതാണ്.



കെ.ജി. ശങ്കരപ്പിള്ള

മാസക്കവിതാവലോകനം എന്ന പേരിൽ വർത്തമാനകാല കവിതകളിലൂടെ കടന്നു പോകുമ്പോൾ ഒരു കാര്യം വ്യക്തമാകുന്നു. അനുഭവത്തിനും ആവിഷ്കാരത്തിനും ഇടയിലുള്ള ദൂരം എത്ര കണ്ട് കുറയ്ക്കാം എന്നുള്ളതുതന്നെയാണ് എഴുത്തുകാരൻ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. പ്രമേയത്തിന് പ്രധാന്യമുണ്ടെങ്കിലും എങ്ങിനെ ആവിഷ്കരിക്കണം എന്നത് അതിനേക്കാൾ പ്രധാന്യം കൈവരിക്കുന്ന ഒന്നായി മാറിയിരിക്കുന്നു.

യഥാർത്ഥകവി ത്രികാലജ്ഞാനിയാകണം. പലതലങ്ങളിൽ വികസിക്കാവുന്ന കാവ്യബീജങ്ങൾക്കുവേണ്ടിയുള്ള കഠിന തപസ്സാവണം കാവ്യസപര്യ. കാലത്തിന്റെ സൂക്ഷ്മമായ മിടിപ്പുകൾ പോലും കവിതയുടെ മിടിപ്പാവുന്നിടത്താണ് കെ.ജി. ശങ്കപ്പിള്ളയുടെ 'അടുത്ത്' (സമകാലികമലയാളം മാർച്ച് 5) പ്രസക്തമാകുന്നത്. ഏതു സ്ഫോടനമാണ് വലിയ വിജയം? ദില്ലിയിലേയോ, മുംബെയിലേയോ ഇതോ എന്ന് നാസറോട് ചാനൽ റിപ്പോർട്ടർ നീന ചോദിക്കുന്നിടത്ത് കവിത ആരംഭിക്കുന്നു. കേവല ശരീരങ്ങൾക്കപ്പുറം ഓർമയിൽ കത്തിക്കരിഞ്ഞുപോയത് അനുഭവം, അർത്ഥം, വിശ്വാസം, സ്നേഹം, സ്വപ്നം എന്നിവ ഉൾക്കൊണ്ടിരുന്ന സൂക്ഷ്മഭാഷയാണ്. കൊല്ലപ്പെട്ടവരുടെ സ്വരം പറഞ്ഞുതുടങ്ങി ഒടുവിൽ കൊന്നവരുടെ ഭാഷ തെളിഞ്ഞുതുടങ്ങുകയും ചെയ്യുമ്പോൾ അധിനിവേശഭാഷ പൂർണമാകുന്നു.



സച്ചിദാനന്ദൻ

ഇതിഹാസത്തിന്റെ ആഴങ്ങളിൽ നിന്നുപോലും കേൾക്കാൻ കഴിയുന്നത് പകിടയുടെ ഉരുട്ടും വസ്ത്രാക്ഷേപച്ചിരിയുമാണ്.

> ധർമം മണത്ത്
> ആരുടെ പിന്നാലെ പോണം
> ഇനി സ്വർഗത്തിലേക്കെന്നറിയാതെ
> പെരുവഴിയിൽ കുഴങ്ങുന്നു
> ചില വാലുകൾ.

നാസർ ഉന്നം വെച്ച വിജയം ഇതാണോ എന്ന ചോദ്യത്തിന് ഉത്തരമായത് നാസറുടെ തുറന്ന വായാണ്. നാവ് അറുത്തുകളഞ്ഞ വായിൽ ഊറിനിറയുന്നത് ഭാഷയുടെ ചുവന്ന ചോരയാണ്. ഈരേഴു പതിനാലു ലോകങ്ങളേയും ചുടാനൊരുങ്ങുന്ന ചൂള.

രൂപവും ഭാവവും സമന്വയിക്കുന്നിടത്ത് കവിതയുടെ ഗണിതം പൂർത്തിയാകുന്നു. സർഗപ്രക്രിയയെക്കുറിച്ചെഴുതിയിട്ടുള്ള സച്ചിദാനന്ദന്റെ തന്നെ മുൻകവിതകളുണ്ട്. ഒരർത്ഥത്തിൽ അത് അനുഭവത്തിനും ആവിഷ്കാരത്തിനും ഇടയ്ക്കുള്ള ദൂരം അടയാളപ്പെടുത്തലാണ്. 'അത്രയേ ഉള്ളൂ' (മാതൃഭൂമി മാർച്ച് 14) ഈ ദൂരത്തെ ഏറ്റവും കുറച്ച് കാണിക്കുന്നു.

> നായ മൂത്രമൊഴിച്ച്
> പോയ വഴി നോക്കി വെയ്ക്കും പോലെ
> ജീവൻ നാറുന്ന വാക്കുകൾ കൊണ്ട്
> ഞാൻ നടക്കുന്ന വഴി അടയാളപ്പെടു
> ത്തുന്നു
> അത്രയേ ഉള്ളു.

ഭാഷയിൽ ഭാഷ സൃഷ്ടിച്ച് കവി തന്റെ ഇടം വേർതിരിച്ചു നിർത്തുന്നു.

സച്ചിദാനന്ദന്റെ തന്നെ രണ്ടു കവിതകൾ 'മിച്ചം' (മാധ്യമം, മാർച്ച് 8) 'മരക്കാലിന്റെ ആത്മഗതം' (കലാകൗമുദി, മാർച്ച് 14) എന്നിവകൂടി പരാമർശിക്കേണ്ടതുണ്ട്. മിച്ചം എന്ന വാക്കിന്റെ സാമൂഹികാർത്ഥത്തെ മനുഷ്യജീവിതത്തോട് ബന്ധപ്പെടുത്തിയെടുത്തിരിക്കുന്നത് വളരെ വ്യത്യസ്തമായാണ്. അതിസൂക്ഷ്മമായ ജീവിത നിരീക്ഷണം കവിതയെ അത്രമേൽ സുതാര്യവുമാക്കിത്തീർക്കുന്നു.

> ഇരുപതാണ്ടു മുമ്പുണ്ടായ ഒരു വീഴ്ച
> മുതുകെല്ലിൽ മുക്രയിട്ടുകൊണ്ടു
> രയ്ക്കുമ്പോൾ
> നമുക്കു വയസ്സാകുന്നു.

ഇരുപതാണ്ടു മുമ്പത്തെ ഒരു വീഴ്ച മുതുകല്ലിൽ മുക്രയിട്ടുകൊണ്ടുരയ്ക്കുക. മുപ്പതാണ്ടു മുമ്പത്തെ

പ്രണയം ഹൃദയത്തിൽ ഓരിയിട്ട് പല്ലമർത്തുക. അമ്പതാണ്ടു മുമ്പത്തെ കളിച്ചങ്ങാതിയുടെ മരണം ചിന്നം വിളിച്ച് ശിരസ്സ് ചവിട്ടിയരയ്ക്കുക. വികാരച്ചോർച്ചയില്ലാതെ പ്രകൃതത്തെ മുഴവൻ ഉൾക്കൊള്ളുന്ന ഒരു ഭാഷ നാമിവിടെ അനുഭവിക്കുന്നു.

മരക്കാലിന്റെ ആത്മഗതം മരക്കാൽ നിരത്തുന്ന ചില ലളിതമായ പ്രസ്താവനകളാണ്. മറുകാലിന്റെ മാംസഭാഷ അറിഞ്ഞുകൂടാത്ത, പുറപ്പെടുന്നിടമോ, എത്തുന്നിടമോ, അറിഞ്ഞുകൂടാത്ത വിശപ്പോ കാമമോ ഒരു പ്രേരണയും ചെലുത്താത്ത ഘോഷയാത്രയും വിലാപയാത്രയും ഒരുപോലെയായ മരക്കാൽ.

ഇതൊക്കെയാണെങ്കിലും രണ്ടിൽ ഒന്നാകുന്ന മരക്കാലിന് സന്ദർഭം അർത്ഥം നൽകുന്നു. സാമാന്യചിന്തയിൽ രണ്ടുകാലിൽ ഒന്നുതന്നെയാണ് മരക്കാൽ എന്നും വരുന്നിടത്ത് കുറച്ചും കൂട്ടിയും കൂട്ടിയും കുറച്ചും നാം കണ്ടെത്താൻ ശ്രമിക്കുന്ന കേവലജീവിതത്തിന്റെ ഗണിതം അപ്രസക്തമാകുന്നു. ജൈവസമൃദ്ധമായ ഒരു പരിസരത്തിലാണ് സച്ചിദാനന്ദന്റെ ഈ മൂന്നു കവിതകളും ഉൺമ തേടുന്നത്.


ഡി. വിനയചന്ദ്രൻ

ഡി. വിനയചന്ദ്രന്റെ രണ്ടു കവിതകൾ 'പരേതരും' 'പ്രണയവും തത്സമയം' (മാധ്യമം മാർച്ച് 15) അതിന്മേൽ ആഴത്തിൽ പരസ്പരബന്ധിതമായി മരണത്തെക്കുറിച്ചും, പ്രണയത്തെക്കുറിച്ചും പറയുന്നു. മരിച്ചവരെ ഓർമ്മിപ്പിക്കാതിരിക്കാൻ വഴി ഒരുക്കേണ്ട പ്രകൃതി അതിന്റെ തന്നെ അനവധി വൈവിധ്യങ്ങളിലൂടെ മരണത്തെ ഓർമിപ്പിക്കുകയാണ് ചെയ്യുന്നത്. ഇതെല്ലാം ഇങ്ങനെയിരിക്കെ ഭൂകമ്പം സൃഷ്ടിച്ച ദാരുണമായ മണ്ണാണ് കവിയുടെ പ്രണയസ്ഥലം. അവിടെ മരണത്തിൽനിന്ന് വീണ്ടെടുക്കേണ്ട ജീവിതമുണ്ട് പ്രണയമുണ്ട്.

ഭൂമിക്കടിയിലെ എണ്ണക്കിണറുകളിൽ
മുങ്ങിപ്പോയ അമ്മയേയും ആദിത്യനേയും
വീണ്ടെടുക്കണം

ഒരു തലയോടിനുള്ളിൽ ഇരിക്കുന്ന ഇളംമഞ്ഞ ശലഭം ഇടിഞ്ഞുപൊളിഞ്ഞ ആത്മാവുകൾക്കിടയിൽ പെട്ട സുറുമയും മോതിരവും വീണ്ടെടുക്കുന്നിടത്ത് കവിത അവസാനിക്കുന്നില്ല. തുടർഭൂകമ്പങ്ങൾ ഉണ്ടാകാം...... എന്ന അവസാനവരി ജീവിതത്തെ കവിതയെ അത്രമേൽ പ്രണയനിർഭരവും മരണനിർഭരവും ആക്കി മുന്നോട്ടു കൊണ്ടുപോകുന്നു.

ഒരു ചിരട്ട വെള്ളത്തിൽ ഒരു കുഞ്ഞുസൂര്യനെ കാണുന്ന അണുവിൽ സൗരയൂഥങ്ങൾ തിരയുന്ന മർത്ത്യനിൽ മഹാഭാരതങ്ങൾ തേടുന്ന ഒ.എൻ.വി. യുടെ കാവ്യദർശനം 'ദിനാന്തം' (കലാകൗമുദി) എന്ന ഖണ്ഡകാവ്യത്തിലൂടെ വീണ്ടും അനാവൃതമാകുന്നു. ആൾത്തിരക്കിന്റെ രൗദ്രകീർത്തനങ്ങളിൽ നിന്ന് വേറിട്ടുനില്ക്കുന്ന ആർദ്രമധുരമായ സ്വരം ഇങ്ങനെ പാടുന്നു.

ഒറ്റയൊരക്ഷരം മാറ്റിക്കുറിക്കുവാ-
നൊക്കുകില്ലെങ്കിലും, വാഴ്‌വിന്റെ
പുസ്തക-
ത്താളിലിതുവരെ കാലം കുറിച്ചിട്ട-
താദിപർവം മുതൽ മുന്നിൽ തെളിയവേ,
പോക്കുവെയിൽ തൊട്ടു പൊൻതരിയാ
ക്കുന്ന
വാക്കുകളാൽ ഞാൻ ചിലതു
പകർത്തുന്നു.



ചെമ്മനം ചാക്കോ

കമലാദാസ് അവസാനകാലത്ത് എഴുതിയ പതിനെട്ടു കവിതകൾക്ക് സച്ചിദാനന്ദൻ നൽകിയ വിവർത്തനം (മാതൃഭൂമി, മാർച്ച് 21) 'കമലാദാസിന്റെ അന്ത്യകവിതകൾ' എന്ന ശീർഷകത്തിൽ പ്രസിദ്ധീകരിച്ചിരിക്കുന്നു. ജീവിതത്തെക്കുറിച്ച് മരണത്തെക്കുറിച്ച് പ്രണയത്തെക്കുറിച്ച്, മതത്തെക്കുറിച്ച് പരാമർശിക്കുന്ന ഈ രചനകൾക്ക് സുതാര്യമായ വിട്ടുവീഴ്ചയില്ലാത്ത സത്യസന്ധതയും ഭാവസംവേദനശേഷിയും നഷ്ടപ്പെട്ടിട്ടില്ലെന്ന് വിവർത്തകൻ തന്നെ സാക്ഷ്യപ്പെടുത്തുന്നു.

'ഗവേഷകർ' എന്ന നാലുവരിക്കവിതയിൽ അവർതന്നെ പറയുന്നു,

മരണത്തിന്റെ പടിവാതിലിൽ പോലും
ഒരു ഗവേഷണ വിദ്യാർത്ഥിക്ക്
എന്നും ഓർക്കാവുന്ന ഒരു
വിരുന്നാകാൻ കവിക്കു കഴിയും.

ചെമ്മനം ചാക്കോയുടെ മുല്ലപ്പെരിയാർ (ദുരന്തം) (കലാകൗമുദി മാർച്ച് 21) മുല്ലപ്പെരിയാർ അണക്കെട്ടിൽ ഉണ്ടായ ചോർച്ചയും പിന്നീട് അതിനെക്കുറിച്ച് പഠിക്കാനെത്തുന്ന കേന്ദ്രസംഘവും റിപ്പോർട്ടുകളും ഒക്കെയാണ്.


കുരീപ്പുഴ ശ്രീകുമാർ

നാലാണ്ടു മുന്നോട്ടി
ഴഞ്ഞുപോയ് കൂടുന്നു
കാലക്രമമൊത്തു ഡാമിലെ ചോർച്ചകൾ

ഒടുവിൽ കഠിന ശബ്ദത്തോടെ ഡാം പൊട്ടിപൊളിയുമ്പോൾ തമിഴുമലയാളവും ആയിരമാളുകളും വീടും കുട്ടികളും മേയും മൃഗങ്ങളും എല്ലാം കല്ലിച്ച നിയമത്തോടൊത്തു വെള്ളത്തിലാകുന്നു. ഉന്മൂലനം ചെയ്യപ്പെടേണ്ട നിരവധി വർത്തമാനകാല വൈകൃതങ്ങളെ കാവ്യാസ്വാദനത്തിലൂടെ അനുവാചകശ്രദ്ധയിൽപ്പെടുത്തുന്ന കവി ഹാസ്യരസം തിരുത്തൽ ശക്തിയായി ഉപയോഗിക്കുന്നു.

കുരീപ്പുഴ ശ്രീകുമാറിന്റെ കൈലാസൻ (മാതൃഭൂമി മാർച്ച് 28) കൈലാസൻ എന്ന വ്യക്തിയെക്കുറിച്ചാണ്.സമൂഹമദ്ധ്യത്തിലെ കൈലാസന്റെ പ്രവർത്തനങ്ങളെ കവി വരച്ചുകാണിക്കുന്നത് ഹൃദയ താളത്തോടെയാണ്.

മണലിന്റെ മരണത്തിൽ
കൊടികുത്തും കനലായി
ഫയലെല്ലാം മലയാളം
വയലിന്റെ ലയമേളം
നദിവറ്റും കാലത്ത്
പ്രതിഷേധക്കലിയായി
മതബോംബിൻ മാറത്ത്
നിർവീര്യച്ചിമ്മാനി
നടനടയായ് നാട്ടിന്റെ
നടുവേപോയ് കൈലാസൻ.

കൈലാസന്റെ ജീവിതപ്രമാണം മാനവികമായ സ്നേഹസങ്കല്പമാണ്. ലോകത്തിന്റെ അവസ്ഥയിൽ വല്ലാതെ ദുഃഖിതനുമാണ് കൈലാസൻ. തന്റെ ഇരുകണ്ണുകളും രണ്ടാൾക്ക് വഴിച്ചൂട്ടായി നൽകുന്നതിലൂടെ കൈലാസൻ നമ്മുടെയൊക്കെ കാഴ്ചയായി മാറുന്നു. എഴുതാതെ മൊഴിയാതെ അകാലത്തിൽ പിരിഞ്ഞ കൈലാസന്റെ ജീവിതവും കുരീപ്പുഴയുടെ കാവ്യജീവിതവും ഒന്നിക്കുന്നിടത്താണ് കൈലാസൻ എന്ന കവിതയുടെ പിറവി. മതേതരകാവ്യബിംബങ്ങളുടെ സമൃദ്ധമായ ഉപയോഗം കുരീപ്പുഴയുടെ കാവ്യരചനയിലുടനീളം കാണാം.

പി.എൻ. ഗോപീകൃഷ്ണന്റെ ഇടിക്കാലൂരി പനമ്പട്ടടി (മാതൃഭൂമി, മാർച്ച് 7) വ്യക്തിയെ കുറിക്കുന്ന രചനതന്നെയാണ്. ഗോപീകൃഷ്ണന്റെ കവിതയുടെ പിറവിയും വളർച്ചയും അനവധി സാദ്ധ്യതകളെ മുൻനിർത്തി തരുന്നു. പാഠത്തിലോ പത്രത്തിലോ എൻസൈക്ലോപീ


പി. എൻ. ഗോപീകൃഷ്ണൻ

ഡിയ ബ്രിട്ടാനിക്കയിലോ ഗൂഗിളിന്റെ സർവാംഗ ലോകങ്ങളിലോ തിരഞ്ഞാൽ കിട്ടാത്തവനാണ് ഇടിക്കാലൂരി പനമ്പട്ടടി. പനമ്പട്ടടി കേരളത്തിൽ പ്രവേശിച്ച ശേഷം എന്തു സംഭവിച്ചു എന്ന ചോദ്യത്തിന് ഒട്ടനവധി സാധ്യതകൾ നിറഞ്ഞ ഉത്തരമാണുള്ളത്. കവിതയിലുടനീളം ഒരു കേരളീയമനസ്സ് ഒളിഞ്ഞും തെളിഞ്ഞും വ്യാപരിച്ചുകിടക്കുന്നു. അനിർവചനീയമായ സങ്കീർണ്ണമായ ഗുണവിശേഷത്തെ വാക്കുകളിലേക്ക് സംക്രമിപ്പിക്കുന്നിടത്താണ് പനമ്പട്ടടിയുടെ ചരിത്രവും പിൽക്കാലത്തുണ്ടായ പരിണാമവും കാവ്യരൂപം ആർജ്ജിക്കുന്നത്.



വി.കെ. ശ്രീരാമൻ

വി.കെ. ശ്രീരാമന്റെ കമ്പിപ്പാലം (ഭാഷാപോഷിണി) ഒരു സ്ഥലനാമമാണെങ്കിലും യാഥാർത്ഥ്യത്തിനും സങ്കല്പത്തിനും ഇടയ്ക്കുള്ള ഒരു പാലമാണ്. ജീവിതത്തിനും മരണത്തിനും ഇടയ്ക്കുള്ള പാലമാണ്. പാലമില്ലാത്തിടത്ത് പേരിൽമാത്രം പാലം ഉള്ള സ്ഥലമാണ്. ഹൃദ്യമായ വാമൊഴിയിലൂടെ കവിത മുന്നോട്ടുപോകുമ്പോൾ മരണവും ജീവിതവും ഒരേപോലെ ആകസ്മികമായ അനുഭവങ്ങളാകുന്നു. ഇല്ലാത്തിടത്തുള്ള പാലം ഒരു വാക്കാൽ കരാറുപോലെ കയ്യിനും കഴുത്തിനും ഇടയ്ക്കുള്ള താലീബന്ധംപോലെ കല്യാണമണ്ഡപം പോലെ കഥ പോലെ വിസ്മയമാകുന്നു.

കവിക്കോ കഥാകൃത്തിനോ ചന്തയ്ക്കു
പോകുന്ന
പൊരുത്തക്കാരനോ അവിടെനിന്നു
കയറാം
അവിടെ ഇറങ്ങാം
തുടരാം യാത്രകൾ
ഒരു കടങ്കഥയാണ് കമ്പിപ്പാലം
കടമുള്ള കഥ

പോയകാലത്തെ വർത്തമാനത്തിലേയ്ക്ക് എത്തിക്കുന്ന അപൂർവ വിദ്യയുണ്ട് കവിതയിൽ

ബസ്സിടിച്ചു മരിച്ച കേശുപ്പണിക്കർ
എപ്പോഴാണ് ക്രോസ് ചെയ്യുക എന്നറിയില്ല
മാത്രമല്ല കമ്പിപ്പാലം
നമ്മുടെ യാത്രയിലെ ഒരു വളവാണ്
ഒടിവാണ് ഒടിവിദ്യയാണ്
ഉണർന്നേ ഇരിക്കണം
എന്നുള്ള മുന്നറിയിപ്പാണ്.

കവിതന്നെ പറയുന്നു. ഇതൊന്നും കാര്യമാക്കേണ്ട. കാരണം കമ്പിപ്പാലം തന്നെ. തോടോ പുഴയോ ഇല്ലാത്തിടത്ത് എങ്ങനെയാണ് പാലം. പക്ഷേ വീണ്ടും കേശുപ്പണിക്കർ പരേതനാണ് എന്നുള്ളതും നമ്മുടെ ജീവിതം അങ്ങനെ അല്ല എന്നുള്ളതും തുടർച്ചയായി ജീവിതമെന്ന അനിശ്ചിതത്വത്തെ മനോഹരമായി അനുഭവിപ്പിക്കുന്നു.



വി.എസ്. അനിൽകുമാർ

അന്തരീക്ഷം കൊണ്ടും പാത്രസൃഷ്ടി കൊണ്ടും അവതരണംകൊണ്ടും വൈചിത്ര്യം പുലർത്തുന്ന രണ്ടു രചനകളാണ് ജ്യോതിഭായ് പരിയാടത്തിന്റെ കൊടിച്ചി (സമകാലികമലയാളം മാർച്ച് 19), വി.എസ് അനിൽകുമാറിന്റെ സ്വഭാവോക്തി (സമകാലികമലയാളം മാർച്ച് 19). കൊടിച്ചിയിൽ പ്രാദേശികപ്പെരുമയായ കണ്യാർകളിയുടെ അനുഭവം നാട്ടുമ്പുറത്തിന്റെ കൂട്ടായ്മയിലൂടെയും വാമൊഴിപ്പറ്റിലൂടെയും പുതുഭാവം വിടർത്തുന്നു.

പന്തലിനു ചുറ്റും
പായിലും പനമ്പിലും
ശൈശവം മുലയുണ്ടുറങ്ങും
ബാല്യം പാതിക്കണ്ണു മിഴിക്കും
പൊടിമീശ ദാവണിയെ കണ്ണെറിയും.

പാടിപ്പാടി നാവുകുഴയുമ്പോൾ ആടിയാടി കാലുകുഴയുമ്പോൾ കാരണവർ വക കൊടിച്ചിക്ക് പൊടകൊടയുണ്ട്. ആട്ടചോട് ഗവേഷണത്തിനും പാട്ടുവരി പാഠപുസ്തകത്തിനും പങ്കുവെക്കപ്പെടുമ്പോൾ കൊടിച്ചിപ്പൊറാട്ട് ദേശപ്പൊരുളായി നിലനിൽക്കുന്നു.

അണുകുടുംബത്തിലെ കുടുംബനാഥൻ കടന്നുപോകുന്ന മൂന്നു ദിവസങ്ങളുടെ വിശദീകരണ വിവരണമാണ് സ്വഭാവോക്തി എന്ന അനിൽകുമാറിന്റെ കവിത ആഖ്യാനരീതി സംവേദനത്തിന് തടസ്സം നിൽക്കുന്ന ഒന്നല്ല. വാമൊഴിയുടെ പല ഗുണങ്ങളിൽ ഒന്ന് കഥാഖ്യാനത്തിന് അവകാശപ്പെടാവുന്ന വിശദീകരണ താല്പര്യമാണ്. വർത്തമാനകാലാവസ്ഥയിലെ ജീവിതത്തെ അതേപടി പകർത്തി നീട്ടുന്ന ഒന്നാക്കുന്നു രചന. മുൻകുറിപ്പോ പിൻകുറിപ്പോ ഇല്ലാതെ കവിത ജീവിതത്തിൽനിന്നും ചീന്തിയെടുത്ത ഒരേടായി നിലനിൽക്കുന്നു.



സെബാസ്റ്റ്യൻ

ബിലു സി. നാരായണന്റെ 'നാലായി പകുത്തത്' (മാധ്യമം മാർച്ച് 22) ഒറ്റയ്ക്കിരുന്ന് ഉച്ചയൂണ് കഴിക്കുമ്പോൾ തോന്നിയ ഒരു പൂർവാനുഭവമാണ്. ഊണിന് ചുറ്റും കൂട്ടിയിരിക്കുന്ന രുചിക്കുതകാത്ത ഉപദംശങ്ങളിൽനിന്ന് ഓർമയിലെത്തുന്നത് കൂടപ്പിറന്നവരുമായി ഒന്നിച്ചുകഴിച്ച് സംതൃപ്തിയടഞ്ഞ ദിനങ്ങളാണ്. അലിവോടെ പകുക്കാൻ ഇല്ലാത്തതു തേടി വിരലിട്ടിളക്കുന്ന ചേച്ചിയെയാണ്. ആ ചേച്ചിയാണെങ്കിലോ

എത്ര പണപ്പാകം വന്നിട്ടും
നിലത്തുവീണതെടുത്ത്
തുടച്ചു തിന്നാതിരിക്കാൻ മാത്രം മനപ്പാകം
ഇനിയുമെത്താത്ത തലയ്ക്കു മൂത്തവൾ

അപരിമിതങ്ങളുടെ അലസസമൃദ്ധിയിൽ നാം ഈ പകുത്തു കഴിക്കലിന്റെ സ്നേഹവും സഹകരണവും മറക്കാതിരിക്കണം. പകുത്തുപങ്കിടുന്നവർ മാത്രം അന്നത്തോട് ബാക്കിവെക്കുന്ന ആദരവുള്ള ഒരു ചെറുകൊതിയുണ്ട്. മനുഷ്യസഹജമായ ആ അവസ്ഥയെ ആഴത്തിൽ തൊടുന്നു എന്നുള്ളതാണ് ഈ കവിതയുടെ സവിശേഷത. എല്ലാം ചേർത്ത് ഒതുക്കി കവിത ഇങ്ങനെ അവസാനിക്കുന്നു.

"അമ്പിളിമാമനും പാപ്പമായ് തോന്നുന്ന
ആശയുടെ രൂപകം'

നമുക്കിടയിൽ ദാരുണമായ വർഗ്ഗീയ സംഘട്ടനങ്ങളും കലാപങ്ങളും എങ്ങിനെ ഉണ്ടാവുന്നു എന്നു ചോദിച്ചാൽ കാരണം വളരെ ലളിതമാണ് സെബാസ്റ്റ്യൻ എഴുതിയ 'ഇവരുടെ ഒരു കാര്യം' (പച്ചക്കുതിര) ഈയൊരവസ്ഥയുടെ കാരണം തേടുന്നു. ആകാശങ്ങളിലേയ്ക്ക് ഉയർന്നു നിന്നിരുന്ന മിനാരങ്ങളും ഗോപുരങ്ങളും താഴികക്കുടങ്ങളും ഒരുദിവസം മണ്ണിൽ കുത്തി മലർത്തിയിട്ട ആമകളെപോലെ കീഴ്മേലായി.

വിശ്വാസികൾ പരക്കം പാഞ്ഞു
തെരുവ് കൊലക്കളമായി
നിശാനിയമം പട്ടാളം

ഇതൊന്നും ശ്രദ്ധിക്കാത്ത അവറ്റകൾ വിശ്രാന്തിയിൽനിന്നുണർന്നപ്പോൾ പരസ്പരം കുശലം പറഞ്ഞ് ഒരുമയോടെ നിവർന്ന് പൂർവ രൂപത്തിലാവുകയും ചെയ്തു. തെരുവിലെ ചോരയിൽ ചവുട്ടി നിൽക്കുന്നവരോട് ഒറ്റസ്വരത്തിൽ പറയുകയും ചെയ്തു. നിവർന്നുള്ള നില്പുതുടങ്ങിയിട്ട് കാലം കുറേയായി. നടുനിവർത്താൻ മലർന്ന് കിടന്നതാണ്.

അനുഭവവുമായുള്ള ബന്ധവും ജീവിക്കുന്ന കാലത്തിന്റെ സ്വഭാവവും രചനകളിൽ പ്രതിഫലിക്കും. ബ്ലോഗുകളിൽ പ്രസിദ്ധീകരിക്കുന്ന മികച്ച സൃഷ്ടികളിൽനിന്ന് തെരഞ്ഞെടുത്ത സുധീഷ് കോട്ടേമ്പ്രം എഴുതിയ 'ഉഭയജീവിതം' (മാതൃഭൂമി മാർച്ച് 7) ഇതു സൂചിപ്പിക്കുന്നു. ദാരിദ്ര്യം എന്ന പേരിലുള്ള ഒരു





# വിവാദങ്ങൾക്കും സംവാദങ്ങൾക്കുമിടയിൽ ഒരുമാസം

**സുരജ. ഇ.എം.**

വായനയും എഴുത്തും കൂടുതൽ കൂടുതൽ ജനാധിപത്യവത്കരിയ്ക്കപ്പെട്ടുകൊണ്ടിരിയ്ക്കുകയാണ്. പലതരത്തിലുള്ള ആളുകൾക്ക് 'രുചിയ്ക്കുന്ന', പല ചേരുവകളിൽ തയ്യാറാക്കപ്പെടുന്ന, നിരവധി വിഭവങ്ങൾ, ഏറെക്കുറെ സ്ഥിരമായിത്തന്നെ ഒരുക്കാൻ നമ്മുടെ മുഖ്യധാരാമാധ്യമങ്ങൾ ശ്രദ്ധിയ്ക്കുന്നതുകാണാം. സിനിമ, മതം, പരിസ്ഥിതി, രാഷ്ട്രീയം/അധികാരം, സംസ്കാരം തുടങ്ങി തികച്ചും സമകാലികവും വാർത്താപ്രാധാന്യമുള്ളതുമായ ഇത്തരം ചേരുവകളാണ് മാർച്ച് മാസത്തിലും ആനുകാലികങ്ങളിൽ പ്രമുഖസ്ഥാനം നേടിയത്. മൗലികമായ ചില ലേഖനങ്ങളും, പ്രത്യേക പതിപ്പുകളും ഒഴിച്ചുനിർത്തിയാൽ, പക്ഷേ, അവയിൽ ആഴത്തിലുള്ള പഠനങ്ങളും നിരീക്ഷണങ്ങളും കുറവാണ്.



കെ.എൻ. പണിക്കർ



വി.സി. ശ്രീജൻ

സർഗ്ഗാത്മകതയുടേയും രാഷ്ട്രീയ പ്രബുദ്ധതയുടേയും തീവ്രവൈകാരിക മുഹൂർത്തങ്ങളുടേയും തുരുത്തുകളായിരുന്നു ഒരുകാലത്ത് നമ്മുടെ കാമ്പസ്സുകൾ. ആവേശത്തിന്റെ അലകടലുകൾ നെഞ്ചിലേറ്റാൻ ശീലിച്ച യുവതലമുറകൾ അവിടെനിന്ന് രൂപപ്പെട്ടിരുന്നു. അതൊക്കെ, ഗൃഹാതുരത്വത്തിന്റെ പൂപ്പൽ പിടിച്ച പഴയ കഥകൾ. പുതിയ കാമ്പസ്സിൽ സിക്സ് പാക്, മൊബൈലും, പുത്തൻ ഗ്യാങ്ങുകളുമൊക്കെയാണ് അരങ്ങുവാഴുന്നത്. കാമ്പസ്സുകളുടെ മാറുന്ന മുഖത്തെ അടുത്തുനിന്നും അകത്തുനിന്നും നോക്കിക്കാണുകയാണ് മാധ്യമം വാരിക (പ്രത്യേക പതിപ്പ്, മാർച്ച്-8). കലാലയങ്ങളിൽനിന്ന് അതിന്റെ പ്രഖ്യാതമായ ജനാധിപത്യം ഊർന്നുപോകുന്നതോടൊപ്പം പലതും നഷ്ടപ്പെടുന്നുണ്ട്. 'അരാഷ്ട്രീയവാദം ഒരു സിദ്ധാന്തമായി' ഉത്തരാധുനിക സമൂഹത്തിനുമേൽ-കാമ്പസിനുമേലും-പെയ്തിറങ്ങുമ്പോൾ, അതിന്റെ മറവിൽ വർഗ്ഗീയതയും, ജാതീയതയും ലിംഗവ്യത്യാസവുമൊക്കെ പെരുകിക്കയറുന്നതിന്റെ ആശങ്ക പങ്കുവയ്ക്കുന്ന സൈമൺ ബ്രിട്ടോവിന്റെ ലേഖനം (സെൽഫോൺ കാമ്പസ് സംസാരിയ്ക്കുന്ന കാര്യങ്ങൾ), പ്രീഡിഗ്രി വേർപ്പെടുത്തിയതോടെ കോളേജുകളിൽനിന്ന് കൗമാരത്തിന്റെ കരുത്തുകൾ അടർന്നുപോകുകയും, ഒരു പ്രൊഫഷണൽ കോഴ്സിനും അഡ്മിഷൻ കിട്ടാതെ രണ്ടാംതരം പൗരന്മാരോ പൗരികളോ ആയി ഒരുതരം അപകർഷതാബോധത്തോടെ കാമ്പസ്സുകളിലെത്തുന്ന കുട്ടികൾ നിസ്സംഗരും നിഷ്ക്രിയരുമാകുന്നതിനെപ്പറ്റിയും, ഇതിന്റെ മറുവശമായി, യാതൊരാസൂത്രണവുമില്ലാത്ത ഉന്നതാധികാരകേന്ദ്രങ്ങളുടെ നീക്കങ്ങൾ ഈ മേഖലയെത്തന്നെ തകർക്കാൻ കാരണമായേയ്ക്കാവുന്നതിനെപ്പറ്റിയും ഉള്ള രോഷവും ആശങ്കയും പ്രകടിപ്പിയ്ക്കുന്ന ഡോ. എസ്. ശാരദക്കുട്ടിയുടെ ലേഖനം (നാക് വരച്ചവരയിൽ) തുടങ്ങിയവയ്ക്കു പുറമെ, വർത്തമാനകാലകാമ്പസ്സിന്റെ യാഥാർത്ഥ്യങ്ങളോ ഹരങ്ങളോ ആയ ഗ്യാങ്ങുകൾ, റാഗിങ്ങ്, ശരീരപ്രദർശനപരത തുടങ്ങിയവയെക്കുറിച്ചും തകരുന്ന പാരലൽകോളേജുകളെക്കുറിച്ചും, മറുനാടൻ കാമ്പസ്സുകളെക്കുറിച്ചും ഉള്ള നിരീക്ഷണങ്ങളും ഈ പതിപ്പിലുണ്ട്. നമ്മൾ നിർബന്ധമായും അറിയേണ്ടതും പലപ്പോഴും കണ്ടില്ലെന്നു നടിയ്ക്കുന്നതുമായ യാഥാർത്ഥ്യങ്ങളിലേയ്ക്ക് ശ്രദ്ധക്ഷണിക്കുന്നു മാധ്യമം.

എഴുത്തച്ഛനെക്കുറിച്ച് എത്രയെഴുതിയാലും തീരില്ലെന്ന് ഒരിയ്ക്കൽക്കൂടി തെളിയിയ്ക്കുകയാണ് വി.സി. ശ്രീജൻ; 'എഴുത്തച്ഛനെഴുതുമ്പോൾ' (മാതൃഭൂമി, മാർച്ച് 28) എന്ന ലേഖനത്തിലൂടെ എഴുത്തച്ഛൻ കൈകാര്യം ചെയ്ത ഭക്തിയുടെ സ്വഭാവം, അദ്ദേഹം സ്പർശിയ്ക്കാതെ പോയ രാഷ്ട്രീയ സാംസ്കാരികപരിസരങ്ങൾ തുടങ്ങിയവയെ തെല്ല് വിവാദാത്മകമായ ശൈലിയിൽ, അതേ സമയം ക്രിയാത്മകമായി, ഇതിൽ അദ്ദേഹം ചോദ്യം ചെയ്യുന്നു.

ഇടതുപക്ഷപ്രസ്ഥാനങ്ങൾക്ക്, പ്രത്യേകിച്ചും കമ്മ്യൂണിസ്റ്റ് പാർട്ടികൾക്ക് മതത്തോടുള്ള സമീപനം നിരവധി ചർച്ച

---

കവിതയുടെ സാദ്ധ്യത ഇങ്ങനെയാവാം. മലയാളിയായ ആരോടും സംവദിക്കുന്ന ഇത്തരം രചനകൾ ഭൂരിപക്ഷത്തിന്റെ സംവേദനാനുഭവത്തിലേക്ക് വ്യാപരിക്കുന്നവയാണ്. ഭാഷയുടെ നിയന്ത്രണങ്ങളെ മറികടക്കാനുള്ള ശ്രമം വ്യക്തികളെ തമ്മിൽ ബന്ധിപ്പിക്കുകയും സമൂഹം എന്ന ബോധം ഉറപ്പിക്കുന്ന വാമൊഴിയുടെ എല്ലാ നല്ല സാധ്യതകളേയും കവിതയിൽ ഉപയോഗിക്കാനുള്ള പ്രവണത ശക്തിപ്പെടുത്തുകയും ചെയ്യും. ■

കൾക്ക് വിധേയമായിട്ടുണ്ടെങ്കിലും സംശയങ്ങൾ തീരുന്നില്ല. ഇടതുപക്ഷത്തിന് ദൈവത്തെക്കൊണ്ട് എന്താണ് ആവശ്യം' എന്ന് ചോദിച്ചുകൊണ്ട്, ഭാഷാപോഷിണി ഒരിയ്ക്കൽക്കൂടി രംഗത്തെത്തുന്നു. കെ. വേണു, ജി. സുധാകരൻ, വി.ബി. ചെറിയാൻ, സെബാസ്റ്റ്യൻ പോൾ, എ.പി. അബ്ദുള്ളക്കുട്ടി, ഹമീദ് ചേന്ദമംഗലൂർ, എം.എം. മോനായി, ഒ.വി. ജാഫർ എന്നിവർ പങ്കെടുക്കുന്ന സംഘസംവാദം പതിവുപോലെ ഇടതുപക്ഷപ്രസ്ഥാനങ്ങളെ 'അടിയ്ക്കാനുള്ള ഒരു വടി'യാക്കി മാറ്റാൻ ഭാഷാപോഷിണി ശ്രദ്ധിച്ചിട്ടുണ്ട്. എന്നാൽ മതവും മാർക്സും തമ്മിലുള്ള ബന്ധത്തെ പുതിയൊരു തലത്തിൽനിന്ന് വായിയ്ക്കാൻ ശ്രമിയ്ക്കുന്ന നൈനാൻകോശിയുടെ ലേഖനം (ക്രിസ്തുവിന് അടയാളം കാട്ടിയ മാർക്സ്, മാതൃഭൂമി, മാർച്ച് 21), മാർക്സിനുശേഷം ക്രിസ്തുമതത്തിലുണ്ടായ പുരോഗമനപരമായ മാറ്റങ്ങളെയാണ് വിലയിരുത്തുന്നത്. സുപ്രീംകോടതി നടത്തിയ സ്വയം വിമർശനത്തിന്റെ പശ്ചാത്തലത്തിൽ കോടതി വിധികളുടെ നൈതികതയെപ്പറ്റി അദ്ദേഹം എഴുതിയ ലേഖനവും (സുപ്രീംകോടതിയുടെ സ്വയംവിമർശനം, സമകാലികമലയാളം, മാർച്ച് 12) ശ്രദ്ധേയമായിരുന്നു.


എസ്. ശാരദക്കുട്ടി

സ്ത്രീപ്രശ്നങ്ങൾ ആരാണ് കേൾക്കേണ്ടത്? തീർച്ചയായും സ്ത്രീകൾ കേൾക്കണം, അറിയണം. എന്നാൽ, അത് സമൂഹത്തിന്റെ പ്രശ്നമാണെന്ന് പുരുഷന്മാരടക്കമുള്ളവർ തിരിച്ചറിയുമ്പൊഴേ, അതിലെ മാനുഷികവശം തിരിച്ചറിയപ്പെടുകയും പരിഹാരങ്ങളുണ്ടാകുകയും ചെയ്യൂ. ഇത്തരമൊരു തിരിച്ചറിവിന്റെ വെളിച്ചത്തിലാണ്, നൂറുവർഷം പിന്നിടുന്ന വനിതാദിനാചരണത്തെ മുൻനിർത്തി, ഒരു സ്ത്രീ പതിപ്പ്, പുരുഷന്മാർക്കുവേണ്ടി മാദ്ധ്യമം (മാർച്ച് 15 -ന്റെ ലക്കം) തയ്യാറാക്കിയത്. വനിതാസംവരണം, കുടുംബവും ആഗോളവിപണിയും, പെണ്ണെഴുത്തിന്റെ വർത്തമാനം തുടങ്ങി നിരവധി പ്രസക്തമായ വിഷയങ്ങൾ ഇതിൽ കൈകാര്യം ചെയ്യുന്നുണ്ട്. ഒരു റഫറൻസ് ലക്കമെന്ന നിലയിൽ അത് പ്രയോജനപ്പെടുത്താം. മാറുമറയ്ക്കൽ സമരത്തിന്റെ ചരിത്രം വിശകലനം ചെയ്യുന്ന ഗീതയുടെ ലേഖനവും (സമകാലിക മലയാളം, മാർച്ച് 19) 'സ്ത്രീലോകത്തെ ദാർശനികദൗത്യം' എന്നപേരിൽ ദേശാഭിമാനിയിൽ (മാർച്ച് 14) എ.ജി. ഒലീന എഴുതിയ ലേഖനവും അവയിലെ സ്ത്രീപക്ഷനിലപാടുകൊണ്ട് ശ്രദ്ധേയമാകുന്നുണ്ട്. ദേശാഭിമാനിയിൽ വി. സുകുമാരൻ എഴുതിവരുന്ന 'ഫെമിനിസ്റ്റ് സിദ്ധാന്തവിചാരം' അക്ഷരാർത്ഥത്തിൽ തന്നെ വേറിട്ട ഒരു വഴിയാണ്.

സിനിമ, കുറച്ചുകാലമായി മാധ്യമങ്ങൾക്ക് പ്രിയപ്പെട്ട മേഖലയാണ്. "മോഹൻലാൽ: താരസ്വരൂപത്തിന്റെ രൂപാന്തരങ്ങൾ' എന്ന സി.എസ്. വെങ്കിടേശ്വരന്റെ ലേഖനം (മാതൃഭൂമി, മാർച്ച് 28) എന്തുകൊണ്ട് മുപ്പതുവർഷമായിട്ടും മോഹൻലാൽ മലയാളികളുടെ പ്രിയതാരമായിരിയ്ക്കുന്നു എന്നതിന്റെ മനശ്ശാസ്ത്രപരവും സാമൂഹികശാസ്ത്രപരവുമായ വിശകലനമാണ്. ഇതേതരത്തിൽ യേശുദാസ് എന്തുകൊണ്ട് നമ്മുടെ പ്രിയഗായകനാകുന്നു എന്നന്വേഷിച്ച ഒരു ലേഖനവും (പലതരം വിശപ്പുകളെ ശമിപ്പിച്ച അരൂപി; കെ. കണ്ണൻ) മാതൃഭൂമി (മാർച്ച് 14) പ്രസിദ്ധീകരിച്ചിരുന്നു. തിലകൻ-അഴീക്കോട് വിവാദത്തിന്റെ പശ്ചാത്തലത്തിൽ, മലയാളസിനിമയുടെ പിന്നണിക്കഥകൾ വിശകലനം ചെയ്യുന്ന എം. ഉൗജുവിന്റെ ലേഖനം (അയൽപ്പക്കത്തേയ്ക്കു നോക്കൂ), ഇപ്പോഴത്തെ വിവാദങ്ങൾ സിനിമാരംഗത്തിന് ഗുണം ചെയ്യില്ലെന്നു നിരീക്ഷിയ്ക്കുന്ന പ്രദീപ്കുമാറിന്റെ ലേഖനം (വാഴുന്നത് മാടമ്പിമാരും പ്രമാണിമാരും) എന്നിവയും ശ്രദ്ധേയമാണ്. (രണ്ടുലേഖനങ്ങളും മാർച്ച് 22-ന്റെ മാധ്യമത്തിൽ) 'മൈ നെയിം ഈസ് ഖാൻ' എന്ന സിനിമയെ മുൻനിർത്തി മധു ജനാർദ്ദനൻ എഴുതിയ ലേഖനവും (ഒരിയ്ക്കലും കേടുതീർക്കാനാവാത്ത പൊതുബോധം, ദേശാഭിമാനി, മാർച്ച് 14) സിനിമയും സമൂഹവും തമ്മിലുള്ള ബന്ധത്തെ അപനിർമ്മിയ്ക്കാൻ ശ്രമിയ്ക്കുന്നതാണ്.

അമേരിയ്ക്കൻ സാമ്രാജ്യത്വത്തെ പ്രത്യക്ഷമായോ പരോക്ഷമായോ ചോദ്യം ചെയ്യുന്ന, മുസ്ലിം അസ്തിത്വത്തെ വിശകലനം ചെയ്യുന്ന നിരവധി ലേഖനങ്ങൾ മാർച്ച് മാസത്തിലുമുണ്ടായിരുന്നു. ഭീകരതയും പ്രേഷിതാധുനികതയും (ഡോ. എം.എ. സിദ്ദിഖ്), ഭീകരവാദത്തിന്റെ ചരിത്രവും വർത്തമാനവും (അസീസ് തൂവ്വൂർ), ഇസ്ലാംഭീകരവാദവും ആഗോള മുസ്ലീം അവസ്ഥകളും (എ.പി. ഫിർദൗസ്) (ലേഖനങ്ങൾ എല്ലാം ദേശാഭിമാനി മാർച്ച് 28-ന്റെ ലക്കത്തിൽ), വീൺവാക്കുകളുടെ പ്രസിഡന്റ് (താരിഖ് അലി, പരി: രവിവർമ്മ), ഒബാമയുടെ നയപ്രഖ്യാപനം അമേരിയ്ക്കയെ കരകയറ്റുമോ (ഡോ. എസ്. കൃഷ്ണകുമാർ), ഗ്ലോബൽ അമേരിക്കയുടെ അന്ത്യം (എം.എച്ച്. ഇല്ല്യാസ്) (ലേഖനങ്ങൾ സമകാലിക മലയാളം മാർച്ച് 12-ന്റെ ലക്കത്തിൽ) തുടങ്ങിയവ അവയിൽ ചിലതു മാത്രം. എം.എഫ്. ഹുസൈനെക്കുറിച്ചും അദ്ദേഹത്തിന്റെ സംഭാവനകളെക്കുറിച്ചുമുള്ള ചിന്തകൾക്കും മാർച്ച് മാസത്തിൽ മാദ്ധ്യമങ്ങൾ ധാരാളം ഇടം നീക്കിവച്ചിരുന്നു. മുസ്ലീം/ഇന്ത്യൻ (ഡോ. കവിതാ ബാലകൃഷ്ണൻ, മാതൃഭൂമി, മാർച്ച് 28) ഹുസൈൻ തിരിച്ചുവരാതാകുമ്പോൾ (വെങ്കിടേശ് രാമകൃഷ്ണൻ, ദേശാഭിമാനി, മാർച്ച് 14) തുടങ്ങിയവ കൂട്ടത്തിൽ എടുത്തുപറയേണ്ടവയാണ്.

മഹാകവി അക്കിത്തത്തിന്റെ ശതാഭിഷേകത്തോടനുബന്ധിച്ച്, അദ്ദേഹത്തിന്റെ കവിതകളേയും ജീവിതത്തേയും വിശകലനം ചെയ്യുന്ന ലേഖനങ്ങളായിരുന്നു, സമകാലികമലയാളം, മാർച്ച് 26 ലക്കത്തിന്റെ മുഖ്യ ആകർഷണം. എം.ടി. വാസുദേവൻനായർ, നമ്പൂതിരി, വി.ടി. വാസുദേവൻ, ആലങ്കോട് ലീലാകൃഷ്ണൻ, എൻ.പി. വിജയകൃഷ്ണൻ തുടങ്ങിയവരുടെ ലേഖനങ്ങൾ, ഒന്നിനൊന്ന് വ്യത്യസ്തവും, ഹൃദയസ്പർശിയുമായിരുന്നു. പഠനങ്ങൾക്കോ, പ്രബന്ധങ്ങൾക്കോ നല്കാനാവാത്ത ഇത്തരമൊരു ഹൃദയസ്പർശിതകൊണ്ട് അനുഗൃഹീതമായ ചില ആസ്വാദനക്കുറിപ്പുകളെക്കുറിച്ചുകൂടി പരാമർശിയ്ക്കേണ്ടതുണ്ട്. കെ.ജി. ശങ്കരപ്പിള്ളയുടെ 'അടുത്ത്' എന്ന കവിതയ്ക്ക് ബാലചന്ദ്രൻ ചുള്ളിക്കാടും (തീച്ചൂളയുടെ മുഹൂർത്തം, സമകാലിക മലയാളം, മാർച്ച് 19) അംബികാസുതൻ മാങ്ങാടിന്റെ 'എൻമകജെ' എന്ന നോവലിന് സാറാജോസഫും, ലിയോനിഡ റ്റ്സ്വികിന്റെ 'ബേദൻ-ബേദനിലെ വേനൽക്കാലം' എന്ന കൃതിയ്ക്ക് വി. രാജകൃഷ്ണനും എഴുതിയ ആസ്വാദനക്കുറിപ്പുകൾ ഇക്കൂട്ടത്തിൽപെടുന്നു.


കവിത ബാലകൃഷ്ണൻ

കാലാവസ്ഥാവ്യതിയാനത്തെക്കുറിച്ച് മാധ്യമത്തിൽ (മാർച്ച് 29) വന്ന സി. രാധാകൃഷ്ണൻ, ഗോപാലകൃഷ്ണൻ, വിജയലക്ഷ്മി തുടങ്ങിയവരുടെ ലേഖനങ്ങൾ, ഇ.എം.എസിനെപ്പറ്റി കെ.എൻ. പണിക്കർ നടത്തിയ ദീർഘസംഭാഷണം (എൻ.എസ്. സജിത്തുമായി ദേശാഭിമാനി മാർച്ച് 7 ലക്കത്തിൽ), ഓർമ്മയുടെ കളികളെപ്പറ്റി ഡോ. കെ. രാജശേഖരൻനായർ എഴുതിയ ലേഖനം (മാന്ത്രിക

ഏഴും നബക്കോവും എന്റെ മുച്ചക്രസൈക്കിളും) പോത്തേരികുഞ്ഞമ്പുവിന്റെ സരസ്വതീ വിജയത്തെപ്പറ്റി എ.ടി. മോഹൻരാജ് എഴുതിയ പഠനം (ബ്രാഹ്മണ്യത്തിനു തീ കൊളുത്തിയ നോവൽ) ഈയിടെ ഇന്ത്യൻ മാധ്യമങ്ങളിൽ വിവാദമായ എറിക് ഹോബ്സ്ബാംമിന്റെ സംഭാഷണം (അലയുന്ന ലോകം, പരി: പി.എസ്. മനോജ്കുമാർ) (എല്ലാം സമകാലികമലയാളം, മാർച്ച് 19 ലക്കം), മാപ്പിങ്ങിന്റെ ചരിത്രവും വർത്തമാനവും ആശങ്കകളും പങ്കുവയ്ക്കുന്ന മീനാക്ഷി. സി. എസിന്റെ ലേഖനം, (നിങ്ങൾ ഇപ്പോൾ എവിടെ നില്ക്കുന്നു, മാതൃഭൂമി, മാർച്ച്-28) ഗൂഗിളുമായുള്ള പോരിൽ ചൈനയുടെ നിലപാടുകൾ വിശകലനം ചെയ്യുന്ന രവിവർമ്മയുടെ ലേഖനം (ഗൂഗിളും സ്വാതന്ത്ര്യത്തിന്റെ ധാർമ്മികതയും) ബ്രഹ്ത്തിന്റെ ഗലീലിയോ നാടകത്തിന്റെ പ്രസക്തി വിശകലനം ചെയ്യുന്ന സച്ചിദാനന്ദന്റെ പഠനം (ഗലീലിയോയുടെ പ്രസക്തി), ഇപ്പോഴും കേരളത്തിൽ നടമാടുന്ന ആൾദൈവങ്ങളെയും അന്ധവിശ്വാസങ്ങളെയും വിമർശിയ്ക്കുന്ന ഡോ. സി.പി. രാജേന്ദ്രന്റെ ലേഖനം (അതീതശക്തികളുടെ വിളയാട്ടം, മൂന്നും സമകാലികമലയാളം മാർച്ച് 5 ലക്കത്തിൽ), ബി.ടി. വഴുതന സൃഷ്ടിയ്ക്കുന്ന ബഹുമുഖപ്രശ്നങ്ങളെ വിലയിരുത്തുന്ന പുരുഷൻ ഏലൂരിന്റെ ലേഖനം (പച്ചക്കറി വാസുപിള്ളയോട് ഫാസിസം കാട്ടരുത്, മാതൃഭൂമി, മാർച്ച് 14) വിലക്കയറ്റത്തിന്റെ കാണാപ്പുറങ്ങളിലേയ്ക്ക് കടന്നുചെല്ലുന്ന ടി.പി. കുഞ്ഞിക്കണ്ണന്റെ പഠനം (വിലക്കയറ്റം: ചർച്ച ചെയ്യേണ്ട കാര്യങ്ങൾ), തന്റെ കാവ്യജീവിതത്തെ മലയാളകവിതയുടെ ഭൂത-വർത്തമാനങ്ങളുമായി ബന്ധിപ്പിച്ച് എസ്. ജോസഫ് എഴുതിയ കുറിപ്പ് (എന്റെ കാവ്യജീവിതം, മാതൃഭൂമി, മാർച്ച്-21) തുടങ്ങിയവയും മാർച്ച് മാസത്തിലെ ശ്രദ്ധേയമായ രചനകളാണ്. ■



സാഹിത്യഅക്കാദമി പ്രസിദ്ധീകരിച്ച തമിഴ് കഥകളുടെ വിവർത്തനസമാഹാരം സാഹിത്യഅക്കാദമി വൈസ് പ്രസിഡണ്ട് പ്രഭാവർമ്മ ഡോ. പി.വി. കൃഷ്ണൻനായർക്ക് നൽകി പ്രകാശിപ്പിക്കുന്നു. ഡോ. സുകുമാർ അഴീക്കോട്, മന്ത്രി എം.എ. ബേബി, പി.ആർ. രാജൻ എം.പി. എന്നിവർ സമീപം


# അനുഭവങ്ങളുടെ നേർരേഖകൾ

**ഉണ്ണികൃഷ്ണൻ പുതൂർ**

ഉണ്ണികൃഷ്ണൻ പുതൂരിന്റെ
അമ്പതു കഥകളുടെ സമാഹാരം.

**പേജ് 358** **വില 225**






# ജീവനും മനുഷ്യനും

**എഡിറ്റർ : യു. വിക്രമൻ**

ഇ.എം.എസ്., കെ.ദാമോദരൻ, പി.ടി. ഭാസ്കരപണിക്കർ, ഉണ്ണിരാജ, കെ. വേണു എന്നിവർ മനുഷ്യന്റെ ജൈവികവും ബൗദ്ധികവുമായ വികാസപരിണാമങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്ന രചനകളുടെ സമാഹാരം

പേജ് : 189 വില : 120/-

*കോപ്പികൾക്ക് :* **കേരള സാഹിത്യ അക്കാദമി , തൃശൂർ**

ദൈവത്തിന്റെ സ്വന്തം നാടിന്റെ വിശുദ്ധിയും
തനിമയും നിലനിർത്തണം. വൃത്തിയും
വെടിപ്പുമുള്ള കേരളമെന്ന സ്വപ്നം
യാഥാർത്ഥ്യമാക്കണം

ഇതിനായി
പൊതുസ്ഥലങ്ങളിലും നിരത്തിലും തുപ്പുന്നതും
ചപ്പുചവറുകളും മാലിന്യങ്ങളും
വലിച്ചെറിയുന്നതും നമുക്ക് ഒഴിവാക്കാം.

വൃത്തിയും വെടിപ്പുമുള്ള കേരളമെന്നത്
സ്വപ്നമല്ല; പ്രാപ്തമാക്കാവുന്ന യഥാർത്ഥ്യം.
ഇതിനായി നമ്മുടെ പൗരബോധം
ഉണരണമെന്നുമാത്രം.

KERALA

# കേരളസംസ്ഥാന
# മലിനീകരണ നിയന്ത്രണ ബോർഡ്

**തിരുവനന്തപുരം -4**

**ഓർമ്മ**



# വിദ്വാൻ സി.എസ്. നായർ
# (1894 - 1942)

പട്ടാമ്പിക്കടുത്ത് പെരുമുടിയൂരിൽ ചെട്ടിയാർതൊടിവീട്ടിൽ ആണ് 1894 മെയ് മാസം 7 ന് (കൊ.വ. 1069 മേടം 26) ശങ്കുണ്ണി നായർ ജനിച്ചത്. അച്ഛൻ പുതുമനംപറമ്പത്തു ശങ്കരൻ നായർ; അമ്മ പാർവ്വതിയമ്മ. പട്ടാമ്പി സംസ്കൃത പാഠശാലാദ്ധ്യാപകനായിരുന്ന, അമ്മാവൻ ഗോവിന്ദൻനായരാണ് ആദ്യഗുരു. തുടർന്ന് പട്ടാമ്പി സാരസ്വതോദ്യോതിനി സെൻട്രൽ സാൻസ്ക്രിറ്റ് കോളേജിൽ പഠനം തുടർന്നു. പുന്നശ്ശേരിനമ്പിയുടെ പ്രിയശിഷ്യനായി. വിജ്ഞാനചിന്താമണി എന്ന സംസ്കൃതവാരികയിൽ അന്ന് ലേഖനങ്ങൾ എഴുതിയിരുന്നു. 21-ാം വയസ്സിൽ, വിദ്വാൻ പരീക്ഷ ജയിച്ചശേഷം, അതേ വിദ്യാലയത്തിൽ അദ്ധ്യാപകനായി. ഒരു വർഷം കഴിഞ്ഞ് ആലുവാ സെന്റ് മേരീസിൽ അദ്ധ്യാപകനായി. അന്നത്തെ ശിഷ്യന്മാരാണ്, ജിയും കുറ്റിപ്പുഴയും. ആലുവായിൽ വച്ചാണ് സ്വയം ഇംഗ്ലീഷ് പഠിച്ചത്. അതോടെ ദേശീയപ്രസ്ഥാനത്തിലേയ്ക്ക് ആകൃഷ്ടനായി. തൽഫലമായി ജോലി നഷ്ടപ്പെട്ടു. തുടർന്ന് ബാരിസ്റ്റർ എ.കെ. പിള്ള കൊല്ലത്തുനിന്നും പ്രസിദ്ധപ്പെടുത്തിയിരുന്ന സ്വരാജ് പത്രത്തിൽ ചേർന്നു. രണ്ടരവർഷത്തെ പത്രപ്രവർത്തനശേഷം വീണ്ടും പട്ടാമ്പിയിൽ അദ്ധ്യാപകനായി. പിന്നീട് മദിരാശിയിൽ ലയോള കോളേജിൽ അദ്ധ്യാപകനായി ജോലിയിൽ പ്രവേശിച്ചു. 1928 മുതൽ 1934 വരെ അവിടെ പഠിപ്പിച്ചു. രണ്ടു വർഷം മദിരാശി സർവ്വകലാശാലയിൽ മണിപ്രവാളചമ്പുസാഹിത്യത്തെപ്പറ്റി ഗവേഷണം നടത്തി. 1936ൽ പട്ടാമ്പിയിൽ സംസ്കൃതകോളേജ് പ്രൻസിപ്പലായി നിയമിതനായി. സമഭാവിനി, അൽ അമീൻ എന്നീ പത്രങ്ങളുടെ പ്രസിദ്ധീകരണത്തിലും പങ്കുവഹിച്ചു. 1942 മെയ് 8 ന് (കൊ.വ.1117 മേടം 25) മരിച്ചു.

1915 നും 1941 നും ഇടയിലാണ്, സി.എസ്. നായർ നിരൂപണങ്ങൾ എഴുതിയത്. സാഹിത്യസംബന്ധിയായ നൂറോളം ലേഖനങ്ങൾ, മറ്റു വിജ്ഞാനശാഖകളെ സ്പർശിക്കുന്ന അത്രയും തന്നെ ലേഖനങ്ങൾ, കുറെ കഥകൾ, ഒരു നോവൽ, ഒരു നാടകം എന്നിവയാണ് അദ്ദേഹത്തിന്റെ സംഭാവന. എട്ടു കഥകൾ ഉൾക്കൊള്ളുന്നു കഥാകലികയിൽ. പല കഥകളും ഇംഗ്ലീഷ് കഥകളുമായി ബന്ധം ഉള്ളവയാണ്. പുരോഗമനപരമായ ആശയം എല്ലാ കഥകളിലും കാണാം. 1925 ൽ പ്രസിദ്ധീകൃതമായ നോവൽ, ഊർമ്മിള അഥവാ സുവർണ്ണപഞ്ജരം കേജ് ഓഫ് ഗോൾഡ് എന്ന ഇംഗ്ലീഷ് കൃതിയുടെ പരിഭാഷയാണ്. അക്ബർ ചക്രവർത്തിയുടെ ഭരണത്തിന്റെ പശ്ചാത്തലത്തിൽ എഴുതിയ ഏകാങ്കനാടകമാണ് മഹത്വ വൈഭവം. വക്രോക്തിയും ധ്വനിയും, രശനോപമയും ഏകാവലിയും, കാവ്യനിരൂപണം, ചമത്ക്കാരം, സാഹിത്യരഹസ്യം, കവിതയും ശൃംഗാരവും തുടങ്ങിയ പ്രബന്ധങ്ങൾ ശ്രദ്ധേയങ്ങളാണ്. കാളിദാസൻ, ഭവഭൂതി, ശക്തിഭദ്രൻ, അശ്വഘോഷൻ എന്നിവരെക്കുറിച്ചും സി.എസ്. എഴുതി. കാളിദാസരുടെ ആശയവിശേഷങ്ങൾ എന്ന സുദീർഘ പ്രബന്ധം കാളിദാസകവിതയുടെ മികച്ച ആസ്വാദനം കൂടിയാണ്. സാഹിത്യമഞ്ജരി നാലാം ഭാഗം, കണ്ണമ്പ്ര കുഞ്ഞുണ്ണിനായരുടെ അഹല്യാഭായി, പള്ളത്തു രാമന്റെ അമൃതപുളിനം, ചന്തുമേനോന്റെ ഇന്ദുലേഖ, നാലപ്പാടന്റെ കണ്ണുനീർത്തുള്ളി എന്നിവയാണ് അദ്ദേഹം നിരൂപണം ചെയ്ത പുസ്തകങ്ങൾ. നിരൂപണത്തിൽ, ഗ്രന്ഥബാഹ്യമായ മറ്റൊരു സ്വാധീനതയ്ക്കും പ്രസക്തിയില്ല എന്ന് അദ്ദേഹം ശഠിച്ചു. വള്ളത്തോൾ കവിതയോടുള്ള ആദരവു പോലും അന്ധമാകാതിരിക്കുവാൻ അദ്ദേഹം ശ്രദ്ധിച്ചിരുന്നു. സാഹിത്യം നിശ്ശബ്ദമായി ധർമ്മോദ്ബോധനം നടത്തണം എന്നും, പ്രതിപാദ്യത്തിൽ എന്നതിലധികം പ്രതിപാദനരീതിയിൽ ശ്രദ്ധിക്കണം എന്നും പറഞ്ഞ സി.എസ്., മനുഷ്യന്റെ ആധ്യാത്മിക ലോകമാണ് കലാസൃഷ്ടിക്കു കാരണം എന്നും പറയുകയുണ്ടായി. റിയലിസം, ഐഡിയലിസം തുടങ്ങിയ പദങ്ങൾ മലയാളനിരൂപണത്തിൽ കടന്നുവന്നത് സി.എസിന്റെ നിരൂപണങ്ങളിൽ കൂടിയാണ്. മനശ്ശാസ്ത്രത്തിന്റെയും സാമൂഹികശാസ്ത്രത്തിന്റെയും വെളിച്ചത്തിൽ, സാഹിത്യകൃതികളെ വിലയിരുത്താൻ ശ്രമിച്ചവരിൽ മുൻപനായിരുന്നു അദ്ദേഹം. മലയാളനിരൂപണത്തിന്റെ നിയോക്ലാസിക് അഭിരുചികളെ ഉലച്ച്, അതിനെ കാല്പനികതയിലേയ്ക്ക് സി.എസ്. ആനയിച്ചു. സൗമ്യവും ദൃഢവും ആയിരുന്നു, ഗാന്ധിയനായിരുന്ന സി.എസിന്റെ വാക്കുകൾ. ■

# സുജനപ്രിയ

1087 മകരമാസത്തിലാണ് (1912) സുജനപ്രിയ മാസികയുടെ ഒന്നാംലക്കം പ്രസിദ്ധീകരിച്ചിരുന്നത്. സി.എൻ. പരമേശ്വരൻപിള്ളയായിരുന്നു പത്രാധിപർ. പുന്നപുര (തിരുവനന്തപുരം) ത്തുള്ള എസ്.എം.ആർ.വി. പ്രസ്സിൽനിന്നും പി.വി. പത്മനാഭപ്പണിക്കരാണ് മാസിക അച്ചടിച്ച് പ്രസിദ്ധീകരിച്ചിരുന്നത്. ശാസ്ത്രം, മതം, സാഹിത്യം, തത്ത്വചിന്ത തുടങ്ങിയ വിഷയങ്ങളെക്കുറിച്ചുള്ള ലേഖനങ്ങളെല്ലാം സുജനപ്രിയയിലൂടെ പുറത്ത് വന്നു. ജെ. രുഗ്മിണിഅമ്മ, എം.കെ. ഗോപാലപ്പിള്ള, എം.എസ്സ്, പത്മനാഭപ്പിള്ള, എം.കെ. മാധവമേനോൻ, സി.എസ്സ്. സുബ്രഹ്മണ്യൻ പോറ്റി തുടങ്ങിയ മഹാരഥന്മാരെല്ലാം മാസികയിൽ എഴുതിയിരുന്നവരാണ്. വാർഷികവരിസംഖ്യ 1 രൂപയായിരുന്നു.

### തത്വോക്തികൾ ഇംഗ്ലീഷിൽനിന്നും

### എ.എസ്സ്. പത്മനാഭപിള്ള

മനുഷ്യർതാനേ നിജമാനസത്തിൽ
മതിപ്പതെല്ലാം ശരിയല്ലപാർത്താൽ
മിത്രങ്ങളെന്നല്ല രിപുക്കൾ കൂടി
ക്കീർത്തിച്ചിടും വീഴ്ചയറിഞ്ഞിടേണം.

തനിക്കുസാധിപ്പതിനുള്ള തിങ്കൽ
മനം നിരാശയ്ക്കടിമപ്പെടൊല്ല
മുടങ്ങിടാതുള്ള പരിശ്രമത്താൽ
അടങ്ങിടുന്നൂ ജയലക്ഷ്മിനമ്മിൽ.

ജ്ഞാനം വിവേകം പരമാർത്ഥമുള്ളിൽ
പ്രേമം തികച്ചീവക സംഭരിച്ചാൻ
താനേവളർത്തിഗ്ഗുണമൊക്കെ നമ്മിൽ
നൂനം നശിക്കാതെ വിളങ്ങുമേറ്റം.

നിസ്സാരമായുള്ളൊരു വസ്തുപോലും
നിനച്ചിടുമ്പോൾ ബഹുസാരമത്രേ
ചമച്ചിടുന്നൂ നിമിഷങ്ങളോരൊ
സംവത്സരം പൂഴിമഹാദ്രിയേയും.

വെളിച്ചമേകുന്നദിവാകരൻ താ
നുദിച്ചുയർന്നങ്ങണയും വരയ്ക്കും
കുറച്ചുനാം സൽകൃതി ചെയ്തിടാഞ്ഞാൽ
കുറിക്കണം നാളതുശൂന്യമായി

മലയ്ക്കു മേലുള്ളൊരുരുണ്ടകല്ലും
നമുക്കെഴും ന്യൂനതയും സമാനം
കീഴ്പ്പെട്ടുരുട്ടാമൊരു ബാലകന്നും
തടുത്തിടാശക്തനുമായതൊട്ടും.

പരന്നുദോഷങ്ങൾ പിണച്ചിടാനായ്
പഠിച്ചിടുന്നൂ ചിലരാദ്യമായി
കുഴക്കുകൂട്ടും വലതീർത്തുതാനെ
കുടുങ്ങിടാനോർപ്പതു ചിത്രമല്ലേ?

ന്യായം നടത്താൻ മുതിരുന്നകാര്യേ
ഭീതിക്കുനീ ദാസനതായിടൊല്ലാ
നീതിയ്ക്കു ചേരാത്തതു തെറ്റിയാലും
നേരിന്നുതെറ്റായതു വന്നിടൊല്ലാ.

ശ്രമിച്ചിടുന്നൂ ഗുണമന്യനേകാൻ
ഫലിപ്പതില്ലെങ്കിലുമാർത്തിയോടെ
പരോപകാരം ഫലിയായ്കിലുംതാൻ
പരാപകരത്തിനൊരുങ്ങിടേണ്ട.

ശേഖരിച്ചത് : **മനീഷ പാങ്ങിൽ**, അപ്പൻതമ്പുരാൻ സ്മാരകം, അയ്യന്തോൾ, തൃശ്ശൂർ




# മാധവിയമ്മ കവിതയുടെ ഗ്രാമശ്രീ

**കടത്തനാട്ട് നാരായണൻ**

ഗ്രാമീണ സൗന്ദര്യത്തിന്റെയും വിശുദ്ധിയുടേയും കവയിത്രി
കടത്തനാട്ട് മാധവിയമ്മയുടെ ജീവചരിത്രഗ്രന്ഥം

**പേജ് : 106** **വില : 75**

# തെരഞ്ഞെടുത്ത ലേഖനങ്ങൾ

**എസ്. ഗുപ്തൻനായർ**

**പേജ് : 400** **വില : 240**



*കോപ്പികൾക്ക് :* **കേരള സാഹിത്യ അക്കാദമി , തൃശൂർ**

പുസ്തക പരിചയം

# സഞ്ജയന്റെ കവിതകൾ

**എൻ.എം. നൂലേലി**


എഴുതിയതത്രയും സർവ്വോത്തമമെന്നു കരുതുകയും ശിങ്കിടിപാടിച്ച് അംഗീകാരം പിടിച്ചുപറ്റുകയും ചെയ്യുന്ന കവിയശഃപ്രാർത്ഥികൾ കൂടിവരുന്ന ഇക്കാലത്ത്, എം.ആർ. നായരെന്ന സഞ്ജയന്റെ കവിതകളെക്കുറിച്ച് പഠിക്കുന്നതും പഠിപ്പിക്കുന്നതും ഉചിതമായിരിക്കും. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകത്തിൽ ജനിച്ച് (1903) നാല്പതാണ്ടുമാത്രം ജീവിച്ച അദ്ദേഹം അക്ഷരാർത്ഥത്തിൽ മേഘജ്യോതിസ്സുതന്നെയായിരുന്നു. ആ മിന്നൽപ്പിണരിൽ തെളിഞ്ഞതാവട്ടെ ഗദ്യപദ്യരൂപങ്ങളിലുള്ള സാരസ്വതങ്ങൾ. സഞ്ജയൻ, വിശ്വരൂപം, കവനകൗമുദി, ഭാഷാപോഷിണി, കൈരളി, ജനരഞ്ജിനി, സാഹിത്യചന്ദ്രിക, മലയാളമനോരമ, സ്വാഭിമാനി, സമുദായ ദീപിക, ഗജകേസരി തുടങ്ങിയ അക്കാലത്തെ മിക്ക ആനുകാലികങ്ങളിലും സഞ്ജയന്റെ രചനകൾ ഇടം തേടിയിരുന്നു.

എന്നാൽ, മാസികാദികളിൽ വന്നതത്രയും പുസ്തകമാക്കാൻ സഞ്ജയൻ ഇഷ്ടപ്പെട്ടില്ല. ഒഥല്ലോ വിവർത്തനം മാത്രമാണ്, സഞ്ജയന്റേതായി അദ്ദേഹത്തിന്റെ ജീവിതകാലത്ത് പുറത്തുവന്നത്. താനെഴുതിയ മുഖ്യധാരാകവിതകൾ പലതും ഗുണംപോരെന്ന തോന്നലിൽ അദ്ദേഹംതന്നെ ചുട്ടുകരിച്ചു. ശേഷിച്ച കുറച്ചു കവിതകൾ സി.എച്ച്. കുഞ്ഞപ്പയുടെ ഉത്സാഹത്തിൽ 1943ൽ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ചു. സഞ്ജയന്റെ മരണാനന്തരം അദ്ദേഹത്തിന്റേതായി പുറത്തുവന്ന മറ്റു കൃതികളാണ് സഞ്ജയൻ, സാഹിത്യനികഷം, ഹാസ്യാഞ്ജലി എന്നിവ.

1943-ൽ പ്രസിദ്ധീകരിച്ച 'ആദ്യോപഹാരം 'ഹാസ്യാഞ്ജലി'- എന്നിവയിലെ കവിതകളും പിന്നീട് കണ്ടെത്തിയ 34 ഹാസ്യകവിതകളും അടങ്ങുന്നതാണ് ഇപ്പോൾ പ്രസിദ്ധീകരിച്ച 'സഞ്ജയന്റെ കവിതകൾ.' സഞ്ജയസാഹിത്യത്തിന്റെ മുഖമുദ്ര ഹാസ്യമാണെങ്കിലും 'ആദ്യോപഹാര' കവിതകൾ അതിൽനിന്നും തുലോം വിഭിന്നമാണ്. ഗൗരവമേറിയ രചനകൾതൊട്ട് പ്രകൃതിവർണനവരെ ഇവയിലുണ്ട്. പ്രിയാവിരഹം കണ്ണീരിലാഴ്ത്തിയ സഞ്ജയന്റെ സ്വാനുഭവക്കുറിപ്പുകളാണ് 'തിലോദകം' എന്ന കവിത. കവിയുടെ ദുഃഖം നമുക്കിങ്ങനെ വായിച്ചെടുക്കാം

ഒരു പിഞ്ചുകിടാവിനേയുമെൻ
മടിയിൽത്തന്നെ കിടത്തിയേകയായ്
ദയവിട്ടു മറഞ്ഞതെങ്ങുനീ?
ദയിതേ ചെറ്റ പിഴച്ചതെന്തു ഞാൻ?

കുഞ്ചനുശേഷം കേരളം കണ്ട ഏറ്റവും വലിയ ഹ്യൂമറിസ്റ്റായിരുന്നല്ലോ സഞ്ജയൻ. നിരുപദ്രവഫലിതം തൊട്ട് രാഷ്ട്രീയ അക്ഷേപഹാസ്യംവരെ ആ




**സഞ്ജയന്റെ കവിതകൾ**
സമ്പാദനം, പഠനം:
പ്രൊഫ. കെ. ഗോപാലകൃഷ്ണൻ
വില: രൂ. 150.
പ്രസാ : കേരളസാഹിത്യ അക്കാദമി

തൂലികയ്ക്കു വഴങ്ങിയിരുന്നു. രാഷ്ട്രം സ്വാതന്ത്ര്യസമരത്തിന്റെ തീച്ചൂളയിലായിരിക്കേ, നേതൃസ്ഥാനത്തുള്ള കോൺഗ്രസിൽ കണ്ട അനൈക്യം കവിയെ ക്ഷുഭിതനാക്കി. 'ഹരിയോഹരി' എന്ന കവിത ഈ ക്ഷോഭമാണ്. നാട്ടിലെങ്ങും നടമാടുന്ന അരാജകത്വം തന്റെ രൂക്ഷപരിഹാസത്തിനു വിധേയമാക്കിയതാണ് 'ചങ്ങലം പരണ്ട ഗാനം.' ഏറെ പ്രശസ്തമായ ഈ കവിതയിൽനിന്നും ഒരു ഭാഗം ഉദ്ധരിക്കാം.

ചങ്ങലം പരണ്ടയെന്ന മംഗലമാം
പേരിനാൽത്താ-
നെങ്ങുമെങ്ങും വിളികൊണ്ട
ദേശമെൻ ദേശം.
അമ്മട്ടെന്നും ജനദ്രോഹം ചെയ്തു
ജന്മം പുലർത്തുന്ന
തെമ്മാടികളെന്നും തിങ്ങും
ദേശമെൻ ദേശം
അമ്പലം വിഴുങ്ങികളും
കുമ്പളങ്ങ കക്കുവോരും
വെമ്പലെന്യേ സുഖിക്കുന്ന
ദേശമെൻ ദേശം.

സിദ്ധകവചം, മൂട്ടയും കൊതുകും, ഗുലുമാലിൽപെട്ട വെള്ളരിക്ക, കുങ്കുമസ്സോപ്പ്, പ്രാർത്ഥന, അണിയറയിൽ, മിസ്റ്റിക് കൂട്ടാൻ, തത്കാലമന്ത്രിയും ഇൻസ്റ്റാൾമെന്റടവും, കോ.മു. വിലാപം തുടങ്ങിയ കവിതകൾ സമൂഹമാറ്റത്തിനു വേണ്ടി ഹാസ്യത്തെ ആയുധമാക്കി രചിച്ചവയാണ്. അടിക്കടിയുള്ള പാഠപുസ്തക പരിഷ്കരണത്തെ കവി വിമർശ്യമാക്കുന്നതെങ്ങനെ:

ഞങ്ങളെ ബുദ്ധിമുട്ടിക്കാനവതാര
മെടുത്തതാം
ടക്സ്റ്റ് ബുക്കു ചമയ്ക്കുന്ന വിദ്വാന്മാർക്കു
കൃപാനിധേ
സൽബുദ്ധി നൽകി നീ തന്നെ
നേർവഴിക്കു നടത്തണേ
ശിശുദ്രോഹം പാപമെന്ന ബോധമുള്ളി
ലുണർത്തണേ! (പ്രാർത്ഥന)

ഉദാരഹണങ്ങൾ നീട്ടുന്നില്ല. ഒരു കാര്യം ഉറപ്പിച്ചു പറയാം. കവി, ഹാസ്യസാഹിത്യകാരൻ എന്നീ നിലകളിൽ മലയാളസാഹിത്യത്തിൽ സഞ്ജയനുള്ള സ്ഥാനം അറിഞ്ഞാസ്വദിക്കാൻ സഹൃദയരെ പ്രാപ്തമാക്കുന്ന കൃതിയാണിത്.





## നാടകം : പാഠവും പ്രയോഗവും

ഡോ.എൻ.ആർ. ഗ്രാമപ്രകാശ്

പേജ് 152 വില : 100/-

*കോപ്പികൾക്ക് :* **കേരള സാഹിത്യ അക്കാദമി , തൃശൂർ**

# എഴുത്തിനും വായനയ്ക്കും ഊർജ്ജം പകർന്ന് സാഹിത്യസംഗമം

സാഹിത്യപ്രവർത്തക സഹകരണസംഘത്തിന്റെ സാഹിത്യസംഗമം എഴുത്തിന്റെയും വായനയുടെയും മണ്ഡലത്തിൽ പ്രത്യാശയുടെ പൊൻപ്രഭയേകി. അഞ്ചാംഘട്ട റോയൽറ്റി വിതരണവും പുസ്തക പ്രകാശനവും നടത്തിയാണ് മൂന്നുദിവസം നീണ്ട, എഴുന്നൂറോളം സാഹിത്യപ്രതിഭകൾ പങ്കെടുത്ത മഹാസംഗമം സമാപിച്ചത്. സാഹിത്യസംവാദവും കവിയരങ്ങും ഏറെ ശ്രദ്ധേയമായി. തൃശൂർ റീജണൽ തീയറ്ററിൽ നടന്ന ചടങ്ങ് മന്ത്രി ജി. സുധാകരൻ ഉദ്ഘാടനം ചെയ്തു. പ്രൊഫ. എം.കെ. സാനുവിന് റോയൽറ്റി കൈമാറി മന്ത്രി കെ.പി. രാജേന്ദ്രൻ റോയൽറ്റി വിതരണം ഉദ്ഘാടനം ചെയ്തു.

ഇരുന്നൂറ്റി അറുപത്തിരണ്ട് എഴുത്തുകാർക്കായി 15 ലക്ഷം രൂപയുടെ റോയൽറ്റി നൽകുന്ന ചടങ്ങിൽ നൂറോളം പേർ നേരിട്ടെത്തി റോയൽറ്റി കൈപ്പറ്റി. 115 പുസ്തകങ്ങളുടെ പ്രകാശനവും ചടങ്ങിൽ നടന്നു. സുഗതകുമാരിയുടെ 'വഴിയിൽ കളഞ്ഞവ', നീലംപേരൂർ മധുസൂദനൻനായരുടെ 'അവൻ ഞാൻ തന്നെ', അമൃതയുടെ 'ശിലാനഗരത്തിലെ സന്ധ്യ' എന്നീ പുസ്തകങ്ങൾ ബി. സരസ്വതിക്ക് നൽകി. എം.കെ. സാനു പുസ്തകപ്രകാശനത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു.

സാഹിത്യം ജീവിതത്തിനു വേണ്ടിയല്ല മറിച്ച് ജീവിതത്തിന്റെ ഭാഗമാണെന്ന് എം.കെ. സാനു പറഞ്ഞു. തേറമ്പിൽ രാമകൃഷ്ണൻ എം.എൽ.എ ചടങ്ങിൽ അധ്യക്ഷനായി. കണ്ണൂർ സർവ്വകലാശാലാവൈസ് ചാൻസലർ ഡോ: പി.കെ. മൈക്കിൾ തരകൻ മുഖ്യപ്രഭാഷണം നടത്തി. വൈശാഖൻ, പി. നാരായണക്കുറുപ്പ്, പുരുഷൻ കടലുണ്ടി, പ്രൊഫ. എസ്.കെ. വസന്തൻ, കെ.എം. റോയ്, വള്ളിക്കാവ് മോഹൻദാസ്, എം.എൻ. വിനയകുമാർ, പ്രൊഫ. സുജാ സൂസൻ ജോർജ്ജ് എന്നിവർ സംസാരിച്ചു. ജില്ലാ സഹ. ബാങ്ക് പ്രസിഡന്റ് കെ.പി. രാധാകൃഷ്ണൻ, ബാബു.എം.പാലിശ്ശേരി, എം.എൽ.എ, വി.എൻ. മുരളി, എം. ബാലാജി, കെ.ആർ. വിജയ തുടങ്ങിയവർ സന്നിഹിതരായി.

'മലയാളഭാഷയും സാഹിത്യവും നേരിടുന്ന വെല്ലുവിളികൾ' എന്ന സെമിനാർ ഡോ. സുകുമാർ അഴീക്കോട് ഉദ്ഘാടനം ചെയ്തു. ഒരു ഭാഷയുടെ സത്ത കാലത്തെ അതിജീവിക്കണമെന്നുണ്ടെങ്കിൽ അതിന് ബാഹ്യമായ കുറേ സൗകര്യങ്ങൾ ലഭ്യമായതുകൊണ്ടായില്ല എന്നും ഭാഷയുടെ ആരോഗ്യം അനുദിനം നമുക്ക് നഷ്ടമായിക്കൊണ്ടിരിക്കുകയാണെന്നും സുകുമാർ അഴീക്കോട് പറഞ്ഞു.

മാതൃഭാഷ ഇന്ന് ആർക്കും വേണ്ടാത്ത പഴയ ഉൽപ്പന്നമായി മാറിയിരിക്കുകയാണെന്ന് ചടങ്ങിൽ അധ്യക്ഷയായ കേരള സാഹിത്യ അക്കാദമി പ്രസിഡന്റ് പി. വത്സല പറഞ്ഞു. മലയാളി തന്റെ ജീവിതത്തിൽനിന്ന് ഭാഷയെ കൊഴിച്ചു കളയുകയാണ്. കേരളത്തിന്റെ അതിർത്തികടന്നാൽ മലയാളിയാണെന്ന് പറയാൻ മടിക്കുന്ന കേരളീയരെയാണ് നാം കാണുന്നത്. സാംസ്കാരികപ്രവർത്തനങ്ങളിലൂടെയും സാഹിത്യത്തിലെ ഇടപെടലിലൂടെയും മലയാളഭാഷയെ തിരിച്ചുപിടിക്കണമെന്ന് വത്സല പറഞ്ഞു.



സാഹിത്യപ്രവർത്തകസഹകരണ സംഘം സംഘടിപ്പിച്ച സാഹിത്യസംഗമത്തോടനുബന്ധിച്ച് നടന്ന സെമിനാർ ഡോ. സുകുമാർ അഴീക്കോട് ഉദ്ഘാടനം ചെയ്യുന്നു. യു.എ. ഖാദർ, ഡോ. എം.എം. ബഷീർ, പാർവ്വതി പവനൻ, പി. വത്സല, കെ.പി. രാമനുണ്ണി, ബി.എം. സുഹറ, കെ.ഇ. എൻ, പി.കെ. പാറക്കടവ്, യു.കെ. കുമാരൻ, അശോകൻ ചരുവിൽ, ശിവരാമൻ ചെറിയനാട്, മുരളി പെരുനെല്ലി എം.എൽ.എ. എന്നിവർ വേദിയിൽ

മലയാളഭാഷയെ വ്യക്തതയില്ലായ്മയിലേക്ക് നയിച്ചതിൽ ഇംഗ്ലീഷ് ഭാഷയ്ക്ക് പങ്കുണ്ടെന്ന് വിഷയമവതരിപ്പിച്ച ഡോ. എം.എം. ബഷീർ പറഞ്ഞു.

മലയാളിയുടെ മനസ്സിൽനിന്ന് മാതൃഭാഷ ചോർന്നുപോയിരിക്കുന്നുവെന്ന് യു.എ. ഖാദർ പറഞ്ഞു. ഭാഷ അധികാരത്തിന്റെ യുദ്ധഭൂമിയാണെന്നും അടയാളപ്പെടുത്തപ്പെട്ട വാക്കുകൾക്കപ്പുറത്ത് രണ്ടുവാക്കുകൾക്കിടയിലുള്ള മൗനമാണ് എഴുത്തുകാർ നേരിടുന്ന വലിയ വെല്ലുവിളിയെന്ന് കെ.ഇ.എൻ. കുഞ്ഞഹമ്മദ് പറഞ്ഞു.

അശോകൻ ചരുവിൽ, കെ.പി. രാമനുണ്ണി, യു.കെ. കുമാരൻ, ബേബി ജോൺ, പാർവ്വതി പവനൻ, പി.കെ, പാറക്കടവ്, ബി.എം. സുഹ്റ എന്നിവർ സംസാരിച്ചു. മുരളി പെരുനെല്ലി എം.എൽ.എ സ്വാഗതവും ബി. ശശികുമാർ നന്ദിയും പറഞ്ഞു.

ഭാഷയെ ഇല്ലാതാക്കി സംസ്കാരത്തെ കീഴ്പ്പെടുത്താനുള്ള ബോധപൂർവ്വമായ ശ്രമങ്ങൾ നടക്കുന്നുണ്ടെന്ന് കവിസമ്മേളനം ഉദ്ഘാടനം ചെയ്ത ഒ.എൻ.വി കുറുപ്പ് പറഞ്ഞു. ഭാഷയെ സംരക്ഷിക്കണമെന്ന വിചാരം എഴുത്തുകാർക്ക് മാത്രമല്ല, എല്ലാവർക്കും വേണമെന്നും അദ്ദേഹം പറഞ്ഞു. ഒരു ബലിമൃഗത്തെപ്പോലെയാണ് ഭാഷയെ നാംകൈകാര്യം ചെയ്യുന്നത്. എഴുതിത്തുടങ്ങുന്ന കാലത്തെ മലയാളമല്ല ഇന്ന് നമുക്കു മുന്നിലുള്ളത്. അതിന് ഒരുപാട് മാറ്റങ്ങൾ വന്നു. കോളനിവത്കരണം നമ്മിൽ അടിച്ചേൽപ്പിച്ച വലിയ ദുരന്തങ്ങളിലൊന്ന് അത് ഭാഷയെ തകർത്തുവെന്നതാണ്. ഇംഗ്ലീഷ് ഭാഷയ്ക്കും ആ ദുരന്തം സംഭവിച്ചു. ഇപ്പോൾ കൂടുതൽ പ്രചാരമുള്ളത് അമേരിക്കൻ ഇംഗ്ലീ

ഷിനും ആസ്ത്രേലിയൻ ഇംഗ്ലീഷിനുമാണ്. ഉയരുന്ന ആഗോളതാപനത്തെയും പ്രകൃതി ചൂഷണത്തെയും കുറിച്ചുള്ള തന്റെ ആശയങ്ങൾ പങ്കുവെയ്ക്കുന്ന 'ഭൂമിയ്ക്ക് ഒരു ചരമഗീതം', 'സൂര്യഗീതം' എന്നീ കവിതകളും ഒ.എൻ.വി. ആലപിച്ചു.

ചെമ്മനം ചാക്കോ സമ്മേളനത്തിൽ അധ്യക്ഷനായി. മുല്ലനേഴി, രാവുണ്ണി, പി.കെ. ഗോപി, കുരീപ്പുഴ ശ്രീകുമാർ, കരൂർ ശശി, ഇന്ദ്രബാബു, എൻ.പി. ചന്ദ്രശേഖരൻ എന്നിവർ കവിതകൾ ചൊല്ലി. ഏഴാച്ചേരി രാമചന്ദ്രൻ സ്വാഗതവും ഡോ. എസ്. രാജശേഖരൻ നന്ദിയും പറഞ്ഞു.



കമലസുറയ്യ കഥ-കവിത പുരസ്കാരങ്ങൾ ഡോ. സുകുമാർ അഴീക്കോട് സാവിത്രി രാജീവനും വൈശാഖനും സമ്മാനിക്കുന്നു. പി. ബാലചന്ദ്രൻ, എം.ടി. വാസുദേവൻനായർ, കെ.ബി. സുകുമാരൻ, പുരുഷൻ കടലുണ്ടി എന്നിവർ സമീപം

## കമലസുറയ്യ ട്രസ്റ്റിന്റെ കഥ – കവിതാ പുരസ്കാരങ്ങൾ സമ്മാനിച്ചു

കമല സുറയ്യ ട്രസ്റ്റിന്റെ പ്രഥമ കഥ–കവിതാ പുരസ്കാരങ്ങൾ കഥാകൃത്ത് വൈശാഖനും കവയിത്രി സാവിത്രി രാജീവനും സമ്മാനിച്ചു. ട്രസ്റ്റ് ചെയർമാൻ ഡോ. സുകുമാർ അഴീക്കോട് ഇരുവർക്കും 51,000 രൂപയും പ്രശസ്തിപത്രവും ശിൽപ്പവുമടങ്ങുന്ന പുരസ്കാരം സമ്മാനിച്ചു.

സാഹിത്യ അക്കാദമിയിലെ ബഷീർ വേദിയിൽ നടന്ന പുരസ്കാരസമർപ്പണ ചടങ്ങ് ഒറിയ സാഹിത്യകാരി പ്രതിഭാ റായ് ഉദ്ഘാടനം ചെയ്തു. ഫെമിനിസ്റ്റ് എഴുത്തുകാരിയെന്നതിലപ്പുറം നല്ലൊരു മനുഷ്യസ്നേഹികൂടിയായിരുന്നു കമല സുരയ്യയെന്ന് പ്രതിഭാ റായ് പറഞ്ഞു.

സുകുമാർ അഴീക്കോട് അധ്യക്ഷനായി. തന്റെ കൃതികളുടെ പേരിൽ കമല സുറയ്യ കല്ലേറും പ്രതിഷേധവും ഏറ്റുവാങ്ങിയത് നാളത്തെ തലമുറയുടെ സ്വാതന്ത്ര്യത്തിനു വേണ്ടിയാണെന്ന് മുഖ്യപ്രഭാഷണം നടത്തിയ എം.ടി. വാസുദേവൻനായർ പറഞ്ഞു.

കമലയുടെ ഇംഗ്ലീഷ് കവിതകളെക്കുറിച്ച് മലയാളത്തിലെ വായനക്കാർ വേണ്ടത്ര ഗ്രഹിച്ചിട്ടില്ല. നാട്യങ്ങളോ കപടഭാഷണങ്ങളോ ദുർമ്മേദസോ ഇല്ലാത്ത ശുദ്ധമായ കവിതകളാണവ. അതിന്റെ നല്ല മലയാള പരിഭാഷയുണ്ടാവുകയും അത് നിരവധി വായനകൾക്ക് വിധേയമാക്കുകയും ചെയ്യേണ്ടതുണ്ട്. കമലയുടെ പുസ്തകങ്ങൾക്ക് ഓരോ സീസൺ കഴിയുമ്പോഴും പ്രചാരമേറി വരും. കൃതികളെക്കുറിച്ച് ധാരാളം ഗവേഷണങ്ങൾ വരുകാലങ്ങളിൽ നടക്കുമെന്നും എം.ടി. പറഞ്ഞു.

സമ്മാനിതമായ 'സൈലൻസർ' എന്ന കഥാസമാഹാരം കെ.പി. രാമനുണ്ണിയും 'സാവിത്രി രാജീവന്റെ കവിതകൾ' എന്ന പുസ്തകം ആലങ്കോട് ലീലാകൃഷ്ണനും പരിചയപ്പെടുത്തി. രാവുണ്ണിയും പി. ബാലചന്ദ്രനും പ്രശസ്തിപത്രം വായിച്ചു. കമലയുടെ സഹോദരി സുലോചന നാലപ്പാട്ട് എഴുതിയ 'എന്റെ ജ്യേഷ്ഠത്തി കമല' എന്ന പുസ്തകം എം.ടി. വാസുദേവൻനായർ ടി.ജി. വിജയകുമാറിനു നൽകി പ്രകാശനം ചെയ്തു. എം.പി. സുരേന്ദ്രൻ, പുരുഷൻ കടലുണ്ടി എന്നിവർ സംസാരിച്ചു. വൈശാഖനും സാവിത്രി രാജീവനും മറുപടി പറഞ്ഞു. ബാലചന്ദ്രൻ ചുള്ളിക്കാട് സ്വാഗതവും കെ.ബി. സുകുമാരൻ നന്ദിയും പറഞ്ഞു.

## നാം അറിയാതെ ഭാഷ നമ്മെ കീഴ്പ്പെടുത്തുന്നു

### ഒ.എൻ.വി. കുറുപ്പ്

നാം അറിയാതെ നമ്മെ കീഴ്പ്പെടുത്തുന്ന ആയുധമാണ് ഭാഷയെന്ന് ഒഎൻവി കുറുപ്പ് പറഞ്ഞു. ശാരദാമന്ദിരം ട്രസ്റ്റ് ഏർപ്പെടുത്തിയ പ്രഥമ കേരളപാണിനി എ.ആർ. രാജരാജവർമ്മ എൻഡോവ്മെന്റ് ധന്യ പി.ഡി.യ്ക്കു നല്കി സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇംഗ്ലീഷുകാരെ കെട്ടുകെട്ടിക്കാനായെങ്കിലും ഭാഷയും വിദ്യാഭ്യാസവും സംസ്കാരവുമൊന്നും ഇന്നും രക്ഷപ്പെട്ടിട്ടില്ല. ഇംഗ്ലീഷുകാരന്റെ ദാസ്യം പേറുകയാണ് നാമിന്നും.

നാട്ടുഭാഷകളെ തള്ളിക്കളയുന്ന കൊളോണിയൽ കാലഘട്ടത്തിൽ മലയാളത്തെ ഉന്നത വിദ്യാഭ്യാസപീഠത്തിൽ കുടിയിരുത്തിയത് എ.ആർ. തമ്പുരാനാണ്. ആ ഭാഷ നശിച്ചുകൊണ്ടിരിക്കുകയാണോ എന്ന് പരിശോധിക്കേണ്ട സമയമായിരിക്കുന്നു. 'അരിയെത്ര എന്ന്



എരുമേലി പരമേശ്വരൻപിള്ള എഡിറ്റുചെയ്ത എം.എൻ.കുറുപ്പ് അനുസ്മരണഗ്രന്ഥം – നന്മകളോടെ നമ്മളിലൊരാൾ ഡോ. സുകുമാർ അഴീക്കോട് പുരോഗമനകലാസാഹിത്യസംഘം തൃശൂർ ജില്ലാകമ്മിറ്റി സംഘടിപ്പിച്ച വേദിയിൽ ബേബിജോണിന് നല്കി പ്രകാശിപ്പിക്കുന്നു. പ്രൊഫ. ഇ. രാജൻ, പ്രൊഫ. എരുമേലി പരമേശ്വരൻപിള്ള, ഐ.വി.ദാസ്, എം.എൻ. വിനയകുമാർ, കെ.ആർ. മോഹനൻ, പുരുഷൻ കടലുണ്ടി, രാവുണ്ണി, അശോകൻ ചരുവിൽ എന്നിവർ വേദിയിൽ



മാവേലിക്കര ശാരദാ മന്ദിരത്തിലെ ചടങ്ങിൽ ഡോ. പുതുശ്ശേരി രാമചന്ദ്രൻ രചിച്ച "കേരള പാണിനീയം – ആദ്യരൂപം" എന്ന കൃതിയുടെ പ്രകാശനം എം. മുരളി എം.എൽ.എയ്ക്ക് നൽകി മന്ത്രി എം.എ. ബേബി നിർവ്വഹിക്കുന്നു.

ചോദിച്ചാൽ പയറഞ്ഞാഴി' എന്നു പറയുന്നതാണ് ആധുനിക നിരൂപണമെന്നും ഒഎൻവി പറഞ്ഞു.

മാവേലിക്കരയിൽ കേരളപാണിനി എ.ആർ. സ്മാരകത്തിൽ ചേർന്ന സമ്മേളനത്തിൽ ട്രസ്റ്റ് പ്രസിഡന്റ് രത്നം രാമവർമ്മ അധ്യക്ഷയായി. പന്തളം വലിയ തമ്പുരാൻ പി. രാമവർമരാജാ, എം. രവിവർമരാജ, കേരളപാണിനി എ.ആർ. സ്മാരക ഭരണസമിതി പ്രസിഡന്റ് കറ്റാനം ഗോപിനാഥൻനായർ, സെക്രട്ടറി ഇലിപ്പക്കുളം രവീന്ദ്രൻ, ഡോ. കൃഷ്ണൻനമ്പൂതിരി എന്നിവർ സംസാരിച്ചു. ഡോ. ശ്രീലതാ വർമ്മ സ്വാഗതവും ജി. വിശാഖ്വർമ നന്ദിയും പറഞ്ഞു.

## വൃത്ത – താളനിബദ്ധമായ കവിതകൾക്ക് മരണമില്ല

### അക്കിത്തം

വൃത്തവും താളവും ഒന്നുമില്ലാത്ത കവിതകളുടെ കാലത്ത് നല്ല കവിതകൾ മരിക്കുന്നില്ല എന്നതിന് തെളിവാണ് മുല്ലനേഴികവിതകളെന്ന സമാഹാരത്തിന് ലഭിച്ച കെ.ബി. മേനോൻ കാവ്യപുരസ്കാരമെന്ന് മഹാകവി അക്കിത്തം പറഞ്ഞു. കെ.ബി. മേനോൻ കാവ്യപുരസ്കാരസമർപ്പണവും അനുസ്മരണസമ്മേളനത്തിന്റെ ഉദ്ഘാടനവും നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. മുരളി പെരുനെല്ലി എം.എൽ.എ അദ്ധ്യക്ഷനായി, പ്രൊഫ. കെ.പി. ശങ്കരൻ, പ്രിയനന്ദനൻ, രാധാകൃഷ്ണൻ കാക്കശ്ശേരി, രാവുണ്ണി, അശോകൻ ചരുവിൽ, അഷ്ടമൂർത്തി, റഫീക്ക് അഹമ്മദ്, അജിത് കുമാർ, സുബ്രഹ്മണ്യൻ ഇരിപ്പശ്ശേരി, പി.കെ. രാജൻ എന്നിവർ സംസാരിച്ചു.

കവിസംഗമം റഫീക്ക് അഹമ്മദ് ഉദ്ഘാടനം ചെയ്തു. ചന്ദ്രശേഖരൻ ഏങ്ങണ്ടിയൂർ, സുധാകരൻ പാവറട്ടി, വിജേഷ് എടക്കുന്നി, മാധവി മേനോൻ, സെബാസ്റ്റ്യൻ, പ്രസാദ് കാക്കശ്ശേരി, കേരാച്ചൻ ലക്ഷ്മണൻ എന്നിവർ കവിതകളർപ്പിച്ചു.

## കുട്ടികളുടെ ഗുരുദേവൻ

പെരുമ്പാവൂർ എസ്.എൻ.ഡി.പി. ശാഖയുടെ കുടുംബകൂട്ടായ്മ യോഗത്തിൽ സത്യൻ താന്നിപ്പുഴ രചിച്ച "കുട്ടികളുടെ ശ്രീനാരായണഗുരുദേവൻ' എന്ന പുസ്തകം കൃഷ്ണപ്രസാദിന് നൽകിക്കൊണ്ട് ശാഖാപ്രസിഡന്റ് വനജ തമ്പി പ്രകാശനം ചെയ്തു. സെക്രട്ടറി ടി.ജി. നാരായണൻ, ഇ.വി. ചന്ദ്രബോസ്, ടി.എൻ. സദാനന്ദൻ, സത്യൻ താന്നിപ്പുഴ എന്നിവർ പ്രസംഗിച്ചു.

## അനുസ്മരണം

കെ.പി. നാരായണ പിഷാരടിയുടെ 6–ാം ചരമവാർഷികവും കുഞ്ഞുണ്ണി മാഷ് 4–ാം ചരമ വാർഷിക ദിനവും ഗുരുവായൂരിൽ വിവിധ പരിപാടികളോടെ ആചരിച്ചു. കവിയരങ്ങ്, അനുസ്മരണം, വിദ്യാഭ്യാസ പുരസ്കാര വിതരണം, പദ്യപാരായണം, സുഹൃത് സംഗമം എന്നിവ നടന്നു.

അനുസ്മരണ സമ്മേളനം രാധാകൃഷ്ണൻ കാക്കശ്ശേരി ഉൽഘാടനം ചെയ്തു.

വേദിക പ്രസിഡണ്ട് സജീവൻ നമ്പിയത്ത് അധ്യക്ഷനായി. സുധാകരൻ പാവറട്ടി, കേരാച്ചൻ ലക്ഷ്മണൻ, ഗുരുവായൂർ കൃഷ്ണൻകുട്ടി, മുഹമ്മദുണ്ണി, ആർട്ടിസ്റ്റ് രാധാകൃഷ്ണൻ തണ്ടാശ്ശേരി ഗോപാലകൃഷ്ണൻ എടക്കഴിയൂർ, ബാബു അണ്ടത്തോട്, കെ. ദിനേശ്രാജ, ഭാർഗ്ഗവൻ പള്ളിക്കര, ജെ. വാഴപ്പുള്ളി എന്നിവർ സംസാരിച്ചു.

## വി.ടി. സ്മാരകപുരസ്കാരം കൃതികൾ ക്ഷണിച്ചു

2010 ലെ വി.ടി. സ്മാരക പുരസ്കാരത്തിന് കൃതികൾ ക്ഷണിച്ചു. 2007 ജനുവരി ഒന്നുമുതൽ 2009 ഡിസംബർ 31 വരെയുള്ള മൂന്നുവർഷ കാലയളവിൽ ഒന്നാംപതിപ്പായി പ്രസിദ്ധീകരിച്ചിട്ടുള്ള കൃതിക്കാണ് ഈ വർഷം '**പ്രൊഫ. സി.വി. ശ്രീദേവി എന്റോവ്മെന്റ് വി.ടി. പുരസ്കാരം**' നൽകുന്നത്. കഥ, കവിത, നോവൽ, നാടകം വൈജ്ഞാനികസാഹിത്യം, ജീവചരിത്രം എന്നിങ്ങനെ എല്ലാ വിഭാഗത്തിലുമുള്ള കൃതികളും പുരസ്കാരത്തിനായി പരിഗണിക്കുന്നതാണ്. കൃതികളുടെ മൂന്ന് കോപ്പികൾ വീതം 2010 മെയ് 31–നുമുമ്പ് ലഭിക്കത്തക്കവിധം ഡോ. ധർമ്മരാജ് അടാട്ട്, സെക്രട്ടറി, വി.ടി. സ്മാരകട്രസ്റ്റ്, സംസ്കൃതി, കാലടി പി.ഒ., എറണാകുളം – 683 574 എന്ന വിലാസത്തിൽ അയച്ചുതരേണ്ടതാണ്. പതിനായിരം രൂപയും പ്രശസ്തി ഫലകവുമാണ് വി.ടി. പുരസ്കാരമായി നൽകുന്നത്.

## കെ ദാമോദരൻ അവാർഡിന് കൃതികൾ ക്ഷണിച്ചു

കെ. ദാമോദരന്റെ സ്മരണയ്ക്കായി കെ. ദാമോദരൻ പഠന ഗവേഷണകേന്ദ്രം & ലൈബ്രറി ഏർപ്പെടുത്തിയ 2010–ലെ കെ. ദാമോദരൻ അവാർഡിന് കൃതികൾ ക്ഷണിച്ചു.

2008–09 വർഷത്തിൽ ഒന്നാംപതിപ്പായി പ്രസിദ്ധീകരിച്ച പരിസ്ഥിതി പഠനഗ്രന്ഥമാണ് അവാർഡിന് പരിഗണിക്കുന്നത്, വിവർത്തനം സ്വീകാര്യമല്ല.



തോപ്പിൽ രവി സാഹിത്യപുരസ്കാരം എം. ദേവദാസിന് മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ സമ്മാനിക്കുന്നു. പ്രതിപക്ഷനേതാവ് ഉമ്മൻചാണ്ടി തുടങ്ങിയവർ സമീപം

5000 രൂപയും ശിൽപവും, പ്രശസ്തി പത്രവും അടങ്ങുന്നതാണ് അവാർഡ്. കൃതിയുടെ മൂന്ന് കോപ്പികളും വ്യക്തിഗതവിവരവും ഉൾപ്പെടെ ജൂൺ 10-ന് മുമ്പ് സെക്രട്ടറി കെ. ദാമോദരൻ പഠനഗവേഷണകേന്ദ്രം & ലൈബ്രറി, എടപ്പുള്ളി റോഡ്, ഗുരുവായൂർ പി.ഒ., തൃശൂർ ജില്ല - 680 101. (ഫോൺ: 0487 -2555508, 9447771960, 9495096634) എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്.



കേരള സർക്കാർ സാംസ്കാരിക വകുപ്പ് ഏർപ്പെടുത്തിയ അരങ്ങിലെ സ്ത്രീരത്നം എന്ന ബഹുമതി കോട്ടയ്ക്കൽ ശിവരാമന് യേശുദാസ് സമ്മാനിക്കുന്നു. ഡോ. എൻ.ആർ. ഗ്രാമപ്രകാശ്, കലാമണ്ഡലം രാമൻകുട്ടിനായർ തുടങ്ങിയവർ സമീപം.

## ഗുരുദർശന അവാർഡിന് കൃതികൾ ക്ഷണിച്ചു

മേത്തല ശ്രീനാരായണസമാജം വർഷംതോറും നൽകിവരുന്ന ശ്രീ നാരായണഗുരുദർശന അവാർഡിന് കൃതികൾ ക്ഷണിച്ചു. ദാർശനികകൃതികളും വിവിധവിഷയങ്ങളിലുള്ള വൈജ്ഞാനിക പഠനകൃതികളുമാണ് അവാർഡിനായി പരിഗണിക്കുക. 10000 ക.യും ശിൽപവും പ്രശസ്തിപത്രവും അടങ്ങുന്നതാണ് അവാർഡ്.

ഏപ്രിൽ 2006 മുതൽ മാർച്ച് 2010 വരെയുള്ള അഞ്ചു വർഷങ്ങളിൽ ആദ്യ പതിപ്പായി പ്രസിദ്ധീകരിച്ച കൃതികളാണ് അവാർഡിനായി പരിഗണിക്കുക.

പരിഗണിക്കേണ്ട കൃതികളുടെ 4 കോപ്പിവീതം 2010 മെയ് 15-ന് മുമ്പായി കിട്ടത്തക്ക വിധം 'സെക്രട്ടറി, ശ്രീനാരായണസമാജം, രജിസ്റ്റർ നമ്പർ: 37/64, പി.ഒ. മേത്തല, കൊടുങ്ങല്ലൂർ, പിൻ: 680 669”എന്ന വിലാസത്തിൽ അയച്ചിരിക്കേണ്ടതാണ്.

## പിറന്നാൾ സമ്മാനം

ടി.വി. ജോൺ കോടുകുളഞ്ഞി രചിച്ച്, തുതിക്കാട്ടു പബ്ലിക്കേഷൻസ് പ്രസിദ്ധീകരിച്ച പിറന്നാൾ സമ്മാനം എന്ന ബാലസാഹിത്യഗ്രന്ഥം കോടുകുളഞ്ഞി സി.എം.എസ് യു.പി സ്കൂളിൽ നടന്ന ചടങ്ങിൽ ഹെഡ്മിസ്ട്രസ് സിസ്സി സാമുവേൽ പ്രകാശനം ചെയ്തു. തടിയൂർ ഭാസി ആദ്യപ്രതി സ്വീകരിച്ചു. മോളിക്കുട്ടി ജോർജ്ജ്, ജോൺ ജോസഫ്, അനിജി. ടി., ജോർജ്, മഞ്ജു അന്ന ജേക്കബ്, എൽസി മാത്യൂസ്. ജെയ്സി തോമസ്, അന്നമ്മ ഈപ്പൻ, ടി.വി. ജോൺ എന്നിവർ സംസാരിച്ചു.



മാവേലിക്കര ശാരദാ മന്ദിരത്തിൽ എലിപ്പക്കുളം രവീന്ദ്രൻ രചിച്ച കഥാസമാഹാരം മഴ, ജീവചരിത്രം, ഏ.പി. കളയ്ക്കാട് - ജീവിതവും പോരാട്ടവും എന്നീ പുസ്തകങ്ങളുടെ പ്രകാശനം മന്ത്രി എം.എ. ബേബി ജി. ശങ്കറിന് (ഹാബിറ്റാറ്റ്) നൽകി നിർവ്വഹിക്കുന്നു.

## അങ്കണം കഥ - കവിത ക്യാമ്പ്

അങ്കണം സാംസ്കാരിക വേദി യുവ എഴുത്തുകാർക്കുവേണ്ടി മെയ്മാസത്തിൽ കാസർഗോഡ് ജില്ലയിലെ കുട്ടമത്ത് വെച്ച് മൂന്നുദിവസം നീണ്ടു നിൽക്കുന്ന കഥ - കവിത ക്യാമ്പ് നടത്തുന്നു. ക്യാമ്പിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ ഇതുവരെ പ്രസിദ്ധീകരിച്ചിട്ടില്ലാത്ത സ്വന്തം രചനയോടൊപ്പം അപേക്ഷിക്കുക. സൃഷ്ടികൾ ഒരു പുറത്തു മാത്രമേ എഴുതാവൂ. ആർ. ഐ. ഷംസുദ്ദീൻ, അങ്കണം, പി.ബി. നമ്പർ 811, തൃശ്ശൂർ -4 എന്ന വിലാസത്തിൽ അപേക്ഷിക്കുക.



പുരോഗമന കലാസാഹിത്യസംഘം തൃശൂർ ജില്ലാകമ്മിറ്റി കമലസുറയ്യ പുരസ്കാരത്തിനർഹനായ വൈശാഖന് നൽകിയ സ്വീകരണത്തിൽ ഡോ. സുകുമാർ അഴീക്കോട് സംസാരിക്കുന്നു. വൈശാഖൻ, ബേബി ജോൺ, ഇ.പി. രാജഗോപാലൻ, പുരുഷൻ കടലുണ്ടി, രാവുണ്ണി, ബാബു എം. പാലിശ്ശേരി എം.എൽ.എ., സി.ആർ.ദാസ്, എം.എൻ.വിനയകുമാർ, ഡോ. എൻ, ആർ. ഗ്രാമപ്രകാശ് എന്നിവർ വേദിയിൽ

## പുസ്തക പ്രകാശനം

ക്രിയേറ്റീവ് റൈറ്റേഴ്സ് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ തൃശ്ശൂർ കള്ളിയത്ത് സ്ക്വയറിൽ വെച്ച് ചന്ദ്രശേഖർ നാരായണന്റെ 'ശവദാഹ യന്ത്രം' എന്ന നോവലിന്റെ പ്രകാശനം ബാലചന്ദ്രൻ വടക്കേടത്ത് പ്രേം പ്രസാദിന് നൽകി നിർവ്വഹിച്ചു. അഡ്വ: മേതിൽ വേണുഗോപാലൻ അദ്ധ്യക്ഷനായിരുന്നു. ചന്ദ്രശേഖർ നാരായണൻ നന്ദി പറഞ്ഞു.

റഹ്മാൻ തിരുനെല്ലൂർ, സുരേന്ദ്രൻ ചെമ്പൂക്കാട്, സുനിൽ പി. മതിലകം, യു.കെ. സുരേഷ്കുമാർ, സുരേന്ദ്രൻ മാങ്ങാട്, ഡോ. പി. സജീവ്കുമാർ, സി. ഗണേഷ്, റാഫേൽ തൈക്കാട്ടിൽ എന്നിവർ സംസാരിച്ചു. ■

## ഫോക്‌ലോർ അക്കാദമി പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു

ഫോക്‌ലോർ അക്കാദമിയുടെ ഫെല്ലോഷിപ്പുകളും അവാർഡുകളും ഗുരുപൂജ പുരസ്കാരങ്ങളും പ്രഖ്യാപിച്ചു.

സി.കെ. ആണ്ടിപ്പെരുമലയൻ (മേപ്പയൂർ-തിറയാട്ടം, വെലിക്കള), റാഫേൽ ജോസ് (ഓമനപ്പുഴ-ചവിട്ടുനാടകം), വെങ്ങര കൃഷ്ണൻപണിക്കർ (പഴയങ്ങാടി-മറുത്തുകളി) എന്നിവർക്കാണ് ഫെല്ലോഷിപ്പ്.

പാചകലയ്ക്ക് ആദ്യമായി ഇത്തവണ അവാർഡ് ഏർപ്പെടുത്തിയിട്ടുണ്ട്. ഏപ്രിലിൽ കോഴിക്കോട്ടു നടക്കുന്ന ചടങ്ങിൽ പുരസ്കാരങ്ങൾ വിതരണം ചെയ്യും. 30,000 രൂപയും ശില്പവും പ്രശസ്തിപത്രവും അടങ്ങിയതാണ് ഫെല്ലോഷിപ്പ്. 15,000 രൂപയും ശില്പവും പ്രശസ്തിപത്രവും അടങ്ങിയതാണ് അവാർഡ്. 10,000 രൂപയും പൊന്നാടയും പ്രശസ്തിപത്രവും അടങ്ങിയതാണ് ഗുരുപൂജ പുരസ്കാരം.

**അവാർഡിന് അർഹരായവർ**

എസ്.വി. പീർമുഹമ്മദ് (മുഴപ്പിലങ്ങാട്, മാപ്പിളപ്പാട്ട്), എം.വി. പാർവതി (കൊടക്കാട്, നാട്ടിപ്പാട്ട്), തായമ്പത്ത് കുഞ്ഞിക്കണ്ണൻ (അന്നൂർ, പൂരക്കളി), വേലായുധൻ (പാലക്കാട്, ആര്യമാല), ടി. കൃഷ്ണൻ പെരുവണ്ണാൻ (അഴീക്കോട്, തെയ്യം), കീഴില്ലം ഉണ്ണിക്കൃഷ്ണൻ (പെരുമ്പാവൂർ, മുടിയേറ്റ്), കാർത്തു (മാള, നാടൻപാട്ട്), കാളി (അട്ടപ്പാടി, കുഴൽ), പ്രൊഫ. കെ.എൻ. ഓമന (പൂങ്കുന്നം, തിരുവാതിരക്കളി), ആർ. ശ്രീധരൻനായർ (വട്ടിയൂർക്കാവ്, ഭദ്രകാളിപ്പാട്ട്), ബാലൻ ചിറയത്ത് (ഇടുക്കി, കമ്പുകളി, മലങ്കൂത്ത്, ചവിട്ടുകളി), ഒ.വി. കൃഷ്ണൻ (വൈക്കം, പുള്ളുവൻപാട്ട്), അയ്യപ്പൻ (തൃശ്ശൂർ, ചാക്കാട്ട് പാട്ട്, ചെറുനീലിയാട്ടം), മഠത്തിൽ കുഞ്ഞികൃഷ്ണൻ (പാലക്കാട്, കണ്യാർകളി), നഞ്ചമ്മ (അട്ടപ്പാടി, ആദിവാസിപ്പാട്ട്), പൊടിക്കളം പറമ്പിൽ കുഞ്ഞിരാമപ്പെരുവണ്ണാൻ (ശ്രീസ്ഥ, തെയ്യം), കെ.എസ്. മുഹമ്മദ് ഹുസൈൻ (പാലക്കാട്, മുട്ടും ബിളി), ടി. ഗോമതി അമ്മ (വിഴിഞ്ഞം രാമകഥാപ്പാട്ട് പാരായണം), എം.ടി. പദ്മനാഭൻ (ആലപ്പുഴ, പരിശമുട്ടുകളി, ഇടനാടൻ പാട്ട്), എ.എൻ. അനിരുദ്ധൻ (ഗോതുരുത്ത്, ചവിട്ടുനാടകം), കുട്ടമ്മത്ത് എ. ശ്രീധരൻ (കാസർകോട്, നാടൻ കലാപഠനം), കെ.യു. ദാമോദര പൊതുവാൾ (അന്നൂർ, പാചകകല), സി. രാമൻ (കുനിശ്ശേരി, പൊറാട്ടുകളി), ഡോ. എസ്. പ്രശാന്ത് കൃഷ്ണൻ (ചിറക്കൽ, ഫോക്‌ലോർ ഗ്രന്ഥരചന), നാദിയ കെ. എം. (ഫോക്‌ലോർ എം.എ. ഒന്നാം റാങ്ക്).

**ഗുരുപൂജയ്ക്ക് അർഹരായവർ:**

എ.പി. രാഘവൻ (ഏഴോം പൂരക്കളി), സി.ടി. തങ്കമ്മ തോമസ് (തൃശ്ശൂർ, ക്രിസ്ത്യൻഗാനങ്ങൾ, മാർഗ്ഗംകളിപ്പാട്ട്, നാടൻപാട്ട്), കണിയേരി കണ്ണൻ കുറ്റൂരാൻ (കുറ്റൂർ തെയ്യം), പുലിയന്നൂർ ചന്ദ്രൻ (ചെറുവത്തൂർ, പൂരക്കളി), പി.വി. കുഞ്ഞമ്പു പണിക്കർ (കാസർകോട്, പൂരക്കളി), പി.പി. ജനാർദനൻ (കോറോം, പൂരക്കളി), കടവത്ത് ബാലകൃഷ്ണപ്പണിക്കർ (കാസർകോട്, മറുത്തുകളി), കുണ്ടോറ കുഞ്ഞിരാമപെരുവണ്ണാൻ (പയ്യന്നൂർ, തെയ്യം), കെ.ജെ. ജോൺ (കുമളി, നാടൻപാട്ട്), ഇ.പി. നാരായണപെരുവണ്ണാൻ (തളിപ്പറമ്പ്, തെയ്യം, തെയ്യച്ചമയം).

## സി.വി. കുഞ്ഞുരാൻ സാഹിത്യ പുരസ്കാരം എം.കെ.സാനുവിന്

സി.വി. കുഞ്ഞുരാമൻ ഫൗണ്ടേഷന്റെ ഏഴാമത് സാഹിത്യപുരസ്കാരം എം.കെ. സാനുവിന്. മലയാള ഭാഷക്കും സാഹിത്യത്തിനും നൽകിയ സമഗ്രസംഭാവന പരിഗണിച്ചാണ് 10,001 രൂപയും പ്രശസ്തിപത്രവും ആർട്ടിസ്റ്റ് ബി.ഡി. ദത്തൻ രൂപകൽപന ചെയ്ത ശിൽപയും അടങ്ങുന്ന പുരസ്കാരം നൽകുന്നത്. അഡീഷനൽ ചീഫ്സെക്രട്ടറി കെ. ജയകുമാർ, പത്രപ്രവർത്തകരായ കെ. ഗോവിന്ദൻകുട്ടി, സരിതാവർമ എന്നിവരായിരുന്നു ജഡ്ജിങ് കമ്മറ്റി അംഗങ്ങൾ.

## മുണ്ടൂർ സ്മാരക പുരസ്കാരം ടി.ഡി. രാമകൃഷ്ണന്

മുണ്ടൂർ കൃഷ്ണൻകുട്ടിയുടെ സ്മരണയ്ക്കായി സപര്യ സാഹിത്യവേദി ഏർപ്പെടുത്തിയ പ്രഥമ നോവൽ പുരസ്കാരത്തിന് (10,000 രൂപ) ടി.ഡി. രാമകൃഷ്ണന്റെ 'ഫ്രാൻസിസ് ഇട്ടിക്കോര' അർഹമായി. 2007 മുതൽ 2009 വരെയുള്ള വർഷങ്ങളിൽ ആദ്യപതിപ്പായി പ്രസിദ്ധീകരിച്ച നോവലുകളാണ് അവാർഡിനു പരിഗണിച്ചത്.

## പത്മരാജൻ പുരസ്കാരം സക്കറിയയ്ക്ക്

18-ാമത് പത്മരാജൻ കഥാപുരസ്കാരത്തിന് സക്കറിയ അർഹനായി. മാതൃഭൂമി ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിച്ച അൽഫോൻസാമ്മയുടെ 'മരണവും ശവസംസ്കാരവും' എന്ന കഥയാണ് സക്കറിയയെ പുരസ്കാരത്തിനർഹനാക്കിയത്. 10,000 രൂപയും ഫലകവുമടങ്ങുന്നതാണ് കഥാപുരസ്കാരം.

## രംഗചേതന നാടക പുരസ്കാരം കാവാലം നാരായണപ്പണിക്കർക്ക്

രംഗചേതനയുടെ നാടക പുരസ്കാരത്തിന് കാവാലം നാരായണപ്പണിക്കർ അർഹനായി. പതിനായിരം രൂപയും രാജേഷ് തച്ചൻ രൂപകല്പന ചെയ്ത ശിൽപ്പവും പ്രശസ്തിപത്രവും അടങ്ങിയതാണ് അവാർഡ്.

## ഡോക്ടറേറ്റു ലഭിച്ചു

ആർ. ശ്രീലതാവർമ്മയ്ക്ക് ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ നിന്നും മലയാള സാഹിത്യത്തിൽ പിഎച്ച്ഡി ബിരുദം ലഭിച്ചു. 'ആഖ്യാനതന്ത്രങ്ങൾ മുകുന്ദന്റെ നോവലുകളി'ൽ എന്ന വിഷയത്തിൽ ഡോ. നെല്ലിക്കൽ മുരളീധരന്റെ മേൽനോട്ടത്തിലായിരുന്നു ഗവേഷണം. എഴുത്തുകാരനായ ഓമല്ലൂർ രാജരാജവർമ്മയുടേയും റിട്ട. ഹെഡ്മിസ്ട്രസ്സ് കെ. അംബികാദേവിയുടേയും മകളും സംസ്കൃത സർവ്വകലാശാല മലയാള വിഭാഗം റീഡർ ഡോ. എം. കൃഷ്ണൻ നമ്പൂതിരിയുടെ ഭാര്യയുമാണ്. സംസ്കൃത സർവ്വകലാശാലയുടെ തൃശ്ശൂർ പ്രാദേശികകേന്ദ്രം മലയാള വിഭാഗത്തിൽ അധ്യാപികയാണ്.

## ഇ.വി.ജി പുരസ്കാരം സി.പി. ബിജുവിന്

ഇ.വി.ജി സ്മാരക സാഹിത്യ പുരസ്കാരത്തിന് സി പി ബിജുവിന്റെ ചരക്ക് എന്ന കഥാസമാഹാരം അർഹമായി. അശോകൻ ചരുവിൽ, ബാലചന്ദ്രൻ വടക്കേടത്ത്, ഡോ വിദ്യാസാഗർ, ഇ. ജിനൻ എന്നിവരടങ്ങുന്ന കമ്മിറ്റിയാണ് പുരസ്കാരജേതാവിനെ തിരഞ്ഞെടുത്തത്.

# മരണം

## നെല്ലിക്കൽ മുരളീധരൻ



കവിയും നിരൂപകനും അദ്ധ്യാപകനുമായ നെല്ലിക്കൽ മുരളീധരൻ (62) ഏപ്രിൽ 25ന് കോട്ടയത്ത് അന്തരിച്ചു. കേരള സാഹിത്യ അക്കാദമിയുടെ 2004ലെ കവിതയ്ക്കുള്ള പുരസ്കാരവും 1994ലെ ഭാഷാശാസ്ത്രത്തിനുള്ള ഐ.സി. ചാക്കോ എൻഡോവ്മെന്റ് പുരസ്കാരവും അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. ഇടശ്ശേരി അവാർഡ്, പൂന്താനം അവാർഡ്, വി.ടി. ഭട്ടതിരിപ്പാട് അവാർഡ്, എസ്.ബി.ടി. അവാർഡ് തുടങ്ങിയവ അദ്ദേഹത്തിന് ലഭിച്ച ബഹുമതികളിൽ ചിലതാണ്.

ആറന്മുളയുടെ സാംസ്കാരിക പൈതൃകം, ആറന്മുളവള്ളംകളി - ചരിത്രവും പാട്ടുകളും, ആത്മപുരാണം, ബലിഗാഥ, പാണ്ടി, പുറപ്പാട്, കേരള ജാതി വിതരണം, വിശ്വസാഹിത്യദർശനങ്ങൾ, ആശാൻകവിത ഒരുപുരാവൃത്ത പഠനം, കവിതയിലെ പുതുവഴികൾ തുടങ്ങിയ ഇരുപതിലേറെ പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

പത്തനംതിട്ട കാത്തോലിക്കേറ്റ് കോളേജിൽനിന്ന് ബിരുദവും കേരള യൂണിവേഴ്സിറ്റിയിൽനിന്ന് പിഎച്ച്ഡിയും നേടി. വിവിധ എൻ.എസ്.എസ്. കോളേജുകളിൽ അദ്ധ്യാപകനായിരുന്ന അദ്ദേഹം കാലടിസംസ്കൃത സർവ്വകലാശാലയിൽ മലയാളവിഭാഗം പ്രൊഫസറായാണ് വിരമിച്ചത്.

കേരളസാഹിത്യഅക്കാദമി നെല്ലിക്കൽ മുരളീധരന്റെ നിര്യാണത്തിൽ അനുശോചിച്ചു.

## പി.എം. അബ്ദുൽ അസീസ്



സംവിധായകനും നാടകകൃത്തും അധ്യാപകനുമായിരുന്ന അയ്യന്തോൾ തൃക്കുമാരക്കുടം പള്ളിമഞ്ഞാലിൽ പി.എം. അബ്ദുൾ അസീസ് (75) ഏപ്രിൽ 17-ന് തൃശൂരിൽ അന്തരിച്ചു. ആദ്യനാടകം ചാവേർപ്പട 1974-ലെ കേരള സാഹിത്യ അക്കാദമി അവാർഡിന് അർഹമായി. 1975-ൽ ഭോപ്പാലിൽ നടന്ന നാഷനൽ തിയറ്റർ ഫെസ്റ്റിവലിൽ ദക്ഷിണേന്ത്യയിൽനിന്നു തിരഞ്ഞെടുക്കപ്പെട്ട ആദ്യ മലയാളനാടകവുമായിരുന്നു ഇത്. അദ്ദേഹത്തിന്റെ മാൻപേട, ഞാവൽപഴങ്ങൾ, അത്യുന്നതങ്ങളിൽ കൂടാരം പണിതവർ എന്നീ ഫീച്ചർ ഫിലിമുകൾ പ്രസിദ്ധമാണ്. 37 ഡോക്യുമെന്ററി ഫിലിമുകൾ സ്വയം നിർമിച്ച് പുറത്തിറക്കിയിട്ടുണ്ട്. ഫിലിം അവാർഡ് നിർണയകമ്മിറ്റികളിൽ അംഗമായിരുന്നു. ജനസമ്മതി നേടിയ സായാഹ്ന കോടതി, കവികൾ കൽപനകൾ, എണ്ണപ്പാടം എന്നി ടി.വി സീരിയലുകളും അസീസ് നിർമിച്ചു സംവിധാനം ചെയ്തവയാണ്.

## എ കുട്ബുദീൻ



ചലച്ചിത്രനിരൂപകനും പുരോഗമന കലാ സാഹിത്യ സംഘം സംസ്ഥാന കമ്മറ്റിയംഗവുമായ എ കുട്ബുദീൻ (67) മാർച്ച് 27ന് എറണാകുളത്ത് അന്തരിച്ചു. 2008 ലെ മുംബൈ ഷോർട്ട് ഫിലിം ഫെസ്റ്റിവലിൽ ജൂറി അംഗം, ഭാരത് ഭവൻ മെമ്പർ സെക്രട്ടറി, കുറുമശ്ശേരി ഗവ. പോളി ടെക്നിക്കിലെ റിട്ട. സൂപ്രണ്ട്, പി.ജെ. ആന്റണി ഫൗണ്ടേഷന്റെയും കൊച്ചിൻ ഫിലിം സൊസൈറ്റിയുടെയും എക്സിക്യൂട്ടീവ് അംഗം എന്നിങ്ങനെ പ്രവർത്തിച്ചു.

ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ അനവധി ലേഖനങ്ങൾ എഴുതിയിട്ടുള്ള കുട്ബുദീൻ, 'സിനിമയുടെ ചാരുതകൾ,' 'അഗസ്റ്റിൻ ജോസഫ് ഭാഗവതർ' എന്നീ പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്.

സിനിമാഗാനചരിത്രത്തെ സംബന്ധിച്ച് പഠനം നടത്തി പുസ്തകം തയ്യാറാക്കുന്ന ശ്രമത്തിലായിരുന്നു കുട്ബുദീൻ

## സന്തോഷ് ജോഗി



എഴുത്തുകാരനും യുവനടനുമായ സന്തോഷ് ജോഗി (35) ഏപ്രിൽ 13-ന് തൃശൂരിൽ അന്തരിച്ചു. ആനുകാലികത്തിൽ കഥകളെഴുതിയിരുന്നു. പുലിജന്മം, കീർത്തിചക്ര, മായാവി, ഷോട്ടാ മുംബൈ, ബിഗ് ബി, നസ്രാണി, മലബാർ വെഡ്ഢിംഗ്, കാക്കി, ജൂലൈ നാല്, അലിഭായ്, രാഷ്ട്രം, മുല്ല തുടങ്ങി 31 -ഓളം സിനിമകളിൽ അഭിനയിച്ചിട്ടുണ്ട്. സനലിന്റെ 'ടൂ വീലർ' ആണ് ആദ്യചിത്രം. കീർത്തിച്ചക്രയിലെ പട്ടാളക്കാരന്റെ വേഷം ഏറെ ശ്രദ്ധിക്കപ്പെട്ടിരുന്നു.

സിനിമ, സംഗീതം, സാഹിത്യം എന്നീ വിഷയങ്ങളിൽ തല്പരനായിരുന്നു ജോഗി.


**ഡോ. ടി.പി. സുകുമാരൻ**
**പേരിന്റെ പൊരുൾ**

**ടി.എൻ. പ്രകാശ്**

അവതാരിക : **എം.കെ. സാനു**

പേജ് 152 വില 100/-





പുതിയപതിപ്പ്

**ഇടയന്റെ നിക്ഷേപം**

(കവിതാസമാഹാരം)

**ഇ. നാരായണൻ**

പേജ് : 97 വില : 60/-

*കോപ്പികൾക്ക് :* **കേരള സാഹിത്യ അക്കാദമി , തൃശൂർ**

# പുസ്തകപരിചയം

## ഫോക്‌ലോറും മലയാളനാടകവും





ഡോ. എൽ. തോമസ്സുകുട്ടി

മലയാള നാടകവേദിയിൽ വലിയ മാറ്റങ്ങൾക്കു വഴിവെച്ച തനതുനാടകവേദിയെ കേരളീയ ഫോക്‌ലോറിന്റെ അടിത്തറയിൽ നിന്നുകൊണ്ട് വിലയിരുത്തുന്ന കൃതി. മലയാളത്തിൽ ഇനിയും വികസിച്ചിട്ടില്ലാത്ത തിയേറ്റർ ക്രിറ്റിസിസത്തിനും പെർഫോമൻസ് സ്റ്റഡീസിനും മികച്ച സംഭാവന നല്കാൻ ഈ കൃതിയ്ക്ക് സാധിയ്ക്കും.

പ്രസാ: പൂർണ്ണ പബ്ലിക്കേഷൻസ്, കോഴിക്കോട്, വില : 55 രൂപ, പേജ് : 83

## എം.ടി. യുടെ രചനകൾ- ഒരു പുനർവായന





ഡോ. ആനന്ദ് കാവാലം

പേരുസൂചിപ്പിയ്ക്കുന്നതുപോലെ എം.ടി. വാസുദേവൻനായരുടെ കൃതികളെ ആധുനിക നിരൂപണരീതികൾ ഉപയോഗിച്ച് പഠിയ്ക്കാൻ ശ്രമിയ്ക്കുന്ന പുസ്തകം. ജൈവദർശനം, തിണ വ്യവസ്ഥ, മനശ്ശാസ്ത്രരീതികൾ, ആഖ്യാനതന്ത്രം തുടങ്ങിയവയുടെ അടിസ്ഥാനത്തിലുള്ള വിശകലനങ്ങൾ ശ്രദ്ധേയമാണ്.

പ്രസാ: കറന്റ് ബുക്സ്, തൃശൂർ, വില : 60 രൂപ, പേജ് : 99

## സിനിമയുടെ കാല്പാടുകൾ





കെ.ജെ. ജോണി/സി. വേണുഗോപാൽ

മലയാളസിനിമയുടെ ചരിത്രത്തിൽ സുവർണ്ണലിപികളിൽ രേഖപ്പെടുത്തിയ പേരാണ് ശോഭനാ പരമേശ്വരൻ നായരുടേത്. അദ്ദേഹവുമായി നടത്തിയ സുദീർഘമായ അഭിമുഖത്തിലൂടെ ഒരു കാലഘട്ടത്തെത്തന്നെ അനാവരണം ചെയ്യുകയാണ് ഈ കൃതിയിൽ. അനുബന്ധമായി, അദ്ദേഹത്തിന്റെ സിനിമകളെക്കുറിച്ചുള്ള പഠനങ്ങൾ, നിരീക്ഷണങ്ങൾ, അവയിലെ പാട്ടുകൾ തുടങ്ങിയവ ഉൾക്കൊള്ളിച്ചിരിയ്ക്കുന്നു.

പ്രസാ: കറന്റ് ബുക്സ്, തൃശൂർ, വില : 160 രൂപ, പേജ് : 244

## ഭാഷാപഠനപ്രവർത്തനങ്ങൾ- രചനയും മാതൃകയും





തുളസി കോട്ടുക്കൽ

ഹൈസ്കൂൾ, ഹയർ സെക്കന്ററി വിഭാഗങ്ങളിലുള്ള മലയാളം പഠിതാക്കൾക്ക് സഹായകമാകുന്ന വിധത്തിൽ തയ്യാറാക്കപ്പെട്ട കൃതി. പാനൽ ചർച്ച, ഉപന്യാസം, കവിതാരചന, ക്ലാസ്സ് മാഗസിൻ, അനുഭവക്കുറിപ്പ് തുടങ്ങി പുതിയ കാലഘട്ടത്തിലെ വിദ്യാർത്ഥികൾക്കും ഭാഷാസ്നേഹികൾക്കും ഇത് പ്രയോജനപ്പെടും.

പ്രസാ: എച്ച് ആന്റ് സി ബുക്സ്, തൃശൂർ, വില : 75 രൂപ, പേജ് : 200

## അക്ഷരലോകത്തിലെ നഷ്ടസൗഭാഗ്യങ്ങൾ




പ്രൊഫ. കെ. ഗോപാലകൃഷ്ണൻ

മലയാളത്തിലെ ശ്രദ്ധേയരായ നിരവധി എഴുത്തുകാരെ അടുത്തറിയാൻ സഹായിയ്ക്കുന്ന കൃതി. സാഹിത്യവ്യക്തിത്വവും, സാധാരണ ജീവിതത്തിലെ വ്യക്തിത്വവും, തമ്മിലുള്ള സംബന്ധത്തിന്റെ, അല്ലെങ്കിൽ അസംബന്ധത്തിന്റെ നിഗൂഢമായ കണ്ണികൾ ഇഴപിരിച്ച് പരിശോധിയ്ക്കുകയാണ് ഇതിൽ. എം.ജി.എസ്. നാരായണന്റെ അവതാരിക.

പ്രസാ: പൂർണ്ണ പബ്ലിക്കേഷൻസ്, കോഴിക്കോട്, വില : 65 രൂപ, പേജ് : 108

## പ്രണയത്തിന്റെയും മരണത്തിന്റെയും കവിതകൾ




എ. അയ്യപ്പൻ

പ്രണയവും മരണവും ജീവിതവും അസാധാരണമായ ചില ബിന്ദുക്കളിൽ ഒന്നിയ്ക്കുകയാണ് അയ്യപ്പന്റെ കവിതകളിൽ. ഇവിടെയുമതേ, പ്രസാധകക്കുറിപ്പിൽ പറയുന്നപോലെ, പെരുമ്പറയുടെ മുഴക്കവും, നരഭോജികളുടെ അലർച്ചയുമുള്ള ജീവിത കാമനയുടെ വനത്തിലേയ്ക്ക് പ്രണയിനിയുടെ കരങ്ങൾ കോർത്ത്പിടിച്ച് കവി നടത്തുന്ന യാത്രകളായി ഈ കവിതകൾ മാറുന്നു.

പ്രസാ: എച്ച്.ആന്റ്.സി. ബുക്സ്, തൃശൂർ, വില : 65 രൂപ, പേജ് : 100

## എന്റെ ആദ്യത്തെ കഥകൾ




ടി. പത്മനാഭൻ

ഒരെഴുത്തുകാരനെന്ന നിലയിൽ രൂപപ്പെട്ടുവരുന്ന ടി. പത്മനാഭനെ വെളിച്ചത്തുകൊണ്ടുവരുന്ന ആദ്യകാല കഥകളുടെ സമാഹാരം. ഡോക്ടറുടെ കഥ, കത്തിയും കൈവളയും, പുതിയ തലമുറ, എസ്ക്കിമോ, വാടകതറവാടിന്റെ മാനം, അമ്മാമൻ, കാട്ടിലെ കഥ തുടങ്ങി പതിനാലു രചകളാണ് ഇതിലുള്ളത്.

പ്രസാ: എച്ച് ആന്റ് സി ബുക്സ്, തൃശ്ശൂർ. വില: 80.00 പേജ്: 137.

## ദോഡ്ഡമനെയിലെ വിശേഷങ്ങൾ





എ.എസ്. മുഹമ്മദ്കുഞ്ഞി

വടക്കൻ കേരളത്തിലെ 'മിശ്ര സമൂഹത്തിലെ സാധാരണ മനുഷ്യരുടെ ജീവിതം കഥകളായി ആവിഷ്കരിയ്ക്കുന്ന പുസ്തകം. ദൊഡ്ഡമനെയിലെ വിശേഷങ്ങൾ, പ്രവാസിയുടെ വീട്, റോബർട്ട് പെരേരയെന്ന സമകാലികൻ, ഒട്ടകം തുടങ്ങി പതിനഞ്ചു രചനകളാണിതിലുള്ളത്. ശ്രീ. ഇ.പി. രാജഗോപാലന്റെ പഠനം.

പ്രസാ: എസ്.പി.സി.എസ്/എൻ.ബി.എസ് കോട്ടയം
വില: 60.00 പേജ്: 84.

## ആത്മകഥ




**ചാൾസ് ഡാർവിൻ. വിവ: കെ. രമ**

'മനസ്സിന്റെയും സ്വഭാവത്തിന്റെയും വികാസത്തിന്റെ ഓർമ്മകൾ' എന്ന പേരിൽ ചാൾസ് ഡാർവ്വിൻ എഴുതിയ ആത്മകഥകളുടെ മലയാളം പതിപ്പ്. ശാസ്ത്രജ്ഞനെന്ന നിലയിലും വ്യക്തി എന്ന നിലയിലും ഡാർവിനെ അടുത്തറിയാൻ സഹായിയ്ക്കുന്ന ഈ ഗ്രന്ഥം കുട്ടികൾക്കും മുതിർന്നവർക്കും ഒരുപോലെ പ്രയോജനപ്രദമാണ്.

പ്രസാ: ഒലിവ്, കോഴിക്കോട്. വില: 50.00 പേജ്: 89.

## ഓസ്കാറിലെ ഇന്ത്യ




**ഹരീഷ് കോട്ടൂർ**

ഓസ്കാർ അവാർഡിന്റെ ചരിത്രവും, ഇന്ത്യയിൽ നിന്ന് ഓസ്കാർ നേടിയ വ്യക്തികളുടെ ജീവിതവും വിശദമാക്കുന്ന കൃതി. ഭാനു അത്തയ്യ, സത്യജിത്റേ, എ.ആർ. റഹ്മാൻ. റസൂൽ പൂക്കുട്ടി, ഗുൽസാർ തുടങ്ങിയവരെ ഈ പുസ്തകത്തിലൂടെ നമുക്ക് പരിചയപ്പെടാം.

പ്രസാ: എച്ച് ആന്റ് സി, തൃശ്ശൂർ. വില: 45.00 പേജ്: 80

## സത്യപ്രകാശം





**പവനേശ്വരൻ**

ആദ്ധ്യാത്മികതയും സത്യാന്വേഷണവും സ്ഫുരിയ്ക്കുന്ന ഒരുകൂട്ടം കവിതകളുടെ സമാഹാരം. 'മഹാത്മാക്കളോടുള്ള ഭക്തിപ്രണാമങ്ങൾ മുഷിപ്പുകൂടാതെ അനുഭവിപ്പിയ്ക്കുന്നതാണ് ഈ കവിതകൾ' എന്ന് അവതാരികയിൽ ശ്രീ മാടമ്പുകുഞ്ഞുകുട്ടൻ അഭിപ്രായപ്പെട്ടിട്ടുണ്ട്.

പ്രസാ: നൂതൻധാര പബ്ലിക്കേഷൻസ്, കൊച്ചി. വില: 60.00 പേജ്: 112.

## വീണ്ടും ഒരു മുത്തശ്ശിക്കഥ




**പി.എൻ. സുരേഷ്കുമാർ**

പുതിയകാലത്തെ കുട്ടികൾക്ക് നഷ്ടമാകുന്ന മുത്തശ്ശിക്കഥകളുടെ സൗഭാഗ്യം വീണ്ടെടുക്കാൻ ശ്രമിയ്ക്കുന്ന കൃതി. രണ്ടു ചങ്ങാതിമാർ, ഒരുമയുണ്ടെങ്കിൽ, നന്മയ്ക്കു നാശമില്ല, ഭാവനമാറി തുടങ്ങി ഇതിലെ ഒൻപതുകഥകളും ബാലമനസ്സിൽ നന്മയും മൂല്യബോധവും വളർത്താൻ സഹായിയ്ക്കും.

പ്രസാ: ഭാവന ബുക്സ്, കാവശ്ശേരി. വില: 25.00 പേജ്: 38.

## വിരൽപ്പാടുകൾ




**എഡി. ടി.പി. വിനോദൻ**


എച്ച്.എ.യു.പി. സ്കൂൾ, അക്കരയിലെ മുപ്പതോളം കുട്ടികളുടെ സർഗ്ഗാത്മകത അടയാളപ്പെടുത്തുന്ന കവിതാപുസ്തകം. 'കുട്ടിമനസ്സുകളുടെ വികാരവിചാരങ്ങളെ സാക്ഷ്യപ്പെടുത്തുന്ന വിരൽപ്പാടുകളാണു ഈ സമാഹാരത്തിലെ രചനകളെല്ലാം' എന്ന പ്രസാധകക്കുറിപ്പ്, അക്ഷരാർത്ഥത്തിൽത്തന്നെ ശരിവയ്ക്കുന്നുണ്ട് ഇതിലെ രചനകൾ.

പ്രസാ: ഭാവനബുക്സ്, കാവിശ്ശേരി. വില: 30.00 പേജ്: 30.

**ഗ്രന്ഥകർത്താക്കളുടെയും പ്രസാധകരുടെയും ശ്രദ്ധയ്ക്ക്**

സാഹിത്യ അക്കാദമിയുടെ ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ ഗ്രന്ഥാവലോകനത്തിനയയ്ക്കുന്ന ഗ്രന്ഥങ്ങൾ രണ്ടു കോപ്പികൾ വീതം അയയ്ക്കേണ്ടതാണ്. "ഗ്രന്ഥാവലോകനത്തിന്" എന്ന് പ്രത്യേകം രേഖപ്പെടുത്തിയിരിക്കണം. **എഡിറ്റർ**

## തൃഷ്ണ




**രാജേന്ദ്രൻ ചെറുപൊയ്ക**

കവിതാസമാഹാരം, തൃഷ്ണ, മുക്തി, സമകാലികം, സ്വർഗ്ഗം നെറ്റ് വർക്ക്, വെളിപാടുകൾ, പാവക്കൂത്ത്, ഒറ്റുകാരൻ, പട്ടിത്തൊട്ടിൽ, ഒരു ദളിത് വിലാപം, ഉത്സവച്ചന്ത തുടങ്ങി ഇരുപിത്തായറു രചനകൾ. കലാകാരന്റെ യഥാർത്ഥ ആത്മവത്തയിലേയ്ക്ക് വിരൽചൂണ്ടുന്നവയാണ് ഇതിലെ ഓരോ രചനയും.

പ്രസാ: സൂര്യ പബ്ലിക്കേഷൻസ്, തിരുവനന്തപുരം. വില: 35.00 പേജ്: 48.

## സൈക്കിൾ യാത്രയിൽ നാം




**മാധവൻ പുറച്ചേരി**

വിവിധകാലഘട്ടങ്ങളുമായി സംവേദിയ്ക്കുന്ന ഒരുകൂട്ടം കവിതകളുടെ സമാഹാരം. കേരളത്തിന്റെ സാംസ്ക്കാരിക വ്യവഹാരങ്ങളിൽ നന്ന് എൺപതുകൾക്കുശേഷം രാഷ്ട്രീയവും സാമ്പത്തികവുമായ കാരണങ്ങളിൽ മാഞ്ഞുമാഞ്ഞില്ലാതെയാകുന്ന കേരളീയ പ്രകൃതിയെക്കുറിച്ചുള്ള അന്വേഷണമായി മാധവന്റെ കവിത മാറുന്നുണ്ടെന്നു അവതാരികയിൽ കെ.പി. രാമനുണ്ണി അഭിപ്രായപ്പെടുന്നു.

പ്രസാ: ഇൻസൈറ്റ് ബുക്സ്, കോഴിക്കോട്. വില: 50.00 പേജ്: 63.

## നാട്യകുലപതികൾ





**പി. ശിവദാസ്, ലക്കിടി**

കേരളകലാമണ്ഡലത്തിലെ പ്രഥമ വിദ്യാർത്ഥികളായിരുന്ന ജയശങ്കർ, ആനന്ദശിവറാം, മാധവൻ, കേളുനായർ എന്നിവരെ അടുത്തുനിന്നു നോക്കിക്കാണുന്ന കൃതി. കഥകളിയരങ്ങിൽ നിന്ന് വ്യതിചലിച്ച് സ്വകീയമായ നടനേഖലകൾ കണ്ടെത്തിയ ഈ പ്രതിഭാധനർ, കലാമണ്ഡലത്തിന്റെ പ്രശസ്തി ആഗോളതലത്തിൽ വ്യാപിപ്പിയ്ക്കാൻ വലിയ സംഭാവനകൾ നല്കിയിട്ടുണ്ട്.

പ്രസാ: ഭാവനബുക്സ്, കാവശ്ശേരി. വില: 40.00 പേജ്: 58.

## ഓർമ്മയിലെ മണിമുഴക്കം




**കെ.പി. രാമനാഥൻ**

കേരളീയ ജീവിതത്തിന്റെ ഒരു കാലഘട്ടത്തെ അടയാളപ്പെടുത്തുന്ന ഓർമ്മക്കുറിപ്പുകൾ. ജി. ശങ്കരക്കുറുപ്പ്, വൈലോപ്പിള്ളി, സി. അച്ചുതമേനോൻ, അമ്മന്നൂർ, കുഞ്ഞുണ്ണിമാഷ് തുടങ്ങിയ മഹാരഥന്മാർ ഇതിൽ തികഞ്ഞ മിഴിവോടെ പ്രത്യക്ഷപ്പെടുന്നു. ലളിതവും സത്യസന്ധവുമായ ഈ ശൈലി വായനക്കാരെ പിടിച്ചിരുത്തുകതന്നെ ചെയ്യും.

പ്രസാ: ഗ്രീൻ ബുക്സ്, തൃശ്ശൂർ. വില: 95.00 പേജ്: 152.

# സ്മരണീയ ദിനങ്ങൾ

## 2010 മെയ്

| | | | |
|---|---|---|---|
| 1. | മെയ്ദിനം | | |
| | രവീന്ദ്രനാഥടാഗോർ ജന്മദിനം | 1861 | |
| | കെ.പി.ജി. നമ്പൂതിരി ജന്മദിനം | 1917 | |
| | എം.പി. പോൾ ജന്മദിനം | 1904 | |
| | ബാലഭൂമി പ്രസിദ്ധീകരണം തുടങ്ങി | 1996 | |
| | കെ.പി. പത്മനാഭമേനോൻ ചരമദിനം | 1857 | 1919 |
| | എ.എൻ.ഇ. സുവർണ്ണവല്ലി ജന്മദിനം | 1935 | 2006 |
| 2. | സി.എ. ബാലൻ ജന്മദിനം | 1919 | |
| | ഇ.എം.ജെ. വെണ്ണിയൂർ ജന്മദിനം | 1927 | |
| | വക്കം അബ്ദുൾഖാദർ ജന്മദിനം | 1912 | |
| 3. | തോട്ടയ്ക്കാട്ട് ഇക്കാവമ്മ ചരമദിനം | 1865 | 1916 |
| | ആർ.കെ. നാരായണൻ ചരമദിനം | | 2001 |
| | ഇക്കണ്ടവാര്യർ ജന്മദിനം | 1890 | |
| | വി.കെ. കൃഷ്ണമേനോൻ ജന്മദിനം | 1896 | |
| | ഡോ. സക്കീർഹുസൈൻ ചരമദിനം | 1897 | 1969 |
| 4. | കെ.സി. മാമ്മൻ മാപ്പിള ജന്മദിനം | 1871 | |
| | വിജയൻ കരോട്ട് ചരമദിനം | 1940 | 1991 |
| | കിളിക്കുറിശ്ശി മംഗലം കലക്കത്തുഭവനം കുഞ്ചൻ സ്മാരകമാക്കി | 1978 | |
| 5. | ജി. വിവേകാനന്ദൻ ജന്മദിനം | 1923 | |
| | ചട്ടമ്പിസ്വാമികൾ ചരമദിനം | 1852 | 1924 |
| | കാറൽ മാർക്സ് ജന്മദിനം | 1818 | 1883 |
| | തേറമ്പിൽ ശങ്കുണ്ണിമേനോൻ ജന്മദിനം | 1910 | |
| | സി.കെ. കരീം ജന്മദിനം | 1929 | |
| | കെ.എം. ഡാനിയേൽ ജന്മദിനം | 1920 | |
| | വി.എസ്. ആൻഡ്രൂസ് ജന്മദിനം | 1872 | |
| 6. | വേലുത്തമ്പി ദളവ ജന്മദിനം | 1765 | |
| 7. | വിദ്വാൻ സി.എസ്. നായർ (ശങ്കുണ്ണിനായർ) ജന്മദിനം | 1894 | |
| | ജഗതി എൻ.കെ. ആചാരി ജന്മദിനം | 1924 | |
| 8. | വിദ്വാൻ സി.എസ്. നായർ (ശങ്കുണ്ണിനായർ) ചരമദിനം | 1894 | 1942 |
| | ഉള്ളൂർ സ്മാരകം (തിരുവനന്തപുരം)തുടങ്ങി | 1956 | |
| | ഭാഷാപോഷിണി സഭ തുടങ്ങി | 1891 | |
| | ലോക റെഡ്ക്രോസ് ദിനം | | |
| 9. | മേക്കൊല്ല പരമേശ്വരൻ പിള്ള ജന്മദിനം | 1907 | |
| | ടി.കെ. കൃഷ്ണമേനോൻ ചരമദിനം | 1869 | 1949 |
| 10. | വെണ്ണിക്കുളം ഗോപാലക്കുറുപ്പ് ജന്മദിനം | 1902 | |
| | ഒന്നാമത്തെ ഇന്ത്യൻ സ്വാതന്ത്ര്യസമരം ആരംഭം | 1857 | |
| | കുഞ്ഞുണ്ണിമാഷ് ജന്മദിനം | 1927 | 2006 |
| | പി.ഭാസ്കരൻ ജന്മദിനം | 1924 | 2007 |
| | എ.കെ.ലോഹിതദാസ് ജന്മദിനം | 1955 | 2009 |
| 11. | വൈലോപ്പിള്ളി ശ്രീധരമേനോൻ ജന്മദിനം | 1911 | 1985 |
| 12. | വി.എം. നായർ ചരമദിനം | 1896 | 1977 |
| | വിവേകോദയം (പത്രാധിപർ - കുമാരനാശാൻ) തുടങ്ങി | 1904 | |
| | കലാമണ്ഡലം കല്യാണിക്കുട്ടിയമ്മ ചരമദിനം | 1915 | 1999 |
| 13. | എൻ.വി. കൃഷ്ണവാരിയർ ജന്മദിനം | 1916 | |
| | മൊയ്യാരത്ത് ശങ്കരൻ ചരമദിനം | 1901 | 1948 |
| | വി.ആർ. കൃഷ്ണനെഴുത്തച്ഛൻ ചരമദിനം | 1909 | 2004 |
| | കടവിൽ ശശി ജന്മദിനം | 1946 | 2006 |
| 14. | നിത്യചൈതന്യയതി ചരമദിനം | 1924 | 1999 |
| | കുറ്റിപ്പുറത്ത് കിട്ടുണ്ണിനായർ ചരമദിനം | 1882 | 1959 |
| | വിഷ്ണുഭാരതീയൻ ചരമദിനം | 1891 | 1981 |
| | വിലാസിനി ചരമദിനം | 1928 | 1993 |
| | മൂർക്കോത്ത് കുഞ്ഞപ്പ ജന്മദിനം | 1905 | |
| 15. | വി.പി. ശിവകുമാർ ജന്മദിനം | 1947 | |
| | പി.സി. വാസുദേവൻ ഇളയത് ജന്മദിനം | 1910 | |
| | പി.ടി. അബ്ദുൾറഹിമാൻ ജന്മദിനം | 1940 | 2002 |
| 16. | സമകാലിക മലയാളം വാരിക തുടങ്ങി | 1997 | |
| 17. | ലോകവാർത്താവിനിമയദിനം | | |
| | ഇ.പി. സുഷമ ജന്മദിനം | 1964 | |
| | ചെങ്ങാരപ്പള്ളി നാരായണൻ പോറ്റി ചരമദിനം | 1917 | 1993 |
| | വാസ്ഗോഡഗാമ കാപ്പാട് (കോഴിക്കോട്) കപ്പലിറങ്ങി | 1498 | |
| | പ്രൊഫ. കെ.എസ്. നാരായണപ്പിള്ള ജന്മദിനം | 1930 | 2006 |
| 18. | ശ്രീശങ്കരജയന്തി | | |
| | എം.സി. അപ്പുണ്ണിനമ്പ്യാർ ജന്മദിനം | 1927 | |
| | ഒടുവിൽ കുഞ്ഞിക്കൃഷ്ണമേനോൻ ചരമദിനം | 1869 | 1916 |
| | ബർട്രാന്റ് റസ്സൽ ജന്മദിനം | 1872 | |
| 19. | സി.വി. രാമൻപിള്ള ജന്മദിനം | 1858 | |
| | വി. ഉണ്ണികൃഷ്ണൻ നായർ ചരമദിനം | 1893 | 1985 |
| | എം.പി. നാരായണപിള്ള ചരമദിനം | 1939 | 1998 |
| | അയ്യപ്പ് പാറമേൽ ചരമദിനം | | 2004 |
| | ഇ.കെ. നായനാർ ചരമദിനം | 1919 | 2004 |
| 20. | സിസ്റ്റർ മേരി ബനീഞ്ജ ചരമദിനം | 1901 | 1985 |
| | കെ. സുകുമാരൻ (മലബാർ) ജന്മദിനം | 1876 | |
| | കൊച്ചീപ്പൻ തരകൻ ചരമദിനം | 1861 | 1940 |
| | സർവ്വാധികാര്യക്കാർ പി. ഗോവിന്ദപിള്ള ജന്മദിനം | 1849 | |
| | മാത്യു എം. കുഴിവേലി ജന്മദിനം | 1905 | |
| | വിജ്ഞാനകൈരളി തുടങ്ങി | 1969 | |
| | പാപ്പനംകോട് പ്രഭാകരൻ ജന്മദിനം | 1931 | 2005 |
| | ശോഭന പരമേശ്വരൻനായർ ചരമദിനം | | 2009 |
| 21. | രാജീവ്ഗാന്ധി ചരമദിനം | | 1991 |
| | കെ.എൻ. എഴുത്തച്ഛൻ ജന്മദിനം | 1911 | |
| | ശ്രീമൂലനഗരം വിജയൻ ചരമദിനം | 1933 | 1992 |
| | ബാരിസ്റ്റർ ജി.പി. പിള്ള ചരമദിനം | 1864 | 1903 |
| 22. | പി. അനന്തൻ പിള്ള ചരമദിനം | 1886 | 1966 |
| | രാജാറാം മോഹൻ റായ് ജന്മദിനം | 1772 | |
| 23. | സി. കേശവൻ ജന്മദിനം | 1891 | |
| | പനമ്പിള്ളി ഗോവിന്ദമേനോൻ ചരമദിനം | 1908 | 1970 |
| | പി. പത്മരാജൻ ജന്മദിനം | 1945 | 1991 |
| 24. | മേലങ്ങത്ത് അച്യുതമേനോൻ ജന്മദിനം | 1887 | |
| | എം. ശേഷഗിരിപ്രഭു ചരമദിനം | 1855 | 1924 |
| | ടി.എൻ. ഗോപിനാഥൻ നായർ ചരമദിനം | 1918 | 1999 |
| | കോഴിക്കോട് ലോക്കൽ ലൈബ്രറി അതോറിറ്റി തുടങ്ങി | 1959 | |
| | ഇ. ബാലാനന്ദൻ ജന്മദിനം | 1924 | 2009 |
| 25. | കെ.പി. കറുപ്പൻ ജന്മദിനം | 1885 | |
| | സ്വദേശാഭിമാനി രാമകൃഷ്ണപിള്ള ജന്മദിനം | 1878 | |
| | കലാമണ്ഡലം കൃഷ്ണൻകുട്ടി പൊതുവാൾ ജന്മദിനം | 1924 | |
| | സി.ജി. ശാന്തകുമാർ ചരമദിനം | 1938 | 2006 |
| | പിണ്ടാണി എൻ.ബി.പിള്ള ചരമദിനം | 1929 | 2009 |
| | ഭരത് മുരളി ജന്മദിനം | 1954 | 2009 |
| 26. | ചെമ്പകരാമൻപിള്ള ചരമദിനം | 1891 | 1934 |
| 27. | ജവഹർലാൽ നെഹ്റു ചരമദിനം | 1889 | 1964 |
| | പി. കുഞ്ഞിരാമൻ നായർ ചരമദിനം | 1905 | 1978 |
| | കോട്ടയ്ക്കൽ പി.വി. കൃഷ്ണവാരിയർ ജന്മദിനം | 1877 | |
| | നിധീരിക്കൽ മാണിക്കത്തനാർ ജന്മദിനം | 1842 | |
| | ഐ.സി. ചാക്കോ ചരമദിനം | 1875 | 1966 |
| | ഐ.സി.പി. നമ്പൂതിരി ചരമദിനം | 1910 | 2001 |
| | മടവൂർഭാസി ജന്മദിനം | 1927 | 2007 |
| 28. | ഡോ. കെ.ജി. അടിയോടി ചരമദിനം | 1937 | 2001 |
| | മുട്ടത്തുവർക്കി ചരമദിനം | 1918 | 1989 |
| | മൊയ്തു പടിയത്ത് ജന്മദിനം | 1931 | |
| 29. | സി.എസ്. ഗോപാലപ്പണിക്കർ ജന്മദിനം | 1872 | |
| | വെട്ടം മാണി ചരമദിനം | 1921 | 1987 |
| | മനുഷ്യൻ ആദ്യമായി എവറസ്റ്റിൽ | 1953 | |
| 30. | മലയാറ്റൂർ രാമകൃഷ്ണൻ ജന്മദിനം | 1927 | |
| | മുൻഷി രാമക്കുറുപ്പ് ജന്മദിനം | 1848 | |
| | ഇടപ്പള്ളി രാഘവൻപിള്ള ജന്മദിനം | 1909 | |
| 31. | പുകയില വിരുദ്ധദിനം | | |
| | സി. അന്തപ്പായി ചരമദിനം | 1862 | 1936 |
| | കെ.സി.എസ്. പണിക്കർ ജന്മദിനം | 1911 | |
| | ഏറ്റുമാനൂർ ഗോപാലൻ ചരമദിനം | | 1996 |
| | കമലസുറയ്യ (മാധവിക്കുട്ടി) ചരമദിനം | 1934 | 2009 |

REGD. KL/CR/TCR/074/2009-11
2010 April
DATE OF POSTING: 29th of every month
Licensed to post without Pre-Payment at R.M.S.,Thrissur. LIC.No.KL/CR/TCR/WPP-12/2009-11
WebSite: keralasahityaakademi.org

SAHITYA CHAKRAVALAM
സാഹിത്യചക്രവാളം

RN 29418/76
വില 5.00 രൂപ
Book 35 No.7
PLACE OF POSTING: RMS THRISSUR

MALAYALAM
LITERARY SURVEY

Jan-March 2010 Issue

Special Issue on
**Contemporary Malayalam Novel**

The latest novels of M.Mukundan, P.Valsala, Sethu, Sara Joseph, Narayan, C.V.Balakrishnan, N.Prabhakaran, K.P.Ramanunni, T.D.Ramakrishnan and Ambikasuthan Mangad are analysed, explicated and critiqued by, among others, Asha Menon, K.P.Nirmalkumar, E.P.Rajagopalan, Shaji Jacob, K.E.N. and K.Kunjikrishnan.

*Buy, read & enjoy....*

An **English Quarterly** on Malayalam Literature, Language & Culture

MALAYALAM
LITERARY SURVEY

**Single copy Rs.25/-**
**Annual Subscription Rs.100/-**

കോപ്പികൾക്ക്:
The Secretary, Kerala Sahitya Akademi, Thrissur 680 020
Tel & Fax: 0487 2331069 E-mail: trc_sahitya@sancharnet.in, keralasahityaakademi@gmail.com

Edited,Printed and Published by Purushan Kadalundi for the Kerala Sahitya Akademi,Thrissur-680 020.
Phone & Fax 0487 2331069, E.mail: trc_sahitya@sancharnet.in, keralasahityaakademi@gmail.com
Printed at Santhi Bhavan Press, Thrissur.